# ഗുരുനാഥൻ.

UNIVERSITY LIBRARY
- 9 JULY 1932
MADRAS



| പുസ്തകം 11 | 1107 മീനം | ലക്കം 8 |
|---|---|---|



## ജീവിതസമുദ്രപ്രയാണം.

'ജീവിതം സമുദ്രപ്രയാണസദൃശമെന്ന് ഒരു തത്വജ്ഞാനി പറഞ്ഞിട്ടുണ്ട്. ആ കാലത്തു നാം നിരന്തരമായി പ്രയാണരംഗം മാററിക്കൊണ്ടിരിക്കുന്നു. ആദ്യമായി ബാല്യവും അടുത്തു് താരുണ്യവും തരണം ചെയ്യുന്നു. പരിപക്വമായ യുവദശയും പൌരുഷവും ഭുജിച്ച് അന്ത്യമായ വാൎദ്ധക്യത്തിൽ ശാന്തസുന്ദരമായ നിർവൃതിയിൽ വിലയവും പ്രാപിക്കുന്നു.' നിരന്തരമായി വ്യതിചലിക്കുന്ന തൃഷ്ണ, ബാഹ്യവസ്തുക്കളോടു ക്രമശഃ ഉൽഭൂതമാകുന്ന സ്വഭാവമാററം, കാലപ്രവാഹത്തോടൊത്തു് പ്രയാണത്തിൽ കാണിക്കുന്ന അനവധാനത, എന്നീ മനുഷ്യസ്ഥിതികളെക്കുറിച്ച് അസംഖ്യങ്ങളായ ചിന്താപരമ്പരകൾ ഈ തത്വജ്ഞാനിയുടെ അഭിപ്രായസ്മരണകൊണ്ടു എന്നിൽ അങ്കുരിച്ചു. ഈ മനോരാജ്യമദ്ധ്യേ ഞാൻ സ്വാപത്തിൽ നിർല്ലീനനായി. ബഹുജനങ്ങളുടെ ആരവഘോഷം, ആഹ്ലാദസൂചകമായ ധ്വനിപ്രവാഹം, ഭയാക്രാന്തമായ ദീനസ്വരം, വാത്യയുടെ ഫൂൽക്കാരം, ജലതരംഗങ്ങളുടെ സാന്ദ്രനിസ്വനം എന്നിവ ശ്രവണപുടങ്ങൾക്കു് ഉത്തരക്ഷണത്തിൽ വിഷയീഭവിച്ചു. മുഹൂർത്തമാത്രം എന്റെ അത്ഭുതപാരവശ്യം ജിജ്ഞാസയെ പരാഭവപ്പെടുത്തി. പക്ഷെ ക്ഷണേന മനോനിയന്ത്രണംചെയ്തു നാമെവിടെയ്ക്കാണു് യാത്രയെന്നും ഈ കോലാഹലത്തിന്റെ കാരണമെന്തെന്നും അന്വേഷിച്ചു. സംസാരസാഗരത്തിൽ നാം പ്രയാണം ചെയ്യുന്നു എന്നു് മനസ്സിലായി. പ്രാരംഭമായി ഒരു ജലസന്ധിയെ നാം തരണംചെയ്തിരിക്കുന്നു. അവിടെവച്ചു് അനവധി കപ്പൽ നശിച്ചു. ചില നൌകകൾ ബലഹീനങ്ങളും മററു ചിലവ ക്ഷണഭംഗുരങ്ങളുമായിരുന്നു. പക്ഷേ ഒരു ഭൂരിഭാഗവും നശിച്ചതു് അമരക്കാരന്റെ അജ്ഞത, അന്ധത, ഉദാസീനത എന്നിവകൊണ്ടത്രെ. ശേഷിച്ചവർ വാത്യാതരംഗങ്ങളുടെ അധീനത്തിൽമാത്രം സമുദ്രമദ്ധ്യേ അകപ്പെട്ടു. നേതൃത്വവും സംരക്ഷണവും ചെയ്തുകൊള്ളാമെന്നു വാഗ്ദാനംചെയ്യുന്ന നിരവധി ജനങ്ങളിൽനിന്നു നമ്മുടെ ഇച്ഛപോ

ലെ തിരഞ്ഞെടുത്ത് അവരോധിച്ചിരിക്കുന്ന നൗകനേതാവിൻെറ ശ്രദ്ധയൊന്നല്ലാതെ അന്യരക്ഷകളൊന്നും ഇനി നമുക്കില്ല.

ഞാൻ തൂഷ്ണീം വിവശനായി നാലുപാടുമൊന്നു നോക്കി. പ്രഥമമായി എൻെറ കണ്ണ് പുറംകാട്ടാണു തിരിഞ്ഞതു്. കുസുമാഢ്യമായ ഒരു ദ്വീപിൽക്കൂടി ചെറുകല്ലോലങ്ങളോടെ ഒഴുകുന്ന ഒരു കുല്യ ദൃശ്യമായി. അപ്പോൾ എൻെറകൂടെയുള്ള അധ്വഗന്മാരെല്ലാം അതിനെ ഭയനന്ദത്തോടെ വീക്ഷിക്കുന്നതും കണ്ടു ആ അരുവി പ്രക്ഷുബ്ധമൊ ഖരധ്വനിതമൊ അല്ലെങ്കിലും ത്വരിതഗതികൊണ്ടു ദ്വീപിനെ സ്പർശിച്ച മാത്രയിൽതന്നെ നൗകയെ വിദൂരമാക്കിച്ചെയ്തു. ഈ ദ്വീപിനിപ്പുറം സർവ്വം അന്ധകാരമയം. ആദ്യപ്രയാണംചെയ്ത തീരത്തിൻെറ സ്വഭാവമെന്തെന്ന് ഒരു പാന്ഥനും വർണ്ണിപ്പാൻ അശക്യംതന്നെ. എൻെറ മുൻപും പിൻപും ഇടവും വലവും സർവ്വത്ര ജലംതന്നെ. അതോ അത്യന്തംക്ഷോഭിച്ചുമിരിക്കുന്നു. അതിദൂരം ദർശിക്കുന്ന നേത്രങ്ങൾക്കുപോലും അടുത്തുനില്ക്കുന്ന ഒന്നിനെ കാണ്മാൻ അസാധ്യമെന്ന നിലയിൽ അവിടെ മൂടൽമഞ്ഞുമുണ്ടു്. അവിടം പാറകൾ നിറഞ്ഞതും ആവൎത്തപൂർണ്ണവുമെന്നു തോന്നുന്നു. കാററിൻെറ ആനുകൂല്യത്തെ വരിച്ചു ഓട്ടപായും നിവൎത്തി പിന്നിട്ടവരെ അപഹസിച്ചു മുന്നോട്ടുവന്ന പല കപ്പലും അവിചാരിതമായി അവിടെ മുങ്ങിത്താഴ്ന്നുപോയി. അപകടങ്ങൾ അത്ര വിപുലവും അന്ധകാരം അത്ര നിബിഡവുമായിരുന്നതുകൊണ്ടു് എത്ര ശ്രദ്ധിച്ചാലും രക്ഷ അസാധ്യമായിരുന്നു. ഇങ്ങിനെ ഇരുന്നിട്ടും മിഥ്യാ നിശ്ചായകബുദ്ധിയാൽ സഞ്ചാരികളെ ആവൎത്തഗൎത്തത്തിലേക്കു ആനയിച്ചും അവിവേക(ഭേദോപായ)ത്താൽ അവരെ പാറകളിൽ സംഘട്ടനം ചെയ്യിച്ചും നശിപ്പിക്കുന്ന പലരും ഈ കൂട്ടത്തിലുണ്ടു്.

പ്രവാഹഗതിയുടെ ശക്തി ന്യൂനാധികഭാവമുള്ളതല്ല. സുഖതരണക്ഷമവുമല്ല. എന്നാൽ ഗതിക്കു് എതിരായൊ പുറപ്പെട്ട ദിക്കിലേക്കുതിരിച്ചൊ യാത്രചെയ്വാൻ അസാധ്യമെങ്കിലും കൃത്യപാടവവും ധൈൎയ്യവും പ്രയോഗിച്ചു വിജയം നേടുവാൻ അസാധ്യമെന്നോണം പ്രവാഹശക്തി അത്ര ദുസ്തരമായിരുന്നില്ല. ആക്രമംതന്നെ ആപത്തിൽനിന്ന് ഒഴിഞ്ഞു സുഖംസുസാധ്യമല്ലെങ്കിലും കുടിലഗതിയായി പ്രയാണംചെയ്ത് ആപത്തൊഴിക്കാമെന്നു പലരും ആശിക്കുന്നു.

ശ്രദ്ധയൊ വിവേകമൊ സമഗ്രമായി സമ്പാദിച്ചു ചുക്കാൻ പിടിക്കുന്നതു് അത്ര സാധാരണമല്ല. സർവ്വസാധാരണമായി കാണുന്ന ഒരു മണ്ടത്തരമായി അവനവൻ സുരക്ഷിതനെന്നു അന്ധാളിച്ചുപോകുന്നു. അതേസമയത്തു് അവൻെറ ചുററും സഹപ്രവൎത്തകരിൽ പലരും കപ്പലുടഞ്ഞു നശിക്കുന്നതു കാണുന്നതുമുണ്ടു്. അവർ തരംഗസംപുടം ചെയ്യുമ്പോൾ ആ മുഹൂൎത്തത്തിൽതന്നെ അവരുടെ ഗതിയേയും അനവധാനതയേയും വിസ്മരിച്ചു

കളകയും ചെയ്യുന്നു. സമുദ്രപ്രയാണം പൂർവ്വാധികം സന്തോഷത്തോടെ പിന്നെയും തുടങ്ങുന്നു. സ്വയാനപാത്രത്തിന്റെ സുരക്ഷിതസ്ഥിതിയും, സ്വമിത്രത്തെ കബളീകരിച്ച വർത്തുളവക്ത്രകുഹരത്തെ സുഖവിനിർഗ്ഗമനം ചെയ്യാൻ ശക്തിയും ഉണ്ടെന്നു അഭിമാനിക്കുന്നു. ബന്ധുവിന്റെ യാനപാത്രത്തെ ശകലിതമാക്കി ചെയ്ത പാറയെ ഒഴിഞ്ഞുകൊള്ളാമെന്നും അവർ അഭിമാനിക്കാതിരിക്കുന്നില്ല. അത്രതന്നെയല്ല, ഒരുവന് നേരിട്ട അപകടവഴിയെ ഉപേക്ഷിച്ച് മറെറാന്നിനെ തുടരുവാനും ഇവന് ധൈര്യമില്ല. അല്പനേരത്തേക്കു വഴിമാററാമെന്നു വച്ചാൽതന്നെ അവന്റെ ചുക്കാൻപിടിത്തം മറക്കുകയും വിധിക്കു വശംവദനാകുകയും ചെയ്യുന്നു.

ഈ കർമ്മമൗഢ്യം അശ്രദ്ധാസിൽനിന്നോ അവരുടെ താല്ക്കാലികനിലയിൽ ഉള്ള ക്ഷീണത്തിൽനിന്നോ ഉത്ഭവിക്കുന്നതല്ല. ആപത്തോടണഞ്ഞ് ആമഗ്നരാകുമ്പോൾ സഹപ്രവർത്തകരെ സഹായാർത്ഥം മുക്തകണ്ഠം വിളിച്ചു വിലപിക്കാതിരിക്കുന്നില്ല. പക്ഷെ ഈ അവസരത്തിൽ യാതൊരു സഹായവും സാദ്ധ്യമല്ല. സ്വമാർഗ്ഗത്തെ അഭിമുഖീകരിച്ച് അപകടത്തിൽ അകപ്പെട്ടുപോകരുതെന്ന് അന്ത്യമുഹൂർത്തത്തിൽ മററുള്ളവരെ ഉൽഘോഷിക്കുന്നവരും പലരുണ്ട്. അവരുടെ നന്മനസ്സിനെ ചിലപ്പോൾ സ്തുതിക്കാറുണ്ടെങ്കിലും ഉപദേശങ്ങളെ ഒരിക്കലും സ്വീകരിക്കുന്നില്ല.

ഞങ്ങൾ പ്രയാണംചെയ്ത വാഹനങ്ങൾ പ്രക്ഷുബ്ധജലാശയത്തോട് സാപേക്ഷയാ അതുല്യങ്ങളാണ്. ദീർഘയാത്രാശ്രമംകൊണ്ട് അവയ്ക്കു പഴക്കവും പററിയിരിക്കുന്നു. അനുക്രമദശാപരിണാമത്താലും നൈരന്തര്യനയുള്ള നിർന്നിമിഷേതയാലും യാത്രാവസരം എത്രതന്നെ ദീർഘിപ്പിക്കാമെങ്കിലും അന്ത്യമായി വിലയം വരുമെന്നതു നിശ്ചയംതന്നെ.

ഈ അനിവാര്യവിലയം പ്രസന്നരെ മ്ലാനരും, ധീരരെ ഭീരുക്കളും ആക്കിവെക്കാം. ദുർഭഗരേയും, ഭീരുക്കളേയും സദാ സന്തപ്തരും, തങ്ങളുടെ കർമ്മത്തിനു പാരിതോഷികമായി പ്രകൃതിദത്തമായ ചാരിതാർത്ഥ്യത്തേയൊ, അതിന്റെ വൈവിധ്യമനോഹരതയെയൊ, അനുഭവിക്കുന്നതിനു സംഗതിയില്ലാത്തവരും ആക്കിത്തീർക്കുന്നു. സമുദ്രം ഭീകരമെന്നു തോന്നിയവരേക്കാൾ ഒട്ടും കുറവല്ലാത്ത നാശം തങ്ങൾക്കും സംപ്രാപ്തമെന്ന് അവരുറച്ചിരുന്നു. അവർ എല്ലാവരും ഈ ആപത്തിൽനിന്നു തങ്ങളെ മറക്കുന്ന കലാപട്ടക്കളായിരുന്നു. സാധ്വബാധം ചെയ്തിരിക്കുന്ന ഭയങ്കരനിലയെ സംവീക്ഷണംചെയ്യാൻ അശക്തരായ ചിലർ ഒരിക്കലും മുന്നോട്ടുനോക്കാറില്ല. താല്ക്കാലികമായി ചില വിനോദങ്ങളിൽ ഏർപ്പെടുന്നു. ആശയെന്ന മിത്രത്തോടൊന്നിച്ച് ഇവർ കളിയാടുന്നു. സാഗരതരണാവസരത്തിൽ സർവ്വർക്കും ഒരു നിയതമിത്രം ആശ ഒന്നു മാത്രമാണ്.

സർവ്വാത്മനാ അനുകൂലഭാവം നടിക്കുന്ന ആശ ഒരുവൻെറ പരിത്രാണനമല്ല, വിനാശംതന്നെയാണ് വാഗ്ദാനം ചെയ്യുന്നതു്. മററുള്ളവർ ഈ വാഗ്ദാനത്തെ വിശ്വസിച്ചപ്പോൾ അവരെ സഹാസ്യം സംവീക്ഷിച്ചു ഇവൻ ഈ ഉറപ്പിന്മേൽതന്നെ ചരിതാർത്ഥനാകുന്നു. തൻെറ കൂട്ടുകാരുടെ മിഥ്യാനിശ്ചായകബുദ്ധിയെ ഓർത്തു് ആശ അവരെ പരിഹസിക്കുന്നു. യാനപാത്രങ്ങളുടെ ഉപയോഗശൂന്യത വർദ്ധിക്കുന്തോറും ആശ രക്ഷാവ്യവസ്ഥകളെ ദൃഢീകരിക്കുന്നു. അപ്രതിരോദ്ധ്യമായ നാശത്തോട് ഏററവും അടുത്തിരിക്കുന്നവരോളം മററുള്ളവർ ഒരു ദീർഘയാത്രക്കു വേണ്ട സാധനസംഭരണം ചെയ്തുകാണുന്നില്ല.

ഈ മഹാസമുദ്രമദ്ധ്യേ അതിവിപുലമായ ഒരു ഭയങ്കരനീർച്ചുഴിയുണ്ടു്. അതിനു ഭോഗമെന്നത്രെ പേർ പറയുന്നതു്. പാറകൾ നിറഞ്ഞ ആ പ്രദേശത്തു് കൂത്തു് മൂർച്ചയുള്ള ഭാഗം ജലനിമഗ്നമാണ്. ദലകുസുമങ്ങളെക്കൊണ്ടു് ആവൃതമായ മുകൾഭാഗത്തു് പഥികനെ സുഖസ്വാപത്തിനായി വിശ്രമം ക്ഷണിക്കുന്നു. അവിടെയുള്ള വൃക്ഷഛായയിൽ ഇരുന്നു സുമധുരഗാനങ്ങളെക്കൊണ്ടു് യാത്രക്കാരെ സുഖം ആഹ്വാനം ചെയ്യുന്നു. സമുദ്രയാത്രചെയ്യുന്ന ഓരോരുത്തനും ഈ പാറക്കൂട്ടത്തെ സമീപിക്കുന്നതിനു നിർബന്ധിതനാണ്. പഥികരെ ഒരു ഇടുങ്ങിയ വഴിയിൽക്കൂടി നയിച്ചു് ആപത്തിൽ പെടുത്താതെ സംരക്ഷിച്ചുകൊള്ളാമെന്നു് വിവേകം ഉറപ്പുകൊടുക്കുന്നുണ്ടു്. പക്ഷേ സുഖത്തിൻെറ ക്ഷണം അനുസരിച്ചു് അവിടെ എത്തി അല്പം വിശ്രമിച്ചതിനുശേഷം അവിടെയുള്ള ഫ്ണാഭോഗങ്ങൾ ആസ്വദിച്ചിട്ടു് ഇതരവ്യതിയാനങ്ങൾ ഒന്നും കൂടാതെ ഗതി തുടരുന്നതിനു വിവേകം വാഗ്ദാനം ചെയ്തല്ലാതെ അതിൻെറ യാതൊരപേക്ഷയും കൈക്കൊണ്ടു ചുക്കാനേല്പിക്കുന്നതിന് അവർക്കു സമ്മതമുണ്ടായിരുന്നില്ല.

ഈ വാഗ്ദാനങ്ങളാൽ വിവേകം ഭോഗത്തിൻെറ പരിധിയോളം കൃത്യനിർവ്വഹണം ചെയ്വാൻ നിർബന്ധിതനായി. അവിടെ ജലത്തിൻെറ ചക്രഭ്രമണം ശക്തിഹീനമെങ്കിലും നൗകയ്ക്കു ഗതിഭ്രംശമുണ്ടായി ആവർത്തകേന്ദ്രത്തിലേക്ക് അറിയാതെതന്നെ നിപതിച്ചുപോയി. വിവേകം പാശ്ചാത്താപത്തോടെ സ്വശക്തി മുഴുവനും പ്രയോഗിച്ചു് പിൻതിരിവാൻ ശ്രമിച്ചു. നീർച്ചുഴിയുടെ ഉൾവലിവു് അജയ്യശക്തിയോടെ പ്രവർത്തിച്ചിരുന്നു. ഉന്മാദംകൊണ്ടു് കുതുകിയായ പഥികൻ ആഹ്ലാദനൃത്തം ചെയ്തു ഒടുവിൽ നാശഗർത്തത്തിൽ പതിച്ചു. ആപത്തിൽനിന്നും വിവേകസഹായത്താൽ രക്ഷപെട്ട അപൂർവ്വം ചില സുഖാശ്മശൃംഗങ്ങളിൽനിന്നു പററിയ താഡനം കൊണ്ടു് പൂർവ്വശക്തിയോ സാമർത്ഥ്യമൊ കൂടാതെ മുന്നോട്ടു ഗതിതുടരുന്നു. മന്ദവാതത്തിൽ അലഞ്ഞും ചെറുകല്ലോലങ്ങളിൽ ഉലഞ്ഞും ബലഹീനതയോടും ഭയചഞ്ചലതയോടും മുന്നോട്ടുപോകുന്ന ആ നൗക ദീർഘസംരംഭ

ങ്ങളിൽ പെട്ടും പരിണാമരമ്യതക്ക് പല കൗശലങ്ങളും ചിന്തിച്ചും സ്വാപരാധങ്ങളെക്കുറിച്ച് പശ്ചാത്തപിച്ചും അമിതഭോഗത്തോടു സമീപിക്കുന്നവരെ ഹിതോപദേശം ചെയ്തു രക്ഷിപ്പാൻ ശ്രമിച്ചും മന്ദമന്ദമായി സമുദ്രത്തിൽ മുങ്ങി വിലയം പ്രാപിക്കുന്നു.

സുഖോപലങ്ങളിൽ അടിച്ച് പൊളിഞ്ഞ കപ്പലുകളുടെ കേടുകളെ തീർക്കുന്നതിനും പിളർപ്പുകളെ മൂടുന്നതിനും സമർത്ഥരെന്നു അഭിമാനിക്കുന്ന ഒരുവക കലാകുശലികൾ ധാരാളമുണ്ട്. ഇവരിൽ പലരും സ്വപാടവത്തിൽ അത്യന്തവിശ്വാസമുള്ളവരായി കാണപ്പെടുന്നു. ഒററ അടി മാത്രം കൊണ്ട് ചിലതിനെ നാശത്തിൽനിന്നു രക്ഷിച്ചു എന്നു വന്നേക്കാം. കേടുപോക്കുവാൻ അധികശ്രമം ചെയ്ത ഒരു കപ്പലും നീണ്ടാൾ നിലനിന്നിട്ടില്ല. വിദഗ്ദ്ധസഹായത്തെ അശേഷവും അപേക്ഷിക്കാത്ത പലതും വിദഗ്ദ്ധരേക്കാൾ അധികം ജീവിച്ചിരുന്നു.

ജീവിതയാത്രയിൽ അനവധാനതയെ അപേക്ഷിച്ച് വിവേകത്തെ ആശ്രയിച്ചവക്കുള്ള ഒററ ഗുണം ദീർഘകാലം നിലനിന്നു പെട്ടെന്നു നശിച്ചു എന്നു മാത്രമാണ്. ബാല്യമാകുന്നകടലിടുക്കിൽ കൂടി ഒന്നിച്ചുപ്രയാണം ചെയ്ത പലരും വഴിയിൽ വച്ച് വിലയം പ്രാപിക്കുന്നത് ചിലപ്പോൾ കാണ്മാൻ ഇടവന്നിട്ടുണ്ടെങ്കിലും വിവേകം മുന്നോട്ടുതന്നെ പോയി ഒടുവിൽ ഒരു പാർശ്വവാതത്താൽ സ്ഥിതിഭ്രംശം വന്നു എങ്കിലും അതിനോടമരടിക്കാതെയും ആശകൊണ്ട് കലുഷമാകാതെയും അന്ത്യസ്ഥാനം പ്രാപിക്കുന്നു. വളരെ ക്ലേശങ്ങൾ അനുഭവിച്ചും, ജലത്തോടു ദീർഘസമരം ചെയ്തും ആശാപല്യം അനുഭാവം കാണിക്കാത്ത പല കർമ്മങ്ങളനുഷ്ഠിച്ചും സുഖം എന്ന പാറയിൽ അടിച്ചു പിളന്നു കപ്പൽ നിപതിച്ചു അവസാനിച്ചു.

എന്നെ ചുററിയിരിക്കുന്ന ജീവരാശിയുടെ വിധിവിലാസത്തെ നോക്കിക്കൊണ്ടിരിക്കുമ്പോൾ അജ്ഞാതമായ ഒരു ദിവ്യശക്തിയുടെ പ്രബോധത്താൽ ഞാൻ ഉൽബുദ്ധനായി. "നീതന്നെ മുങ്ങാനടുത്തിരിക്കുന്നു. ഈ അവസരത്തിൽ മററുള്ളവരെ ഉദാസീനമായി വീക്ഷിച്ച് സമയവ്യയം ചെയ്യുന്നുവോ? നീയും അവരും ഈ 'വിഷമ'ഘട്ടത്തിൽ "സമസ്ഥിതരായിരിക്കെ ഈ 'കശ്മലമനോഭാവം' എവിടെനിന്നു 'സംപ്രാപ്തമായി'. ഞാൻ സൂക്ഷിച്ചു; എൻെറ മുമ്പിൽ അമിതഭോഗത്തം പ്രത്യക്ഷപ്പെട്ടു. ഞാൻ ഞെട്ടിയുണന്നു.

# ഭ്രമം.

(ചേലന്നാട്ട് അച്യുതമേനോൻ ബി. എ.)

തേടിയതൊക്കെയുംതിന്മയായ് വന്നിതു
പാടിയതൊന്നുമെപാട്ടല്ലാതായ്.
നാടെന്നറിഞ്ഞതുകാടായിക്കണ്ടിതു
വീടെന്നുറച്ചതുവിശപമായി.
ദേവിയെത്തേടുന്നു,കാണുന്നതത്രയും
ദേവിതൻബിംബങ്ങളാണുതാനും!
കാറണിക്കൂന്തലുംതാരൊളിമേനിയും
ക്രൂരുണന്നപ്പഴെകാണാതായി
നെററിചുളിച്ചപ്പോൾകുററമെന്തോകണ്ടു
പററിയതപ്പുറംപ്രേമമല്ലോ.
ഞാനാരാധിപ്പതുതാനേറിക്കാണേണ്ട
താനേവരുന്നോരീമാത്സര്യവും
കാരണമൊന്നിലടിയുറച്ചീടുന്നു
ധാരണമാത്രമെമാറുന്നുള്ളു.
“ഞാനുമീതാനുമേ”പൂജിക്കുംവസ്തുവേവാ
ന്നുനമീസാഹസംകാണുന്നില്ലേ.?
മിന്നുന്നതെല്ലാമെപൊന്നായിടുന്നില്ല
പൊന്നിനുംമാററുകുറഞ്ഞീടുന്നു.
മന്നിനാൽപൊന്നുമ,പ്പൊന്നിനാൽമന്നുമെ–
ന്നന്നിനടക്കുമ്പോൾരണ്ടുമില്ല.
മാനുഷ,നിന്മനോരാജ്യത്തിലിങ്ങിനെ
നാനാവിധംഭ്രമമെത്രകാണും.

# അഭ്യസനത്തിൽ
# സന്നദ്ധതക്കുള്ള സ്ഥാനമെന്ത്?

(ഒരു അദ്ധ്യാപകവിദഗ്ദ്ധൻ)

എനിക്കു നല്ലപോലെ വിശക്കുന്നുണ്ട്. ആഹാരം തയാറായിട്ടുമുണ്ട്. ഈ അവസരത്തിൽ എന്തെങ്കിലുമൊന്ന് വായിച്ചുകളയാമെന്നു വിചാരിക്കുമോ? ഇല്ല. ഉണ്ണുവാനൊരുക്കമാണോ? അതെ. 'ഉണ്ണുവാൻ കാലമായി' എന്നു കേൾപ്പാൻ സന്നദ്ധതയോടെയാണ് എൻെറ ഇരിപ്പ്. ഈ വാക്കു കേൾക്കുന്ന മാത്രയിൽ ഞാൻ ആ സ്ഥലത്തേക്കു പുറപ്പെടുന്നതാണ്. ആഹാരത്തിന് അത്ര അഭിരുചിയുണ്ട്. സുഖമായി ആഹരിച്ചു കഴിഞ്ഞാൽ പിന്നെയീ മോഹം അപ്പോൾ തന്നെ ഉണ്ടോ? ഇല്ല. അപ്പോൾ അതിനു സന്നദ്ധതയില്ല. ആഹാരത്തിനു മുമ്പ് ഭക്ഷണത്തോടുള്ള ബന്ധം സന്നദ്ധമായിരുന്നു. അതു കഴിഞ്ഞപ്പോൾ അതു ശിഥിലമായി.

ഒരു ഓട്ടപ്പരീക്ഷയ്ക്കു ഏതാനും കുട്ടികളെ ഒരേ വരിയിൽ നിറുത്തുക. അവർ അടയാളവാക്കു കേൾപ്പാൻ സന്നദ്ധരായി നിൽക്കുന്നു. അടയാളവാക്കിനു മുമ്പു തന്നെ ഒരു കുട്ടി മുന്നോട്ടു ചാടി. കാരണമെന്താണ്? അടയാള വാക്കു കേട്ടു എന്നുതോന്നത്തക്കവണ്ണം അവൻ അത്ര സന്നദ്ധനായിരുന്നു നാമെല്ലാം ഈ സമ്പ്രദായം ശീലിച്ചിട്ടുള്ളവരാണ്. നാം ഏതെങ്കിലുമൊന്നു ചെയ്യാൻ സന്നദ്ധരെങ്കിൽ ചെറുതായ ഒരു പ്രേരണകൊണ്ട് അതിൽ പ്രവത്തിക്കുന്നു. സന്നദ്ധതയുടെ ന്യൂനാധികഭാവം പ്രേരകശക്തയേയും ആ അനുപാതത്തിൽ ബാധിക്കുന്നതാണ്.

ഞാൻ അഭിവാദ്യം ചെയ്യുമെന്ന് ഉറപ്പുള്ള ഒരാൾ എതിരെ വരുന്നു. ഞാൻ എന്തോ സംഗതിവശാൽ അങ്ങിനെ ചെയ്തില്ലെങ്കിലും അദ്ദേഹം എന്നെ പ്രത്യഭിവന്ദനം ചെയ്തു പോകുന്നു. എന്നിൽ നിന്നുണ്ടാകുമെന്നു പ്രതീക്ഷിച്ച അഭിവാദ്യം ഉടനടി പ്രതികരിക്കേണ്ട ഒരു സ്ഥിതിയിൽ അദ്ദേഹത്തെ സന്നദ്ധനാക്കിയതു കൊണ്ടു മാത്രം അങ്ങിനെ സംഭവിച്ചതാണ്.

അത്യാവശ്യമായി ഒരു ജോലി ചെയ്തു കൊണ്ടിരിക്കുന്ന ഒരുവനെ കഥാശ്രവണത്തിനു ക്ഷണിച്ചാൽ അവൻ അതിനൊരുങ്ങുമോ? ഒരിക്കലുമില്ല. അങ്ങിനെ ചെയ്യാൻ നിർബന്ധിച്ചാൽ അവന് അതിൽ വെറുപ്പു തോന്നുന്നതായിരിക്കും. അവൻെറ മനസ്ഥിതി ജോലിചെയ്യുന്നതിന് സന്നദ്ധമായിരിക്കുന്നു, അതിനു അനുവദിക്കാതെ അസന്നദ്ധമായ ഒന്നിൽ പ്രവത്തി

ക്കുന്നതിനു നിർബന്ധിച്ചാൽ അസംതൃപ്തി നിശ്ചയമായി ഉണ്ടാകുന്നതാണ്,

സംതൃപ്തിയും വെറുപ്പും അഭ്യസനത്തിനു സാധകമായും ബാധകമായും വരുന്നതു നാമറിഞ്ഞതല്ലോ? സന്നദ്ധതയും സംതൃപ്തിയും തമ്മിലുള്ള ബന്ധത്തെ ഇങ്ങിനെ പറയാം. ഏതെങ്കിലും ഒരു മാൎഗ്ഗത്തിൽ നാം ഒന്നു ചെയ്വാൻ സന്നദ്ധനായാൽ ആവൃത്തി നമുക്കു സന്തുഷ്ടിയെ പ്രദാനം ചെയ്യുന്നു. ആവൃത്തിയിൽ നിന്നു നാം നിരോധിക്കപ്പെട്ടാൽ അസംതൃപ്തരുമാകും. സന്നദ്ധതയില്ലാതിരിക്കുമ്പോൾ ഒന്നു ചെയ്വാൻ നിർബന്ധിതനായാലും വെറുപ്പുണ്ടാകുമെന്നതു നിശ്ചയം തന്നെ. സന്നദ്ധത സംതൃപ്തിയേയും വെറുപ്പിനേയും ഉളവാക്കുന്നു. സംതൃപ്തിയും വെറുപ്പും അഭ്യസനത്തെയും സ്പർശിക്കുന്നു. ഈ വിധത്തിൽ അഭ്യസനത്തിനു സന്നദ്ധത ആവശ്യമത്രെ. എല്ലാവിധ അഭ്യസനത്തിനും ഈ പരമാൎത്ഥം സ്വീകാൎയ്യമാണ്, സിരാചക്രത്തിൽ സാധിക്കേണ്ട ഈ സന്നദ്ധത അനുപേക്ഷണീയം തന്നെ.

അദ്ധ്യേതാക്കൾ സംഗതികളെ ഗ്രഹിക്കുന്നതിനു സന്നദ്ധരാകുന്നതിനു മുമ്പു അറിവിനെ പ്രദൎശിപ്പാൻ അദ്ധ്യാപകന്മാർ സാധാരണയായി ഒരുങ്ങിക്കാണുന്നു. ചിലപ്പോൾ കുട്ടികളുടെ സന്നദ്ധതാബുദ്ധി അവസാനിക്കുമ്പോഴും ആശയപ്രദൎശനം ചെയ്യാറുണ്ട്. മനശ്ശാസ്ത്രസിദ്ധാന്തമനുസരിച്ച് വിദ്യാൎത്ഥികളുടെ സന്നദ്ധതയെ പ്രതീക്ഷിക്കയല്ല, അദ്ധ്യാപകസൗകൎയ്യത്തിന്റെ ആനുപൂൎവ്വികബന്ധത്തെയത്രെ ഇന്നു പ്രധാനമായി ഗണിച്ചു പോരുന്നതു്. അദ്ധ്യാപകന് യുക്തമെന്നു തോന്നുന്ന ഒരവസരം അദ്ധ്യേതാവിന് അങ്ങിനെ അല്ലന്നു വന്നേക്കാം. അദ്ധ്യാപകസന്നദ്ധതയല്ല, അദ്ധ്യേതൃസന്നദ്ധതയാണ് അദ്ധ്യയനോചിതഘടകമെന്നു എല്ലാവരും ധരിച്ചിരിക്കണം. കുട്ടികൾ ചെയ്യുന്ന പ്രശ്നം അവരുടെ ആശയഗ്രഹണസന്നദ്ധതയെ വ്യഞ്ജിപ്പിക്കുന്നു. വിദ്യാൎത്ഥികളുടെ പ്രശ്നങ്ങളെ ഉചിതസമാധാനം കൊണ്ടു അവർ കേൾക്കുവാൻ സന്നദ്ധരായിരിക്കുമ്പോൾ തൃപ്തിപ്പെടുത്തുന്ന സമ്പ്രദായം ഇന്നു എത്ര സ്കൂളിൽ നടത്തുന്നുണ്ടു്? പൂൎവ്വപക്ഷം ചെയ്വാൻ തന്നെ അനുവദിക്കുന്ന പാഠശാലകളുണ്ടോ?

വിദ്യാൎത്ഥികൾ ചരിത്രപഠനത്തിനു സന്നദ്ധമാകുമ്പോൾ അതു അഭ്യസിപ്പിച്ചാൽ അവൎക്കു സംതൃപ്തിയുണ്ടാകുന്നു.

ഈ സംതൃപ്തി അവരുടെ അഭ്യസനത്തെ ബലിഷ്ഠവും ക്ഷണസാദ്ധ്യവുമാക്കുന്നതാണ്. "വിദ്യാൎത്ഥികൾ എന്തു ചെയ്വാൻ സന്നദ്ധരാണു്. അവരുടെ സന്നദ്ധതയ്ക്കു അനുയോജ്യമായി ഞാൻ എന്തെല്ലാം പ്രവൎത്തിക്കുന്നു. അവർ സന്നദ്ധരല്ലാതിരിക്കുന്ന അവസരത്തിൽ എന്തെല്ലാം ചെയ്വാൻ ഞാൻ ശ്രമിച്ചു. അവരുടെ സന്നദ്ധതയെ അനുകൂലിച്ചു എങ്ങിനെ ഒരു

അദ്ധ്യയനപരിപാടിനിർമ്മിക്കും." എന്നീപ്രശ്നങ്ങൾ അദ്ധ്യാപകന്മാർ തന്നത്താനാലോചിച്ചു നിർണ്ണയിക്കേണ്ടതാണ്.

9 JULY 1932 MADRAS

# പണ്ടത്തെ പട്ടാഭിഷേകം.

(സി. പി. ഗോവിന്ദപ്പിള്ള. എം. ആർ. എ. എസ്സ്)

ഇന്നത്തെ വൈദ്യനും വക്കീലും നാളത്തെ സചിവനും സാമ്രാജ്യനാഥനുമാകുന്ന രാജ്യങ്ങളിൽ രാജത്വത്തിനുള്ള മേന്മയല്ലാ ഭാരതത്തിനുള്ളതു്. ഇവിടെ രാജാവിന് അമാനുഷമായ ഒരു പ്രാഭവം ഉള്ളതായി ഒരു വിശ്വാസം പ്രജകളുടെയിടയിൽ പണ്ടുപണ്ടേയുണ്ടു്. ലോകരക്ഷ മഹാവിഷ്ണുവിന്റെ ധർമ്മമാകയാൽ ആ ധർമ്മം നിർവ്വഹിക്കുന്നവനെ വിഷ്ണ്വംശജനായി ഹിന്ദുക്കൾ കരുതുന്നു. ഇതിനാലായിരിക്കണം പട്ടാഭിഷേകം ആന്തരമായ മാഹാത്മ്യമുള്ള ഒരു കർമ്മമായിത്തീർന്നതു്. ഇതരഖണ്ഡങ്ങളിൽ അസാധാരണ ചടങ്ങുകളോടു കൂടിയ ഒരു മഹാമഹമായിട്ടേ ഇതിനെ ഗണിക്കുന്നുള്ളു. പ്രജകൾക്കു പ്രകൃത്യാ ഉള്ള അവകാശബോധത്തിന്റെ പ്രാബല്യവും ആ കാരണത്താൽ സ്ഥിതിസ്ഥാപകപ്രസ്ഥാനങ്ങളുടെ പ്രചാരവും ഉണ്ടായതോടുകൂടി പട്ടാഭിഷേകോത്സവത്തിന്റെ മതവിഷയകമായ മാഹാത്മ്യത്തിനു ഉടവുവന്നിട്ടുണ്ടു്. ട്യൂട്ടൺവർഗ്ഗക്കാരുടെ ചില ആചാരങ്ങളും ക്രിസ്തുമതസ്ഥാപനാനന്തരം കൂട്ടിച്ചേർത്ത അനുഗ്രഹപ്രാർത്ഥനകളും സംയോജിച്ചിട്ടുള്ള ഒരു ചട്ടത്തിന്റെ വികാസരൂപമായിരിക്കണം ഇപ്പോൾ ഇംഗ്ലണ്ടിലും മററും നടന്നുപോരുന്നതു്. ഈ അനുഗ്രഹപ്രാർത്ഥന വിശുദ്ധവേദഗ്രന്ഥത്തിലെ പഴയ നിയമത്തെ ആദരിച്ചു് ഉണ്ടായതായിരിക്കാനാണു ന്യായം. തൈലച്ചാർത്തു കിരീടധാരണം എന്നിവയെക്കുറിച്ചു പഴയ നിയമത്തിൽ പലേടത്തും സൂചിപ്പിക്കുന്നു. എന്നല്ല ഈ സ്നേഹസേചനത്തിനു പ്രത്യേകം പ്രാധാന്യമാണു് കല്പിക്കുന്നതു്. ഇതിനു ദിവ്യശക്തിയുള്ളതായിട്ടാണു് വിശ്വാസം. അങ്ങനെ രാജാവു വിശുദ്ധനും വിശിഷ്ടനുമായി ഭവിക്കുന്നു.

ഇതിനു സമാനമായി അഭിഷേകകർമ്മം ഹൈന്ദവരാജപട്ടാഭിഷേകകർമ്മങ്ങളിലുണ്ടു്. സമുദ്രം വിശുദ്ധനദികൾ എന്നിവയിൽ നിന്നു കോരിക്കൊണ്ടുവരുന്ന ജലഭേദങ്ങളും ക്ഷീരവും, ദധി, ആജ്യം, മധു ഇത്യാദിയും ആ

ഭിഷേകത്തിനുപയോഗിച്ചുപോരുന്നു. ഇവയെ മന്ത്രപുരസ്സരം ശുദ്ധീകരിച്ചു നാലുപാത്രങ്ങളിൽ പകരുന്നു. അനന്തരം രാജാവിനെ പ്രത്യേകംസന്നദ്ധമാക്കിയ ഒരു പീഠത്തിന്മേലിരുത്തി ഒരുബ്രാഹ്മണൻ ഈ തീർത്ഥകണങ്ങൾ രാജശിരസ്സിൽ വർഷിക്കുന്നു. ഇങ്ങനെ ചാതുർവ്വർണ്ണങ്ങളുടേയും പ്രതിനിധികൾ വെവ്വേറെ പാത്രങ്ങളിൽ നിന്ന് ഏതാനും തീർത്ഥം തളിച്ച് രാജാവിനെ സംഭാവനംചെയ്യുന്നു. യുധിഷ്ഠിരചക്രവർത്തിയുടെ പട്ടാഭിഷേകത്തിന് ശ്രീകൃഷ്ണന്റെ ആജ്ഞയനുസരിച്ച് എല്ലാ പ്രജകളും അഭിഷേകകർമ്മം നിർവ്വഹിച്ചതായി മഹാഭാരതം ശാന്തിപർവ്വത്തിൽ പ്രസ്താവിക്കുന്നുണ്ട്. രാമായണത്തിലെ ഒരുഭാഗം അല്പം ചിലഭേദങ്ങളോടുകൂടിയാണെങ്കിലും ഈ ഭാഗത്തെ വ്യക്തമാക്കുന്നതാകയാൽ ചുവടെ കുറിക്കുന്നു.

"രാമാഭിഷേകത്തിന്നോതി വിട്ടാലുംദ്രുതരെ! പ്രഭോ
നാലുപൊന്നിൻകുടംനാലു വാനരോത്തമർതൻവശം
ആസ്സുഗ്രീവനുടൻനല്കി സർവ്വരത്നവിഭൂഷിതം
നേരംവെളുക്കുമ്പോഴേയ്ക്കും നാലാഴികളിലേജ്ജലം
നിറച്ചുകുടമോടിങ്ങു കാത്തുനില്പിൻപ്ലവംഗരെ!
എന്നുകേട്ടുമഹാത്മാക്കൾ ആനപോലുള്ള വാനരർ
ചാടിനാർവാനിലേക്കാശു താർക്ഷ്യരെപ്പോലെയാശുഗർ
ജാംബവാനും ഹനുമാനും വാനരൻവേഗദർശിയും
കൊണ്ടുവന്നാർഋഷഭനും തണ്ണീർനിറകുടങ്ങളെ
അഞ്ഞൂറാററിലെഴുംനീരു മെത്തിച്ചിതുകുടങ്ങളിൽ
കിഴക്കൻകടലിൻതണ്ണീർ കുടത്തിൽകൊണ്ടുവന്നതെ
സുഷേണനും കരുത്തുള്ളോൻ രത്നമെല്ലാമണിഞ്ഞതിൽ
തെക്കേക്കടലിലെത്തണ്ണി രെത്തിച്ചാനൃഷഭൻദ്രുതം
വെഞ്ചന്ദനക്കൊമ്പുകളാൽ മൂടിയിട്ടുംപൊൻകുടത്തിലായ്
പടിഞ്ഞാറെവൻകടലിൽ നിന്നെത്തിച്ചു കുളുത്തനീർ
വലുതാംരത്നകുംഭത്തിൽ ഗ്ഗവയൻവായുവിക്രമൻ
വടക്കേതിൻജലമുടൻ ഗരുഡാനിലവിക്രമൻ
എത്തിച്ചുധർമ്മപരനാ നളൻസർവ്വഗുണാന്വിതൻ
ആവാനരേന്ദ്രരാത്തണ്ണീർ കൊണ്ടുവന്നതുകണ്ടുടൻ
രാമന്റെയഭിഷേകാർത്ഥം ശത്രുഘ്നൻമന്ത്രിമാരുമായ്
നല്ലവാദ്ധ്യായനൊടുംക്രൂറവു കാരോടുമറിയിച്ചുതെ
പിന്നെശ്രദ്ധയോടാവൃദ്ധൻ വസിഷ്ഠൻബ്രാഹ്മണാന്വിതൻ
ഇരുത്തിരത്നപീഠത്തിൽ സ്സീതയോടൊത്തുരാമനെ."

രാമപട്ടാഭിഷേകാവസരത്തിൽ കുലഗുരുവായ വസിഷ്ഠമഹർഷിയുടേയും യുധിഷ്ഠിരപട്ടാഭിഷേകത്തിൽ ധൗമ്യന്റേയും കൃത്യങ്ങൾ ഇംഗ്ലാണ്ടിലെ രാജകിരീ

ടധാരണോത്സവത്തിൽ കാൻറർബറിയിലെ ആർച്ച് ബിഷോപ്പിനെയാണ് മ്മുടെ സ്മൃതിപഥത്തിലേയ്ക്കു് ആനയിക്കുന്നതു്. ആംഗലരാജശിരസ്സിൽബിഷപ്പുമാത്രം തൈലവർഷം നിർവ്വഹിക്കുന്നു. എന്നാൽപുരാതനഭാരതത്തിൽ മററുള്ളവർക്കും അഭിഷേകകർമ്മത്തിന് അവകാശമുണ്ടായിരുന്നുവെന്നൊരു ഭേദംമാത്രം. ഭാരതത്തിൽ അഭിഷിക്തനായ രാജാവിനെ ശിരസാനമിച്ച് എന്നും ആജ്ഞയിൻകീഴിലൊതുങ്ങി വർത്തിക്കുകയാണ് പ്രജാധർമ്മം. ബ്രാഹ്മണനു വർണ്ണൌന്നത്യം ഉള്ളതിനാൽ മററുള്ളവരെപ്പോലെ കീഴ് വണക്കം വേണമെന്നില്ല.

രാജസ്ഥാനാരോഹണം സംബന്ധിച്ച അനന്തരകൃത്യങ്ങൾ ഈവിധമാണ്. അഭിഷേകകർമ്മം കഴിഞ്ഞ് രാജാവു സിംഹാസനത്തെ പ്രാപിക്കുന്നു. ഉടനെ കുലഗുരു ഇങ്ങനെ ഉൽഘോഷണം ചെയ്യുന്നു.

“വരുണൻ അഭിഷേകകൃത്യം നടത്തിപ്രജാവാസമദ്ധ്യേ സിംഹാസനസ്ഥനായിട്ട് അധിരാജത്വപ്രാപ്തിക്കായി മംഗളകർമ്മാനുഷ്ഠാനം നിർവ്വഹിക്കുന്നു.”

പിന്നീടു പൌരപ്രധാനികളും ഉദ്യോഗസ്ഥന്മാരും ഹോതാക്കളും സിംഹാസനത്തിനുചുററും ഇരിക്കുന്നു. ഇവരിൽ അദ്ധ്വര്യുവിൻെറ സ്ഥാനം രാജാവിൻെറ മുൻപാകെയാണ്. വലത്തുവശത്തു പ്രധാനാചാര്യനും പിറകെഹോതാവും ഇടത്തുവശത്തു സാമവേദപാരായണം ചെയ്യേണ്ട ഉദ്ഗാതാവും സ്ഥിതിചെയ്യുന്നു.

“അവിടുന്ന് ബ്രാഹ്മണനത്രെ. അവിടുന്ന് അക്ഷയപ്രതിജ്ഞാനുഗ്രഹശക്തനായ സവിതാവാകുന്നു.” എന്നു മുമ്പിലിരിക്കുന്ന ബ്രാഹ്മണനും “അവിടുന്നു ബ്രാഹ്മണനാണ്. അവിടുന്ന് അത്യന്തൌജസ്വിയായ ഇന്ദ്രനാകുന്നു.” എന്നു വലത്തുവശത്തെയാളും “അവിടുന്ന് ബ്രാഹ്മണൻ തന്നെ; അവിടുന്നു സേവനയോഗ്യനായ മിത്രനത്രെ.” എന്നു പിൻഭാഗത്തിരിക്കുന്ന ബ്രാഹ്മണനും “അവിടുന്ന് ബ്രാഹ്മണനും യഥാർത്ഥനീതിജ്ഞനായ വരുണനും ആകുന്നു” എന്ന് ഇടത്തുവശത്തിരിക്കുന്നയാളും വിളിച്ചു പറഞ്ഞിട്ടു ബ്രാഹ്മണസ്ഥാനം രാജാവിന് ഒരു ശാശ്വതന്യാസമായി കല്പിക്കുന്നു.

ചരാചരപ്രപഞ്ചകർത്താവും ദേവദേവനുമായ പ്രജാപതി ഇന്ദ്രമൂർദ്ധാവിൽ തീർത്ഥാഭിഷേകവും അദ്ദേഹത്തെ സുരനാഥനായി പ്രഖ്യാപനവും ചെയ്യുന്നതായി ഐതരേയബ്രാഹ്മണം ഘോഷിക്കുന്നതു് ഇവിടെ സ്മരിക്കേണ്ടിവരുന്നു. ഇന്ദ്രൻ, വരുണൻ, യമൻ മുതലായവരിൽനിന്ന് എ

ത്രയോ ഉന്നതമായ ഒരു സ്ഥാനമാണ് സ്രഷ്ടാവിനുള്ളതെന്നു പുരാണസാഹിത്യങ്ങളും ഉൽഘോഷിക്കുന്നു. എന്നിട്ടും ധാൎമ്മികമായ ഉന്നതി ബ്രഹ്മന്നെ രാജാവായി അംഗീകരിച്ചു ആദരിക്കുന്നതിന് ഒരു പ്രതിബന്ധമായിഭവിയ്ക്കുന്നില്ല. അദ്ധ്യാത്മികമായ മേന്മ ബഹുമാനനീയമായിരുന്നാലും അതു രാജത്വത്തിന് കീഴടങ്ങുന്നുവെന്നും രാജാവിന്റെ ശക്തിയാണ് അദ്ധ്യാത്മജ്ഞാനികൾക്കു മാൎഗ്ഗനിരോധം സംഭവിക്കാതെ സംരക്ഷിക്കുന്നതെന്നും വേദങ്ങളും സ്മൃതികളും പുരാണങ്ങളും തുടൎച്ചയായി പ്രസ്താവിക്കുന്നുണ്ടു്. രാജാവില്ലെങ്കിൽ ലോകരക്ഷയില്ല. അങ്ങനെ ലോകം കലാപാകുലമാകുന്നു. ലോകാഭിവൃദ്ധിയ്ക്കു് അത്യന്താപേക്ഷിതമായിട്ടാണ് ക്ഷാത്രശക്തി ഉത്ഭവിക്കാനിടയായതെന്നും യാതൊന്നും ഇതിനുമേലെയല്ലെന്നും രാജസൂയാവസരത്തിൽ ബ്രാഹ്മണൻ താഴെയിരിക്കയും രാജാവിങ്കൽ ബ്രാഹ്മണ്യം കല്പിക്കയും ചെയ്യുന്നതു് ഇതിനാലാണെന്നും മററും ബൃഹദാരണ്യകോപനിഷത്തിൽ പറഞ്ഞിട്ടുണ്ടു്. മനുസ്മൃതിയിൽ ഇങ്ങനെ കാണുന്നു.

"രാജാവില്ലാതിരുന്നാൽ ലോകം സൎവ്വത്ര ഭയകമ്പിതമാകും. അതിനാൽ പ്രപഞ്ചഭരണകൎത്താവു് പാലനത്തിനും മതരക്ഷയ്ക്കും വേണ്ടി രാജാവിനെ സൃഷ്ടിച്ചു..................രാജാവു് രക്ഷാകൎത്തൃത്വമുള്ള ദേവന്മാരുടെ അംശമാണ്. അതിനാൽ മനുഷ്യവൎഗ്ഗത്തിൽ ശ്രേഷ്ഠത്വം വഹിക്കുന്നു ......................ഒരു ശിശുവാണെന്നുള്ള കാരണത്താൽ പ്രായംകൊണ്ടുള്ള ലഘുത്വം രാജാവിൽ ആരോപിക്കരുതു്. രാജാവു് ഒരു വെറും മാനുഷനല്ല. മാനുഷരൂപത്തിൽ പ്രത്യക്ഷീഭവിക്കുന്ന ശക്തിയുക്തനായ ദേവനാകുന്നു."

ലോകരക്ഷയെ കാംക്ഷിച്ചുകൊണ്ടിരിക്കുന്ന ഭൃഗുതുടങ്ങിയുള്ള മഹൎഷിമാർ അവരെ ഭരിക്കാൻ രാജാവില്ലാത്തപക്ഷം മൃഗസമാനരായി കഴിഞ്ഞുകൂടുകയാണെന്നു നിൎണ്ണയിച്ചതായി ശ്രീമദ്ഭാഗവതം ഘോഷിക്കുന്നു.

യുധിഷ്ഠിരൻ രാജസ്ഥാനാരോഹണാനന്തരം നവ്യപദത്തിൽ എതുവിധമാണു വൎത്തിക്കേണ്ടതെന്നു ശ്രീകൃഷ്ണനോടു ചോദിക്കുന്നു. ഭാരതയുദ്ധത്തിൽ പാണ്ഡവരുടെ എതിരാളിയായ ഭീഷ്മരോടാലോചിക്കാനാണ് അദ്ദേഹം ആജ്ഞാപിക്കുന്നതു്. ഭരണരീതി, മതകാൎയ്യം, രാജനയം മുതലായവയെ സംബന്ധിച്ചുള്ള ഭീഷ്മോപദേശങ്ങൾ അത്യന്തം വിലയേറിയവയാണ്. വേദവിധിപ്രകാരമുള്ള സൎവ്വസദ്ഗുണങ്ങളുടേയും മൂൎത്തീകരണമായി ശ്രീകൃഷ്ണൻ കരുതുന്ന ഭീഷ്മരിൽ നിന്നു സമസ്തവിജ്ഞാനങ്ങളും ധൎമ്മപുത്രരിൽ പകരണമെന്ന് അദ്ദേഹം ആശിച്ചിരുന്നു. ഇംഗ്ലണ്ടിൽ നവീകര

ണകാലത്തു നടപ്പുണ്ടായിരുന്ന ഒരു ചടങ്ങ് ഈയവസരത്തിൽ ഓൎമ്മിക്കേണ്ടതായി വരുന്നു. ലണ്ടൻടൗവ്വറിൽനിന്നു് വെസ്റ്റമിനിസ്റ്ററിൽ ഘോഷയാത്രയായി ചെന്നുചേരുന്ന രാജാവിന് അവിടത്തെ അധിപതി രാജധൎമ്മത്തിന്റെ പരിശുദ്ധിയെപ്പററി ചില ഉദ്ബോധനങ്ങൾ നല്കിയിരുന്നുവത്രെ

പ്രജകളിൽ എല്ലാ വൎഗ്ഗക്കാരും രാജത്വത്തെ സമ്മതിച്ചിരുന്നതായി നിൎണ്ണയിക്കാനുള്ള ചില ലക്ഷ്യങ്ങൾ ഇംഗ്ലണ്ടിലെ രാജപട്ടാഭിഷേകച്ചടങ്ങുകളിൽ അന്തൎഭവിച്ചിട്ടുണ്ടു. എന്നാൽ രാജാവു നേരിട്ടു് ഈ അനുമതി വാങ്ങിയിട്ടുള്ളതായി ഒന്നുകൊണ്ടും വ്യക്തമാകുന്നില്ല. ഈ വിഷയത്തിൽ ഭാരതഖണ്ഡത്തിലെ ആചാരം ഒരു വ്യത്യസ്തപദ്ധതിയെ അവലംബിക്കുന്നു.

ഭാരതഖണ്ഡത്തിലെ പട്ടാഭിഷേകച്ചടങ്ങുകളെ കൃഷ്ണയജുൎവ്വേദത്തിൽ വിസ്തരിച്ചുകാണുന്നു. അതിന്റെ ഒരു സംക്ഷേപം താഴെ കാണുംവിധം കുറിക്കാവുന്നതാണ്. പട്ടാഭിഷേകത്തിന്റെ ആമുഖമായി രാജാവു പ്രജാപ്രതിനിധികളെ സന്ദൎശിക്കുന്നു. രാജധാനിക്കടുത്തുള്ള ഒരു ബ്രാഹ്മണപ്രധാനി ഒരു ക്ഷത്രിയമുഖ്യൻ മററു ജനപ്രമാണികൾ എന്നിവരുടെ വസതികളിലേയ്ക്കെഴുന്നള്ളുന്നു. അവിടവിടെ പ്രൊജ്വലിപ്പിച്ചിട്ടുള്ള പവിത്രാഗ്നിയെ മന്ത്രപുരസ്സരം ആരാധിച്ചശേഷം ആചാൎയ്യന്മാൎക്കു് ഉചിതങ്ങളായ ദാനങ്ങൾ ചെയ്തു് അവരെ പ്രസാദിപ്പിക്കുന്നു. ഈ ആചാരത്തിന്റെ രാജ്യതാന്ത്രികമായ പ്രാധാന്യം ഇവിടെ വിവരിക്കാതെതന്നെ വിശദമാകുന്നുവല്ലോ. ഹിന്ദുരാജാക്കന്മാരുടെ സ്വാതന്ത്ര്യത്തെപ്പററി യൂറോപ്യൻവിദഗ്ദ്ധന്മാർ എന്തുതന്നെ അപഹസിച്ചാലും ആ രാജാക്കന്മാരുടെ സ്ഥാനപ്രാപ്തിയിൽ പ്രജകളുടെയെല്ലാം അനുമതി അത്യന്താപേക്ഷിതമായിരുന്നുവെന്നു സമ്മതിക്കാതെ തരമില്ല. പുരാണങ്ങളും ഇതിഹാസങ്ങളും ഇതിന് ഉത്തമലക്ഷ്യങ്ങളാണ്. വാൎദ്ധക്യദശയെ പ്രാപിച്ച ദശരഥമഹാരാജാവു പ്രജകളെ ക്ഷണിച്ചുവരുത്തി പ്രായാധിക്യംമൂലം ഭരണകാൎയ്യത്തിൽ അദ്ദേഹത്തിനുള്ള അപ്രാപ്തിയേയും അനന്തരഗാമിയായി രാമനെ സിംഹാസനത്തിൽ ആരോഹിപ്പിക്കാനുള്ള ആശയത്തേയും അവരെ ധരിപ്പിച്ച് അനുമതി വാങ്ങിയ വിവരം രാമായണത്തിൽ പ്രസ്താവിക്കുന്നുണ്ടു്. ഇതുപോലെ എത്രയോ ദൃഷ്ടാന്തങ്ങൾ പഴയ ഗ്രന്ഥങ്ങളിൽനിന്നും നമുക്കു സംഭരിക്കാം.

പട്ടാഭിഷേകമഹത്തിൽ പങ്കുകൊള്ളാൻ സുഹൃത്തുക്കളായ രാജാക്കന്മാരെ ക്ഷണിച്ചുവരുത്തുന്ന പതിവു് യൂറോപ്പിലെന്നപോലെ ഇൻഡ്യയിലുമുണ്ടു്. ഈ ഏൎപ്പാടിന്റെ ഉത്ഭവം എങ്ങനെയായാലും അനന്തരകാലങ്ങളിൽ ഇതിനൊരു പ്രധാനഫലമുണ്ടായിട്ടുണ്ടെന്നു തീൎച്ചയാണ്.

Reformation എന്നു വ്യവഹരിക്കപ്പെടുന്ന പ്രോട്ടസ്റ്റാൻറുമതസ്ഥിതിഭേദംകൊണ്ടു് യൂറോപ്പുഖണ്ഡത്തിലെ രാജാക്കന്മാർ രണ്ടു കക്ഷികളായി പിരിഞ്ഞു പിണങ്ങുകയും നാട്ടിലെ വിവിധസംഘങ്ങൾ അവകാശസ്ഥാപനങ്ങൾക്കായി അടുത്തുള്ള രാജാക്കന്മാരുടെ സഹായസഹകരണങ്ങളെ ആശിക്കയും ചെയ്ത കാലത്തു സമീപസ്ഥനായ ഒരു രാജാവിൻെറയൊ രാജപ്രതിനിധിയുടേയൊ സാന്നിദ്ധ്യം പട്ടാഭിഷേകാവസരത്തിൽ ഉണ്ടാകുന്നതു് ആ അരചൻ അഭിഷിക്തനൃപനെ അംഗീകരിക്കുന്നുവെന്നും അദ്ദേഹത്തെ ധർമ്മാനുഷ്ഠാനത്തിൽ സഹായിക്കാൻ സന്നദ്ധത പ്രത്യക്ഷമാക്കുന്നുവെന്നും സൂചിപ്പിക്കയാണല്ലോ. ഭാരതഖണ്ഡത്തിലെ രാജാക്കന്മാരുടെ പട്ടാഭിഷേകങ്ങളിൽ പങ്കുകൊള്ളുന്ന മിത്രങ്ങളെ സംബന്ധിച്ചും ഈവിധം ചില അനുമാനങ്ങൾക്കു തക്കതായ ലക്ഷ്യങ്ങൾ പ്രാചീനഗ്രന്ഥങ്ങളിൽനിന്നും നമുക്കു ലഭിക്കുന്നുണ്ടു്.

ഹിന്ദുരാജാക്കന്മാരുടെ പട്ടാഭിഷേകം പ്രമാണിച്ചുള്ള ക്രിയകൾ അർത്ഥവത്തുകളും സാരസംയുക്തങ്ങളുമാണു്. ആദ്യമായി പ്രജകളിൽ വിവിധവർഗ്ഗക്കാരുടേയും സമ്മതം രാജാവിനു ലഭിച്ചിട്ടുണ്ടെന്നു ബോധപ്പെടുന്നു. രാജശിരസ്സിൽ തീർത്ഥാഭിഷേകം ചെയ്യുന്ന കൃത്യം വർണ്ണഭേദത്തെ അവഗണിക്കുന്നു. സമുദായകാര്യങ്ങളിൽ ജനങ്ങളുടെ ഉച്ചനീചപദങ്ങളെ നിരാകരിക്കുന്നു. എല്ലാവരും ഭക്തി പ്രകാശിപ്പിക്കയും രാജിവിനു കീഴ്വണങ്ങുകയും ചെയ്തിട്ടുണ്ടു്. ധർമ്മനിർവ്വഹണത്തിൽ അവരുടെ അനന്തരനടപടികളെ മുന്നറിയിക്കുന്നു.

## നർത്തകി.

(പ്രേമചന്ദ്രൻ)

അന്നത്തെ നാടകത്തിൻെറ അവസാനരംഗം കഴിഞ്ഞു; കർട്ടനും ഇട്ടു. ശകുന്തളയുടെ വേഷം ചമഞ്ഞിരുന്ന താരാദേവി പ്രേക്ഷകന്മാരിൽ ഒരു അത്ഭുതവശ്യം പ്രയോഗിച്ചിരുന്നു. ചിത്തവ്യഥ, പാശ്ചാത്താപം, ദുസ്സഹതാപം നിമിത്തമുള്ള വാക്ക്പാരുഷ്യം എന്നീ വികാരങ്ങളാൽ ക്ഷുബ്ധയായ ശകുന്തള ദുഷ്യന്തമഹാരാജാവിൻെറ സന്നിധിയിൽ പ്രയോഗിച്ച വാങ്മയശരങ്ങൾ രംഗസ്ഥിതജനങ്ങളെ മര്യാദാവിലംഘനം ചെയ്യിച്ചു.

അവരെ സ്തുതിഗാനത്തോടെ സ്റ്റേജിലേക്ക് ആനയിച്ചു. അവരിൽ പലരും സ്റ്റേജിനകത്തുകടന്ന് അവളുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യാനും ഉറച്ചു. ആഭരണകുസുമങ്ങളുടെ ധോരണികൊണ്ട് സ്റ്റേജ് നിറഞ്ഞു. ഈ വിഷമതരുണത്തിൽ മേനക വിമാനവുമായി രംഗപ്രവേശം ചെയ്ത് ശകുന്തളയോടുകൂടി തിരോധാനം ചെയ്തിട്ടില്ലായിരുന്നു എങ്കിൽ പ്രേക്ഷകന്മാരിൽ ചിലരെങ്കിലും നിസ്സംശയം ജീവത്യാഗം ചെയ്യുമായിരുന്നു. നാടകസൊറിലെ മാനേജർ ഉടനെ കർട്ടന്റെ മുമ്പിലെത്തി സന്ദർശകന്മാരുടെ അഭിനന്ദനത്തിന് അവരോടു കൃതജ്ഞത പറയുകയും അടുത്ത ദിവസം ഈ നാടകംതന്നെ അഭിനയിപ്പിക്കാമെന്നു വാഗ്ദാനം ചെയ്യുകയും ഉണ്ടായി. വികാരപരവശരായ ജനങ്ങൾ ശാന്തരായി. പക്ഷെ ഒരു യുവാവ് സ്റ്റേജിൽതന്നെ എന്നിട്ടും നിന്നിരുന്നു.

ഈ ആൾ ദീർഘകായനും, ബലിഷ്ഠനും, സുന്ദരനും അത്രെ. അദ്ദേഹത്തിന്റെ മുഖം ദിവ്യമായ ഒരു വികാരസ്ഫുരണംകൊണ്ട് ശോഭിച്ചിരുന്നു. ഒരു രാജകുമാരനൊ എന്നു തോന്നിപ്പോകും.

മററു പ്രേക്ഷകരെല്ലാം സ്റ്റേജിൽനിന്നും ഇറങ്ങിപ്പോയതിനുശേഷം മാനേജരോടായിട്ട് :-

യുവാവു :- “ഒരു മുഹൂർത്തനേരത്തേക്ക് താരാദേവിയെ ഞാനൊന്നു കണ്ടുകൊള്ളട്ടെ.”

മാനേജർ അനവധാനതയോടെ:- “അതു നിയമത്തിനു വിരോധമാണല്ലൊ.”

യുവാവ് ഒരിക്കൽക്കൂടി:- “എന്റെ ഈ എഴുത്ത് അവൾക്കു എത്തിച്ചുകൊടുക്കാമൊ.’

മാനേജർ പൂർവ്വോക്തരീതിയിൽ അശ്രദ്ധയോടെതന്നെ:- “ക്ഷമിക്കണെ, സാധിക്കയില്ല. അതും ഞങ്ങളുടെ നിയമത്തിനു ചേർന്നതല്ല.”

യുവാവു നിരാശയോടെ പിൻതിരിഞ്ഞു സ്റ്റേജിൽനിന്നിറങ്ങി നാടകഹാളിന്റെ പടിയിലോളം എത്തി.

അപ്പോൾ മാനേജർ:- “ഇങ്ങോട്ടൊന്നു നോക്കണെ. നിങ്ങളുടെ എഴുത്തെവിടെ.”

യുവാവു പോക്കററിൽനിന്നും കടലാസെടുത്ത് അതിൽ എന്തോ എഴുതി മാനേജരെ ഏല്പിച്ചു.

മാനേജർ എഴുത്തിൽ കണ്ണോടിച്ച് ഇങ്ങനെ വായിച്ചു. "കുമാര നിർമ്മലകണ്ഠചൗധരി"

മാനേജരുടെ രസശൂന്യമായ മുഖം ഉടനെ വിനീതവും പ്രസന്നവുമായി.

കുമാരനിർമ്മലകണ്ഠൻ ഈ നഗരത്തിലെ ഒരു കോടീശ്വരനാണ്. സാഹിത്യത്തിലും സംഗീതത്തിലും ഒരുപോലെ പ്രാവീണ്യം സമ്പാദിച്ചിട്ടുള്ളവനുമത്രെ. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിനു പുറമെ ഒരു താലൂക്ക് ദാരും കൊല്ലത്തിൽ ഏഴോ എട്ടോ ലക്ഷം വരവുള്ളവനുമാണ്. പല പൊതുസ്ഥാപനങ്ങളും ഇദ്ദേഹത്തിന്റെ ഔദാര്യത്തിൽതന്നെ നടത്തിപോരുന്നുണ്ട്. അങ്ങനെ ഉള്ള ഒരു മാന്യനാണ് തന്റെ മുമ്പിൽ ഒരു അപേക്ഷകനായി നില്ക്കുന്നതെന്നു മാനേജർക്കു മനസ്സിലായി. മാനേജർ തന്റെ മര്യാദക്കുറവിനേയും അനാസ്ഥയേയും ഓർത്ത് ലജ്ജിച്ചു മുഖംതാഴ്ത്തി നിന്നുപോയി.

മാനേജർ വിനയത്തോടെ:- "സർ, ക്ഷമിക്കണേ. എനിക്കു മണ്ടത്തരം പററി. ഉടനെതന്നെ ഈ എഴുത്ത് താരാദേവിക്കെത്തിച്ചുകൊടുക്കാം."

കുമാർ ആംഗ്യംകൊണ്ടു നിരോധിച്ച് ഇങ്ങിനെ പറഞ്ഞു:- "വരട്ടെ, ഇപ്പോൾ അവരെ ഉപദ്രവിക്കേണ്ട. ഉറങ്ങേണ്ട സമയമായിരിക്കും. നാളെ വൈകീട്ടു അഞ്ചുമണിക്ക് കണ്ടുകൊള്ളാം."

മാനേജർ:- "ഇല്ല, ഉപദ്രവമെന്ന് ദേവിക്കു തോന്നുകയില്ല. ഞാൻ ക്ഷണം വരാം."

നിർമ്മലകണ്ഠൻ തന്റെ വികാരത്തെ അടക്കി. സംയമനശക്തി അതിനൊരു ആവരണമായി മാത്രം ഇങ്ങനെ പറഞ്ഞുവെന്നേ ഉള്ളു. മാനേജരുടെ മര്യാദയ്ക്കു നന്ദിയും പറഞ്ഞു യാത്രതിരിച്ചു. അടുത്ത അന്നു വൈകീട്ട് കണ്ടുകൊള്ളാമെന്നു വാഗ്ദാനവും ചെയ്തു.

## II.

ശുചിയായി അലങ്കരിച്ചിരിക്കുന്ന ഒരു മുറിയിൽ ചിന്താപാരവശ്യനിമഗ്നയായി താരാദേവി ഒരു മേശയുടെ മുമ്പിൽ സ്ഥിതിചെയ്യുന്നു. പൂർവ്വരാത്രിയിലെ സകലരംഗവും—അവളുടെ വിജയപാരമ്യതയുടെ പരമമയ രംഗം—അവളുടെ അന്തർവീക്ഷണം സുഖദർശനം ചെയ്യുന്നു. ഒരുവന്റെ ജീവിതദശയിൽ അങ്ങിനെയുള്ള ദിവസം അപൂർവ്വമായിട്ടേ കാണപ്പെടുന്നുള്ളു. അവളുടെ തടിൽത്തുടിതത്തെ ഒന്നുകൂടി കാണുന്നതിനും അവളുടെ പരിചയത്തെ സമ്പാദിക്കുന്നതിനും എത്ര പുരുഷന്മാരാണ് കുതുകികളായിരുന്നത്.

എത്ര ഉന്മത്തതരയോടെ അവർ തങ്ങളിൽ തള്ളിക്കയറിവന്നു. അവരം പലരേയും ദൂരെ, എന്നു നിരസിച്ചു. അതെ, അവരെ തിരസ്കരിക്കതന്നെ ചെയ്തു. പക്ഷെ ആ ജനതയിൽ നിശ്ചേഷ്ടനായി ഒരുവൻ നില്ക്കുന്നു. അല്ല, ആയാളുടെ മാംസപേശികൾക്ക് അനക്കം കൊടുക്കാത്തവണ്ണം അത്ര പരിഭ്രാന്തനായി ഒരുവൻ നില്ക്കുന്നു. അദ്ദേഹത്തിൻെറ അചഞ്ചലശാന്തതകൊണ്ട് അദ്ദേഹം ഒരു വ്യത്യസ്തമണ്ഡലത്തെ അലങ്കരിക്കുന്നവനെന്ന് തോന്നിപ്പോകുന്നു. എന്തു ശാന്തമായ പ്രണയമാണ് അദ്ദേഹത്തിൻെറ നയനങ്ങളിൽ കളിയാടുന്നതു്. എത്ര ഉറപ്പുള്ള സ്ഥൈര്യം കാണപ്പെട്ടുന്നു അദ്ദേഹത്തിൻെറ നയനങ്ങളിൽ നിന്നു മുക്തമാകുന്ന വീക്ഷണശരങ്ങൾ അവളുടെ ഹൃദയഭേദനം ചെയ്യുന്നപോലെ തോന്നി. അവരം അദ്ദേഹത്തെ ഒരിക്കൽക്കൂടി കാണുമോ? ആവോ; ആൎക്കു പറവാൻ കഴിയും.? പക്ഷെ ദൈവം അവളെ അനുകൂലിക്കയും ഇന്നുതന്നെ അദ്ദേഹം വരികയും ചെയ്താൽ അദ്ദേഹത്തോട് നേരിട്ടു സംസാരിച്ചല്ലാതെ അവരം വിട്ടുകളകയില്ല.

അനന്തരം അവരം ദപ്പണാഭിമുഖമായി തിരിഞ്ഞു. പൂൎണ്ണവികസനംകൊണ്ട് നിസ്തുല്യശോഭയെ വഹിക്കുന്ന ഒരു പത്മമെന്നപോലെ അവളുടെ മുഖം ശോഭിച്ചു. ഈ നവോന്മീലനകുസുമം മുപ്പത്തഞ്ചു ഗ്രീഷ്മഋതുവിനെ കണ്ടെന്നു് ആരു പറയും. അവളുടെ സൌന്ദര്യം, സൌഷ്ഠവം, പ്രസന്നത എന്നീ ഗുണങ്ങൾ ഏതു യുവതിയേയും നമ്രവദനയാക്കും. അവളുടെ ഹൃദയപ്രതിഷ്ഠയുടെ മുമ്പിൽ ഒരിക്കൽക്കൂടി പ്രണയദീപം കൊളുത്തി.

ഇരുപതു സംവത്സരങ്ങൾക്കു മുമ്പു് പ്രണയപരിചരണത്തിൽ താര ഒരു ദുരിതസരണിയെ തരണംചെയ്യേണ്ടിവന്നിട്ടുണ്ട്. അന്നുമുതൽ അവളുടെ ജീവിതം ഒരു വിധവയുടേതുതന്നെ. അസംഖ്യം കോകിലങ്ങൾ അവളുടെ മുമ്പിൽ പ്രണയകൂജനം ചെയ്തിട്ടുണ്ട്. പക്ഷെ അവയൊന്നിനം അവരം ദത്തകൎണ്ണയായിരുന്നില്ല. അവയിൽ വഞ്ചനയും വിടത്വവും സംക്രമിച്ചിരുന്നു. ഹാ കഷ്ടം! കഠിനനിയന്ത്രണസമ്പത്തായ നിയമനിഷ്ഠ ഇന്നു ഭ്രഷ്ടമായി. ഇരുപതു കൊല്ലത്തിനുമുമ്പു് പ്രഥമതഃ അവരം അനുഭവിച്ച ആ അനുഗ്രഹഭൂനത ഇന്നനുഭവിച്ചു. ആ ജനതാമദ്ധ്യത്തിൽ നിന്നും ഒരു ഒററവിഗ്രഹം അവളുടെ ഹൃദയവേദിയിൽ പ്രതിഷ്ഠിച്ചു. അദ്ദേഹത്തെ മറയ്ക്കുക എന്നതു അസാദ്ധ്യമാണ്. ഒരു മോട്ടോർവണ്ടിയിൽ കയറിപോകുമ്പോഴാണ് അവരം അദ്ദേഹത്തെ കണ്ടതെങ്കിൽ ഒരുപക്ഷെ അവളുടെ ചിന്തയ്ക്കു് ആ രൂപം പാത്രീഭവിയ്ക്കുമായിരുന്നില്ല. പ്രണയസാരവുംകൊണ്ട് അനുഗ്രഹബുദ്ധ്യാ തൻെറ മുമ്പിൽ പ്രത്യക്ഷമായി

നിൽക്കുന്ന ആ ദേവതയിൽനിന്ന് പിൻതിരിയുക എന്നതു് അസാദ്ധ്യം തന്നെ

പരിചാരിക അകത്തു പ്രവേശിച്ചു:- "അമ്മെ കഴിഞ്ഞരാത്രിയിൽ കിട്ടിയ പാരിതോഷികങ്ങൾ ഇങ്ങോട്ടു കൊണ്ടുവരട്ടെ."

താരാദേവി:- "വേണ്ട, അവയൊന്നും എൻെറ അടുക്കൽ കൊണ്ടുവരേണ്ട. പക്ഷെ.........നില്ക്കൂ. അവിടെ ആ വച്ചിരിക്കുന്നതെന്താണ്."

പരിചാരിക:- "അതൊ ആ കുന്നാണ് ഇന്നലത്തെ സമ്മാനങ്ങൾ. അതിൻെറ എല്ലാ പേരും എനിക്കറിയാം. പൊന്നുകാശുണ്ട്, സാരി കുത്തുന്ന തുശി, തലമുടി കുത്തുന്ന തുശി, ജാക്കററിൻെറ പിത്താൻ, മോതിരങ്ങൾ, വളകൾ എന്നിങ്ങനെ പലതുമുണ്ട്. അതല്ലാതെ ഒരു ചെറിയ പെട്ടി. അതിനകത്തു് ഒരു ഒന്നാംതരം കണ്ഠശരം. ഞാൻ ഈ ജന്മത്തു് ഇത്ര നല്ല ഒരു കണ്ഠശരം കണ്ടിട്ടില്ല. എല്ലാം ഞാൻ ഒരു പെട്ടിയിൽ ആക്കുകയാണ്."

"കൊള്ളാമല്ലൊ. ആട്ടെ ആ പെട്ടിയിങ്ങു കൊണ്ടുവരു. നോക്കട്ടെ."

പരിചാരിക ഉടനെ പോയി പെട്ടികൊണ്ടുവന്നു മേശപ്പുറത്തു വച്ചു. ഈ അവസരത്തിൽ ഒരു ചെറുപ്പക്കാരൻഭൃത്യൻ പ്രവേശിച്ചു താരയുടെ കൈയ്യിൽ ഒരു എഴുത്തുകൊടുത്തു. താര അല്പം കൗതുകത്തോടെ ആ എഴുത്തു നോക്കി. അതിൽ "കുമാരനിർമ്മലകണ്ഠൻ" എന്നു പേരെഴുതി ഒപ്പിട്ടിരിക്കുന്നു.

താരാദേവി:- "നിൻെറ കൈയ്യിൽ ഈ എഴുത്തു തന്നതാരാണ്? പട്ടു തലപ്പാവു ധരിച്ചിരിക്കുന്ന മാന്യനാണൊ?"

"അല്ല. മാനേജർസാഹിബ്ബാണ്." ഇത്രയും പറഞ്ഞ ഉടനെ തന്നെ മറെറാരു ചോദ്യത്തിനിടകൊടുക്കാതെ കുട്ടി കടന്നുകളഞ്ഞു.

താര പെട്ടിതുറന്നപ്പോൾ ആദ്യമായിക്കണ്ടതു് ആ ചെറിയ ക്രൂടാണ്. അതു തുറന്നപ്പോൾ കണ്ടതു് വിലതീരാത്ത മുത്തുകൾ പതിച്ചിട്ടുള്ള കണ്ഠസരമാണ്. ആ പെട്ടിയിൽ ഒരു എഴുത്തുമുണ്ടായിരുന്നു. താര അതെടുത്തു വായിച്ചു. 'കുമാരനിർമ്മലകണ്ഠൻ' എന്ന് അതിലും എഴുതിയിരിക്കുന്നു. കാർഡ് അവളറിയാതെതന്നെ താഴെ വീണു. പെട്ടെന്നെഴുന്നേററ് ആ മുറി വിട്ടിറങ്ങി. പല മുറികളും ഇടനാഴികളും കോലായികളും കടന്ന് മാനേജരുടെ മുറിയിൽ എത്തി. മാനേജർ എഴുന്നേററു അവളോട് ആതിത്ഥ്യമര്യാദ ആചരിച്ചു. "കഴിഞ്ഞ രാത്രിയിലെ വിജയത്തിനു നിങ്ങളെ ഞാൻ അനുമോദിക്കുന്നു."

താര:- കുമാർ പുറത്തു എന്നെ കാത്തു നില്ക്കുന്നുണ്ടോ? ചെറുക്കൻ എഴു

ത്തുതന്നെ ഉടനെ പൊയ്ക്കളഞ്ഞു. അവനോടൊന്നും ചോദിക്കുവാൻ കഴിഞ്ഞില്ല."

മാനേജർ:- "കുമാരനിർമ്മലകണ്ഠന്റെ കത്ത് ഇന്നലെ രാത്രിതന്നെ കിട്ടിയതാണ്. അപ്പോഴേക്കും നിങ്ങൾ പൊയ്ക്കഴിഞ്ഞു."

"പിന്നെ എന്താ അപ്പോൾതന്നെ അതെനിയ്ക്ക അയച്ചുതരാതിരുന്നത്?"

മാനേജർ സന്തോഷത്തോടെ:- "നിങ്ങൾ ഉറങ്ങാനുള്ള ഒരുക്കമായി എന്നു വിചാരിച്ചു. അപ്പോൾ ഞാൻ ഉപദ്രവിക്കുന്നതു ന്യായമല്ലല്ലൊ. പോരെങ്കിൽ നേരവും അധികമായി. പിന്നെ ഒന്നുകൂടിയുണ്ട്. കുമാറിനെ അടുപ്പിച്ചാൽ നിങ്ങൾ എനിക്കുനഷ്ടപ്പെട്ടേക്കുമെന്നൊരു ഭീതിയുമുണ്ട്. ഞാൻ ഒരു പെണ്ണായിരുന്നുവെങ്കിൽ അദ്ദേഹവുമൊന്നിച്ചു വല്ല കാലൻചെല്ലാമൂലയിലും പോകുമായിരുന്നു. ദേവസദൃശനായ ഇദ്ദേഹത്തെപ്പോലെ ഒരു പുരുഷനെ ഞാൻ കണ്ടിട്ടില്ല. പട്ടുതലപ്പാവു ധരിച്ചിരിക്കുന്ന ആ ആളുതന്നെ നിങ്ങളും കണ്ടിരിക്കാമെന്നു ഞാൻ വിശ്വസിക്കുന്നു."

താര ഏതോ മനോരാജ്യത്തിൽപെട്ടപോലെ:- "കണ്ടു, ഞാനും കണ്ടു. അദ്ദേഹം വീണ്ടും വരുമോ,?"

മാനേജർ:- "വരും. ഇന്നു വൈകീട്ട് അഞ്ചുമണിക്കു വരാമെന്നാണ് പറഞ്ഞിട്ടുള്ളത്. അദ്ദേഹം ഒരു വലിയ വിദ്വാനാണ്. ഒരു കോടീശ്വരനും കൂടിയാണ്."

"ഇന്നു ഞാൻ നാടകത്തിനുണ്ടാവുകയില്ല." എന്നു പറഞ്ഞു സാവധാനമായി തുറന്നുകിടന്നിരുന്ന വാതുക്കൽപോയി എന്തോ ചിലതു നോക്കിക്കൊണ്ട് ആ വിധം നിന്നു. പക്ഷെ ഒന്നിലും അത്ര ശ്രദ്ധിച്ചുമില്ല

## III.

കുമാർസാഹിബ്ബ് സന്ദർശനത്തിനു കുറിച്ച സമയം അടുത്തുകഴിഞ്ഞു. താര കണ്ണാടിയുടെ മുമ്പിൽ ഇരിക്കുന്നു. സൈരന്ധ്രി താരയുടെ ആകാരമോടിയിൽ ഏർപ്പെട്ടിരിക്കുന്നു. വേഷസംവിധാനകല ഇക്കാലത്ത് ഒരു ശാസ്ത്രമായിത്തീർന്നിരിക്കുന്നു. മുൻകാലങ്ങളിൽ വേഷസംവിധാനം അതു കാലത്തെ നടപ്പനുസരിച്ച് ചെയ്തുപോന്നിരുന്നു. നമ്മുടെ പൂർവികന്മാരായ കവികൾ, ചിത്രമെഴുത്തുകാർ, കലാപ്രണയികൾ എന്നീ കൂട്ടരെല്ലാവരും ഐകകണ്ഠ്യേന ചില ചടങ്ങുകളെ ഈ വിഷയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അഞ്ജനം കണ്ണിനും, കസ്തൂരികളഭകാശ്മീരങ്ങൾ ഫാലത്തി

നും, ചെമ്പഞ്ഞിച്ചാറ് കരചരണങ്ങൾക്കും അലങ്കാരവസ്തുക്കളൊണ്. മററുള്ള ഓരോ അംഗത്തിനും പ്രത്യേകമായ ചില ആഭരണങ്ങളും വ്യവസ്ഥിതങ്ങളായിട്ടുണ്ട്. ആ കാലത്തിനു അനുയോജ്യമായിരുന്ന കല്പനകളെല്ലാം ഇന്നു മൃതങ്ങളാണ്. ഇന്നാകട്ടെ ഓരോ സ്ത്രീയും അവളുടെ രുചി അനുസരിച്ചും, സാമര്‍ത്ഥ്യമനുസരിച്ചും, പരിഷ്ക്കാരമെന്നു അവൾ ധരിച്ചിരിക്കുന്ന സമ്പ്രദായത്തിലും വേഷമോടി വരുത്തുന്നു. എങ്ങിനെ അത്ര മററുള്ളവരെ വശീകരിക്കുന്നു എന്നാത്രെ ഇന്നത്തെ നോട്ടം. വേഷസംവിധാനകലയിൽ താര ഒരു വിദഗ്ദ്ധതന്നെയാണ്. അവൾ ഈ നാടകക്കമ്പനിയിൽ ചേർന്നിട്ടു കൊല്ലം പതിനഞ്ചു കഴിഞ്ഞു. അവളുടെ ജീവിതദശയിൽ മനോഹരമായ ഈ ഘട്ടം പുരുഷന്മാരുടെ ഹൃദയത്തോടു കളിയാടുവാൻ വിനിയോഗിച്ചിരുന്നു. ഏതു കടാക്ഷം, ഏതു സ്മിതം, ഏതു ചേഷ്ടാ, ഏതു വസ്ത്രധാരണം പുരുഷനെ സാഷ്ടാംഗപ്രണാമം ചെയ്യിക്കും—ആ രീതി താരയെക്കാൾ അധികമറിഞ്ഞവൾ ലോകത്തിൽ ഇല്ല. ഇന്നവൾ സുപരീക്ഷിതശസ്ത്രവും കൊണ്ടു് പുറപ്പെട്ടിരിക്കുന്നു. പൂർണ്ണസജ്ജീകരണത്തോടെ പുറപ്പെട്ട അവൾക്കു ലോകസൗന്ദര്യസർവ്വസ്വവും, ലോകസൗകുമാര്യസർവ്വസ്വവും പൂർണ്ണാനുഭാവത്തോടെ തിറ നൾകുന്നുവോ എന്നു തോന്നിപ്പോകുന്നു. ആതിഥ്യമുറിയിൽ ഒരു മേശയുടെ സമീപത്തായി നിന്നുകൊണ്ടു കുമാർസാഹിബ്ബിന്റെ കാർഡ് സൂക്ഷിച്ചുനോക്കുന്നു. പക്ഷെ അവളുടെ ശ്രവണശക്തി അദ്ദേഹത്തിന്റെ മോട്ടോർവണ്ടിയുടെ ധ്വനിയെ അന്വേഷിക്കുന്നുണ്ടു്. നിർമ്മലൻ ആ മുഹൂർത്തത്തിൽ എത്തി അവളുടെ ഇപ്പോഴത്തെ നിലയെ ദർശിക്കണമെന്നു അവൾ ആശിച്ചു. ആ ഒരു നില അവളുടെ സർവ്വാംഗസൗന്ദര്യത്തേയും പ്രേക്ഷകനു പ്രദാനം ചെയ്യുന്നതാണ്. അവളുടെ കലാവൈദഗ്ദ്ധ്യം കാലത്തിന്റെ ദീർഘന്യാസത്തെ ജയിച്ചു. ഹൃദയം ശാന്തിയും, രക്ഷയും യാചിക്കുന്ന ആ കാലം—വിലാസവിഭ്രമങ്ങൾ വയസ്സിന്റെ ശൈഥില്യത്തെ നശിക്കുന്ന ആ കാലം—ഈ മനോഹാരിണിയായ യുവതിയുടെ ജീവിതഗതിയിൽ എത്തിനോക്കുന്നുണ്ടെന്നു് ആരുടെ ഭാവനാശക്തിക്കു സങ്കല്പിക്കാൻ കഴിയും.?

ഒരു ദീർഘനേരത്തേയ്ക്കു് താരാദേവി കാത്തുനില്ക്കേണ്ടി വന്നില്ല. കുമാർ അവളുടെ ദർശനത്തിനു അത്യൗത്സുക്യമുള്ളവനത്രെ. പത്തു മിനിട്ടിനുമുമ്പ് വണ്ടിയുടെ ശബ്ദം കേട്ടുതുടങ്ങി. താരയുടെ സകല സിരകളും വിജൃംഭിച്ചു. ഒരു മിനിട്ടിനുള്ളിൽ കുമാർ അവളുടെ സന്നിധിയിൽ എത്തി. താര അവളെത്തന്നെ മറന്നു. ഹസ്തദാനം ചെയ്യാനും അവൾ മറന്നു. മദ്ധ്യവയസ്കരിൽപോലും അനുരാഗം ഉണ്ടാക്കിത്തീർക്കുന്ന ക്ഷോഭവും വിസ്മൃതിയും എത്ര ഭയങ്കരം. നാണംകുണുങ്ങിയായ ഒരു ചെറുപെൺ

കിടാവിനെപ്പോലെ അവൾ വൈവണ്ണ്യത്തോടെ അദ്ദേഹത്തിൻെറ മുമ്പിൽ സ്തംഭിച്ചു നിന്നുപോയി.

നിമ്മലൻെറ കണ്ണുകൾ സാഫല്യം അടഞ്ഞ ആദ്യവസ്തു അവളുടെ ശുഭ്രമായ ഗളനാളം തന്നെയാണ്. കഴിഞ്ഞ രാത്രിയിൽ താൻ അപ്പിച്ച ആ മുത്തുമാല അവളുടെ കണ്ഠത്തിൽ അണിഞ്ഞിരുന്നു. കുമാർ സാഹിബ്ബ് സ്വജീവിതത്തിൽ ഇത്ര സന്തോഷവും സംതൃപ്തിയും അനുഭവിച്ചിട്ടില്ല. സ്വല്പനേരത്തേയ്ക്കു സകലവിധ ആശകളും ആഗ്രഹങ്ങളും സാധിച്ചു തൃപ്തിപ്പെട്ടപോലെ തോന്നി.

"എൻെറ അപരാധത്തെ ക്ഷമിക്കണെ. ഈ നേരത്തു നിങ്ങളെ ഉപദ്രവിക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. ഇതു നിങ്ങളുടെ വിശ്രമാവസരമാണല്ലൊ."

താര സാരി ഒതുക്കിക്കൊണ്ടു:- "എന്തു്. നിങ്ങളെ കാണുന്നതിലധികമായ എന്തു വിശ്രമമാണു എനിക്കുള്ളതു്. നിങ്ങളുടെ സാന്നിദ്ധ്യത്തെ ഞാൻ മനസാ ആരാധിക്കുന്നു. കൂടക്കൂടെ ഈ ഭാഗ്യത്തെ ഞാൻ പ്രാത്ഥിക്കയും ചെയ്യുന്നു."

നിമ്മലൻ മന്ദസ്മിതത്തോടെ:- "ദിവസവും നിങ്ങൾക്ക് എന്നെക്കാണുന്നതു പ്രിയമല്ലെങ്കിലും ദിവസത്തിലൊരിക്കൽ ഞാനിപ്പടിവാതുക്കൽ മുട്ടും."

"പക്ഷെ ഒരു പുതിയ വസ്തു നിങ്ങളുടെ കൗതുകത്തെ വശീകരിക്കുന്നതുവരെ; അങ്ങിനെ അല്ലെ."

"ഇതു് ഒരു ഉദാസീനവിനോദമായിട്ടല്ല ഞാൻ കരുതുന്നതു്. ജീവിതത്തെയും മരണത്തേയും സംബന്ധിക്കുന്ന ഒരു പ്രശ്നമായി ഞാൻ കരുതുന്നു. ആ അത്ഥത്തിൽതന്നെ നിങ്ങൾക്കും സ്വീകരിപ്പാനവകാശമുണ്ടു. ഞാൻ ഒന്നിലും തൃഷ്ണയുള്ളവനല്ല. നിങ്ങളുടെ സന്തോഷത്തിനുവേണ്ടി ജീവനുംകൂടി ഉപേക്ഷിപ്പാൻ ഞാൻ ഒരുക്കമാണു്. നിങ്ങൾ ഇതു വിശ്വസിക്കുമൊ?

അവർ അല്പമായി ഒരു ലഘുഭക്ഷണം കഴിച്ചു. മൈത്രീദാർഢ്യത്തെ വാഗ്ദാനം ചെയ്തുറപ്പിച്ചു. കുമാർസാഹിബ്ബ് അവളെ അടുത്തദിവസം ഭക്ഷണത്തിനു ക്ഷണിച്ചു യാത്രപറഞ്ഞു പിരിഞ്ഞു.

# രണ്ടാം അഫ്ഗാൻയുദ്ധം.

## കാരണങ്ങൾ.

(മേജർ ബി. ഡി വസു ഐ. എം. എസ്സ്.)

3.

നാത്ത് ബ്രൂക്ക് പ്രഭുവിന്റെ പകരം ഇൻഡ്യയിലെ വൈസറായിപദം അലങ്കരിച്ചതു ലിട്ടൻ ആയിരുന്നു. ഈ നിയമനത്തെ സംബന്ധിച്ച് സമകാലീനനായ ഒരു ചരിത്രകാരൻ ഇങ്ങനെ എഴുതിയിരിക്കുന്നു:-

രാജ്യവാസികളുടെ ഇടയിൽ മി: ഡിസ്രേലി മറെറാരു ചെറിയ അതിശയം സൃഷ്ടിച്ചു. അതു ലിട്ടൻപ്രഭുവിനെ ഇൻഡ്യയിലെ വൈസറായി ആയി നിയമിച്ചു എന്നുള്ളതാണ്. കൗതുകാവഹങ്ങളും വൈഷയികങ്ങളുമായ പദ്യം നിർമ്മിക്കുന്നതിൽ പേരെടുത്തിട്ടുള്ളവനെന്നേ ഇതുവരെ അദ്ദേഹത്തെ അറിഞ്ഞിട്ടുള്ളു. ബാഹ്യമോടിയുള്ളതെങ്കിലും ശിഥിലബന്ധത്തോടുകൂടിയ ചില നോവലുകളുടെ കത്താവുമായിരുന്നു. ഡൽഹൗസി, കാനിങ്ങ്, എൽജിൻ എന്നുതുടങ്ങിയ പ്രതിഭാശാലികളുടെ മസ്തിഷ്കശക്തിയെ ദുർബലമാക്കിത്തീർത്ത ആ ഉദ്യോഗഭാരം ഇങ്ങിനെയുള്ള ഒരുവൻ കൈയേററതു ലോകത്തെ ഒന്നാകെ ആശ്ചര്യപരതന്ത്രരാക്കി. പക്ഷെ ലിട്ടനിൽ ലയിച്ചിരുന്നതും ബാഹ്യലോകത്തിന് അറിവാൻ സംഗതി വന്നിട്ടില്ലാത്തതും ആയ ഭരണധുരന്ധരത്വം അദ്ദേഹത്തിനുണ്ടെന്നു ഡിസ്രേലി അറിഞ്ഞിരുന്നു എന്ന് ലോകസാമാന്യം വിശ്വസിക്കുന്നതിന്നു താല്പര്യമുള്ളവരായി കാണപ്പെട്ടു. നിയമനത്തെ ആശീർവദിച്ചും, വിജയത്തെ ആശംസിച്ചും കൊണ്ടുള്ള ഒരു മനോഭാവം ഇംഗ്ലണ്ടിൽ സവ്വത്ര കാണ്മാനുണ്ടായിരുന്നു.

ലിട്ടൻപ്രഭുവിനെത്തന്നെ ഡിസ്രേലി തിരഞ്ഞെടുത്തതിൽ അന്തർഭവിച്ചിരുന്ന രഹസ്യം അധികതാമസം കൂടാതെ ജനങ്ങൾക്ക് അറിവാറായി.

"കൌതുകാവഹവും വൈഷയികവുമായ പദ്യമെഴുത്തുകാരൻ" നാത്ത്ബ്രൂക്ക് പ്രഭു സാക്രുതം നിരസിച്ച പ്രവൃത്തികൾ അനുഷ്ഠിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തിരുന്നു. സ്ഥിതിഗതികളിങ്ങനെ ഇരിക്കെ ലിട്ടൻ ഇംഗ്ലണ്ടിൽനിന്നും പുറപ്പെടുന്ന അന്നും സൂര്യൻ അസ്തമിച്ചു. സാലിസ്ബറിപ്രഭു അനുഷ്ഠേയങ്ങളായ ഉപദേശങ്ങളെക്കൊണ്ടു യാത്രാസജ്ജീകരണവും ചെയ്തു. അവയാകട്ടെ:- "അഫ്ഗാനിസ്ഥാനിൽ ഒരു ബ്രിട്ടീഷുഏ

ജൻസിയുടെ ശാശ്വതഭാവത്തിൽ അമീറിനുണ്ടായേക്കാവുന്ന വിപ്രതിപത്തിയുടെ നിവാരണത്തിനു ഉചിതവ്യാഖ്യാനങ്ങൾ കൊണ്ടു് ആഫായ്യമോടിവരുത്തി ഒരു താല്ക്കാലികസന്ദേശം അയക്കുന്നതിന് ഏററവും അടുത്ത ഒരു സന്ദർഭം കണ്ടെത്തണം."

റസിഡൻറായോ, ഏജൻറായൊ ക്രിസ്ത്യാനികളെത്തന്നെ നിയമിക്കണമെന്നു് അദ്ധ്യരോപിതമായ കാരണങ്ങൾ രണ്ടാണ്. അവ:—

(1) സെൻട്രൽ ഏഷ്യയിലുള്ള എല്ലാ സ്വാതന്ത്ര്യരാജ്യങ്ങളേയും റഷ്യ കബളീകരിക്കുന്നു എന്നും അഫ്ഗാനിസ്ഥാനേയും അങ്ങിനെ ചെയ്യാൻ ആലോചിക്കുന്നു എന്നും ഒരു വത്തമാനം പരന്നിട്ടുണ്ടു്. റഷ്യ സെൻട്രൽഏഷ്യയിൽ ചെയ്യുന്ന ഓരോ പ്രവൃത്തിയും സ്ലാവുവർഗ്ഗക്കാർ ഇൻഡ്യയെ കൈവശപ്പെടുത്താനുള്ള സംരംഭമെന്നു വ്യാഖ്യാനിക്കുന്നതു് ഇന്നത്തെ സമ്പ്രദായം കൂടിയാണല്ലോ.

(2) പാശ്ചാത്യസമുദായക്കാരുടെ ഭരണനയങ്ങളിൽ അന്തർവീക്ഷണചാതുര്യം കാബൂളിലെ മഹമ്മദൻഏജൻറിനെ അനുഗ്രഹിച്ചിട്ടില്ലെന്നും തന്മൂലം വിശ്വാസ്യതയ്ക്കു പാത്രമല്ലെന്നും ഒരു അഭിപ്രായം കാബിനററിൽ കാണ്മാനുണ്ടു്.

ഇൻഡ്യയിലേയും ഏഷ്യയിലേയും പ്രാദേശീയഭരണക്രമങ്ങളുടെ സ്വാതന്ത്ര്യാപഹാരണത്തിനു പ്രയോഗിക്കുന്ന തന്ത്രകൗടില്യത്തെ മറയ്ക്കുവാൻ ബ്രിട്ടീഷുതന്ത്രകുശലന്മാരും ഇൻഡ്യയിലെ വൈസറായിമാരും റഷ്യയേക്കുറിച്ചൊ, ഫ്രാൻസിനെക്കുറിച്ചൊ ഉള്ള ഭയം എന്ന തിരസ്കരിണി ഉപയോഗിക്കാറുണ്ടു്. പക്ഷെ അമീറിനെ ഞെരുക്കിയ ഇക്കാലത്തു് റസൊഫോബിയായുടെ വല്ല ലക്ഷണവും പ്രത്യക്ഷമായിരുന്നോ.? 1876 മേ അഞ്ചാംതീയതി ഡിസ്രേലി കാമൺസഭയിൽവച്ചു് ഇങ്ങിനെ പറഞ്ഞു:-

"നമ്മുടെ ഇന്ത്യാസാമ്രാജ്യത്തിൻെറ സാമ്പത്തികവും സാമ്രാജ്ഗികവും ആയ സകല വശങ്ങളേയും സംരക്ഷിക്കയും ബലപ്പെടുത്തുകയും ചെയ്യുന്നതിനു നാം ഉറച്ചിട്ടുള്ളതിനു പുറമെ പരസ്പരദേശങ്ങളിൽ നമുക്കുള്ള ന്യായാനുസൃതാധികാരങ്ങളെ പുലത്തുന്നതിനും നാം ഒരുക്കമെന്നു നമ്മുടെ ഗവണ്മെൻറു വിശദീകരിച്ചിട്ടുള്ളിടത്തോളം കാലം, റഷ്യ സ്വസാമ്രാജ്യവിസ്തൃതി ക്രമത്യാനുസാരേണ വരുത്തുന്നതിൽ നമ്മുടെ വീക്ഷണഗതി അസൂയാകലുഷമായിരിക്കയില്ലെന്ന് അതു പൂർണ്ണമായി അറിയുന്നുണ്ടു്. നമ്മുടെ കാര്യങ്ങളുടെ നിർവ്വഹണത്തിന് എനിക്കിപ്പോൾ ഉള്ള അധികാരം നിലവിൽ ഇരിക്കുന്ന കാലത്തോളം റഷ്യയ്ക്കു നമ്മുടെ വീക്ഷണങ്ങളെ വിശദമായി അറിവാൻ സംഗതിയാക്കീട്ടുണ്ടു്. അതുതന്നെയല്ല, രണ്ടു രാജ്യങ്ങളുടെ സമര

സ്യനിലയ്ക്കു് അവ പര്യാപ്തങ്ങളെന്നും അവർ ധരിച്ചിട്ടുണ്ട്. ആധുനിക കാലത്തേക്കാൾ പ്രിയതരമായ ഒരു നില സെൻറ് ജെയിംസ് കൊട്ടാരവും സെൻറ് പീറേഴ്സ് ബർഗ്ഗും തമ്മിൽ ഇതിനു മുമ്പുണ്ടായിട്ടില്ലെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. നമ്മുടെ നയം സുവ്യക്തവും, സുഗമവുമാക കൊണ്ടു് ഈ വിധമായ സൗഹാർദ്ദനിലയ്ക്കു സംഗതി ആയിരിക്കുന്നു.

അന്നു ഇംഗ്ലണ്ടിന് ഇൻഡ്യയെ സംബന്ധിച്ചു റഷ്യ മൂലം ഒരു ഭീതിക്കും അവകാശമില്ലെന്നു പൊതുജനങ്ങൾക്ക് മന്ത്രിസത്തമൻെറ പ്രസംഗത്തിൽനിന്നു മനസ്സിലായി. റഷ്യ സ്വാധീനമാക്കിയ പ്രദേശങ്ങളിൽ ഇംഗ്ലണ്ടിനു പ്രവർത്തനരംഗം ഉണ്ടായിരുന്നില്ല.

ബ്രിട്ടീഷുഏജൻറായി കാബൂൾരാജധാനിയിൽ താമസിച്ചിരുന്ന മഹമ്മദീയനെ സംബന്ധിച്ച് അപ്രാപ്തനും അവിശ്വാസ്യനും ആണെന്ന പക്ഷത്തിൽ നാർത്ത്ബ്രൂക്ക് പ്രഭുവോ അദ്ദേഹത്തിൻെറ സഹപ്രവർത്തകന്മാരോ ഏജൻറിൻെറ കൃത്യപാടവത്തെക്കുറിച്ച് അശേഷവും അപലപിച്ചിട്ടില്ല. ലാഡ് ലിട്ടൻപോലും ആററ മഹമ്മദിൻെറ സാമർത്ഥ്യത്തെ അഭിനന്ദിച്ചതായി കാണുന്നുണ്ടു്. 'നന്ദിപൂർവ്വം ഗവണ്മെൻറിനെ സേവിച്ചതിനു പാരിതോഷികമായി' പതിനായിരം രൂപ ലിട്ടൻ ഇദ്ദേഹത്തിനു സമ്മാനിച്ചതായി കാണുന്നു.

അമീറിൻെറ രാജധാനിയിൽ ഒരു ബ്രിട്ടീഷുറസിഡണ്ടിനേയൊ ഏജൻറിനേയൊ നിയമിച്ച് അദ്ദേഹത്തെ ഞെരുക്കിയതിൻെറ ആവശ്യം എന്താണ്.? ഈ കേസിൻെറ നാനാവശങ്ങളേയും അനുഭാവപൂർവ്വം വിചിന്തനം ചെയ്യുന്നതായാൽ ഡിസ്രേലികാബിനററിന്നു അമീറിൻെറ രാജധാനിയെ ഒരു ബ്രിട്ടീഷുസംസ്ഥാനമാക്കിത്തീർക്കണമെന്ന് മോഹമുണ്ടായിരുന്നുവെന്നു തെളിയുന്നതാണ്. പ്രധാനമന്ത്രിയുടെ നയവിശേഷത്തെ സൂക്ഷിക്കുന്നതായാൽ ഇതു അസംഗതവുമല്ല. ഇദ്ദേഹം ഇംഗ്ലണ്ടിനെ ഒരു ഏഷ്യാസാമ്രാജ്യമായി ഗണിച്ചു. സജീവമായ ഒരു വിദേശനയത്തെ സ്ഥാപിച്ചു, പാൽമേസ്റ്റൻെറ 'പുരോഗമന'മതെ ഇദ്ദേഹവും സ്വീകരിച്ചു്. ഒന്നാം അഫ്ഗാൻയുദ്ധാനന്തരം സിദ്ധിച്ച ലഘുത്വത്തെ ചരിത്രവശങ്ങളിൽ നിന്നും മാർജ്ജനം ചെയ്യാൻ ശ്രമിച്ചു. അഫ്ഗാനിസ്ഥാൻെറ സ്വാതന്ത്ര്യഭംഗം ചെയ്തപ്പോൾ (1840-ൽ) സംഭവിച്ച അധികാരഭ്രംശത്തെ വീണ്ടെടുക്കുവാനുറച്ചു

ലിട്ടൻ വൈസറായിപദം അലങ്കരിച്ച് അധികം കഴിയുംമുമ്പെ, സർ ലൂയിപെല്ലിയെ ഒരു ഏജൻറായി സ്വീകരിക്കുമോ എന്ന അന്വേഷണം ആററ മഹമ്മദുവഴി നടത്തി. ആകാശത്തിൽ നിന്നുണ്ടായ അശനിപാതം പോലെ അമീർ ഈ അഭിപ്രായത്തെ പരിഗണിച്ചു. ആർക്കും ഉത

ഹിക്കാൻ കഴിയുന്നതുപോലെ തന്നെ അമീർ ബ്രിട്ടീഷുദ്യോഗസ്ഥനെ ഏജൻറായി സ്വീകരിക്കുന്നതിൽ ഉള്ള വിസമ്മതം വിശദമാക്കി. നിരാകരണത്തിന് അമീർ മൂന്നു കാരണങ്ങളാണു പറഞ്ഞിരുന്നത്:- (1) ഇംഗ്ലീഷുദ്യോഗസ്ഥൻെറ ജീവൻ സുരക്ഷിതമായിരിക്കയില്ല. (2) കലഹത്തിനു കാരണമായേക്കാവുന്ന പലതും യൂറോപ്യൻ ആഫീസർ ആവശ്യപ്പെട്ടെന്നും വരാം. 'ഭാവിവീക്ഷണം ചെയ്ത' കാബൂൾഗവണ്മെൻറ്, യൂറോപ്യൻ ഉദ്യോഗസ്ഥന്മാരെ നിയമിക്കരുതെന്ന് ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (3) ഇംഗ്ലീഷുകാർ ഇവിടെ വന്നുചേർന്നാൽ റഷ്യയും ഈ അവകാശത്തിന് ആവശ്യപ്പെടും.

സംഗതികളുടെ സ്ഥിതി ഇങ്ങിനെയാണെങ്കിലും ആററമഹമ്മദ് ബ്രിട്ടീഷുകോയ്മയെ കണ്ടു സംഗതികൾ ഒന്നുകൂടി വിശദീകരിക്കണമെന്ന് അമീർ പറഞ്ഞയച്ചു. അതനുസരിച്ചു ആററമഹമ്മദ് സിംലായിൽ എത്തി വിവരം വൈസറായിയെ 1876 ഒക്ടോബറിൽ അറിയിച്ചു. അമീറിൻെറ സങ്കടങ്ങളേയും അഫ്ഗാനിസ്ഥാനിൽ ഒരിടത്തും ഒരു ബ്രിട്ടീഷുദ്യോഗസ്ഥനെ നിയമിക്കുന്നതിലുള്ള വൈമനസ്യവും വൈസറായിയെ ആററ ധരിപ്പിച്ചു. വൈസറായി അമീറിനെ ഭീഷണിപ്പെടുത്തുവാൻ ഇങ്ങനെ ഒരു സന്ദേശം ആററമഹമ്മദു വശം അയച്ചു:-

'അഫ്ഗാനിസ്ഥാൻെറ സ്വാതന്ത്ര്യസംരക്ഷണത്തിൽ ഞങ്ങളുടെ ഏകലക്ഷ്യം ഫ്രൺടിയറിൻെറ രക്ഷ മാത്രമത്രെ. അഫ്ഗാനിസ്ഥാനെ മിത്രഭാവനയോടെ ഒരു അധീനരാജ്യമെന്നു എണ്ണാതിരിക്കുന്ന നിമിഷത്തിൽ റഷ്യയുമായി ആലോചിച്ച് ഞങ്ങളുടെ സീമയെ സംരക്ഷിക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുന്നതിൽ ആരാണു തടസ്സം ചെയ്യുന്നത്? അങ്ങിനെ വരുന്നതായാൽ അഫ്ഗാനിസ്ഥാൻ ഭൂപടത്തിൽനിന്നു മാഞ്ഞുപോകുവാൻ ഇടയുള്ളതാണ്. അമീർ ഉടനടി ഞങ്ങളോടു സമാധാനപൂർവം അനുവർത്തിക്കാത്തപക്ഷം അതു റഷ്യ അനുവർത്തിക്കും. അമീറിൻെറ നാശംകൊണ്ട് അതു സാധിപ്പാൻ റഷ്യ ഇച്ഛിക്കുന്നുണ്ടു. രണ്ടു ലോഹപാത്രത്തിൻെറ മദ്ധ്യത്തിലുള്ള ഒരു മൺപാത്രം മാത്രമാണ് അഫ്ഗാനിസ്ഥാനെന്നു വിസ്മരിക്കരുത്.

നന്ദിപൂർവം ഗവണ്മെൻറിനെ സേവിച്ചതിനു പാരിതോഷികമായി മുൻപ്രസ്താവിച്ചപോലെ ഒരു തുക കൊടുത്ത ആററമഹമ്മദിനെ ജോലിയിൽ നിന്നും വൈസറായി പിരിച്ചുവിട്ടു. വൈസറായി അമീറുമായി ചെയ്വാൻ ഇച്ഛിക്കുന്ന ഉടമ്പടിയുടെ സാരത്തെ വിശദീകരിക്കുന്ന ഒരു കുറിപ്പുകൂടി ആററമഹമ്മദിനെ ഏല്പിച്ചു. അമീറിൻെറ പ്രതിപുരുഷനായ നൂർമഹമ്മദിനെ പേഷവാറിലേക്കയച്ച് സർല്യൂയിപെല്ലിയുമായി കൂടിയാ

ആലോചന നടത്തി ഉടമ്പടിയിലെ സംഗതികളെ ഉറപ്പിക്കുന്നതിനും അടുത്തു ഡൽഹിയിൽ നടത്തുവാനിരിക്കുന്ന ഇംപീരിയൽ അസംബ്ലിയിൽ അമീർ തന്നെ എത്തുന്നതിനും അതിൽ വിവരിച്ചിരുന്നു.

ന്യൂർമഹമ്മദ് കാബൂളിൽ തിരിച്ചെത്തി അഫ്ഗാനിസ്റ്റാൻ ലോഹഘടങ്ങളുടെ മദ്ധ്യസ്ഥമായ മൺകുടമാണെന്നുള്ള ഭീഷണി അമീറിനെ ധരിപ്പിച്ചപ്പോൾ അദ്ദേഹത്തിന് ഇൻഡ്യൻ ഫ്രൻടിയറിനെ സംബന്ധിച്ചുള്ള ഭീതി അനല്പമായിത്തീൎന്നു. 1876 നവംബർ രണ്ടാംതിയ്യതി ബ്രിട്ടീഷുഗവൺമെൻറ് ക്വററയിൽ സൈന്യങ്ങളെ അധിനിവേശം ചെയ്യിച്ചു. ആ കാലത്തുതന്നെ സിന്ധുനദിയിൽ പാലങ്ങൾ ഇട്ടു സൈന്യം അഫ്ഗാനിസ്റ്റാനിലേക്കു പ്രയാണം ചെയ്തുതുടങ്ങി. ക്വററയിലുള്ള പ്രവേശത്തെ കാൻഡഹാർ പിടിച്ചടക്കുന്നതിനുള്ള പ്രഥമപദമായി അമീർ എണ്ണി. ഇതു തന്നെയായിരുന്നു ഒന്നാം അഫ്ഗാൻയുദ്ധത്തിൻെറയും പുറപ്പാട്. ടക്കിസ്ഥാനാപതിയും അമീറുംകൂടി ഉണ്ടായ സന്ദർശനാവസരത്തിൽ അമീർ ഈ വർത്തമാനം സ്ഥാനാപതിയെ അറിയിച്ചു. സ്ഥാനാപതി:– 'നിങ്ങളുടെ വീടിൻെറ പടിവാതുക്കൽ ആയുധപാണിയായ ഒരുവൻ മറഞ്ഞുനില്ക്കുന്നതായാൽ നിങ്ങൾ ഉറങ്ങുമ്പോൾ അകത്തു കടക്കാൻ ഒരുങ്ങിനില്ക്കുന്നതായല്ലാതെ മററെന്താണു ഊഹിപ്പാനുള്ളതു്.'

സർ ലൂയിപെല്ലിയുമായി ആലോചിക്കുവാനായി വൈസറായിയുടെ ആജ്ഞപ്രകാരം അമീർ മഹമ്മദിനെ പേഷവാറിലേക്കയച്ചു. 1877 ജനുവരി ഒന്നാംതിയ്യതി ആദ്യകാൺഫറൻസു നടന്നു.

സർ ലൂയിപെല്ലി:- സന്ധിയാലോചനയ്ക്കു മുമ്പേതന്നെ ഒരു ബ്രിട്ടീഷ് ആഫീസർ അഫ്ഗാനിസ്റ്റാനിൽ താമസിക്കണമെന്ന നിശ്ചയം സ്വീകരിക്കേണ്ടതാണ്. ഈ കാൎയ്യം തീരുമാനിച്ചതിനു ശേഷമേ മററു സംഗതികൾ പ്രതിപാദിക്കപ്പെടാവൂ.

ഇംഗ്ലീഷുദ്യോഗസ്ഥന്മാരെ അഫ്ഗാനിസ്റ്റാനിൽ താമസിപ്പിച്ചുകൂടെന്നുള്ളതിനു വേണ്ട ന്യായങ്ങൾ പറഞ്ഞു.

'ഈ അഭിപ്രായത്തെക്കുറിച്ച് അഫ്ഗാൻജനങ്ങൾ ഭീതരായിരിക്കുന്നു. ഒരു ഇംഗ്ലീഷുകാരനോ മറെറാരു യൂറോപ്യനോ അവരുടെ നാട്ടിൽ കാലൂന്നിയാൽ അവരുടെ രാജ്യം നഷ്ടമാകുമെന്ന് അവർ ദൃഢമായി വിശ്വസിച്ചിരിക്കുന്നു.'

അസ്ഥിവാരതത്വം തന്നെ നിഷേധിക്കപ്പെടുന്നതുകൊണ്ട് കാൺഫറൻസ് തുടൎന്നു കൊണ്ടുപോകുന്നതു് അസാദ്ധ്യമെന്നു ബ്രിട്ടീഷുസ്ഥാനാപതി ന്യൂർമഹമ്മദിനെ അറിയിച്ചു. എങ്കിലും ഈ വിവരം വൈസറായി

യെ അറിയിച്ച് അനന്തരകൃത്യം തുടരാമെന്നു വാഗ്ദത്തം ചെയ്തു. 1877 മാർച്ച് 15-ാംതീയതി വൈസ്രായിയുടെ മറുപടി ഒരു എഴുത്തുമൂലം നൂർമഹമ്മദിനെ അറിയിച്ചു. ഈ സമയം നൂർമഹമ്മദ് പെട്ടെന്നു രോഗബാധിതനായി. 1877 മാർച്ച് 26-ാംതീയതി ഇദ്ദേഹം മരിച്ചു. 1877 മാർച്ച് 15-ാംതീയതി പെഷവാർ വിട്ടുന്നതിനും കാൺഫറൻസ് അവസാനിപ്പിക്കുന്നതിനും സർ ലൂയിപെല്ലിക്ക് ലിട്ടൻ ഒരു കമ്പിയടിച്ചു. "അമീർ നമ്മുടെ ഇഷ്ടാനുസരണം സന്ധിചെയ്യുന്നതിന് ഒരുക്കമില്ലാത്തതുകൊണ്ടു ഉടനെ കാൺഫറൻസ് അവസാനിപ്പിക്കണം. നമ്മുടെ വ്യവസ്ഥയ്ക്കനുരൂപമായി സന്ധിചെയ്യാൻ മീർ അക്ബറെ അധികാരപ്പെടുത്തിട്ടില്ലാത്തതുകൊണ്ടും മററുവിധത്തിൽ ചെയ്യുന്നതിനു നിങ്ങൾക്ക് അധികാരം തന്നിട്ടില്ലാത്തതുകൊണ്ടും കാൺഫറൻസ് അവസാനിപ്പിച്ചിരിക്കുന്നു.

ബ്രിട്ടീഷുഗവണ്മെൻറിൻെറ സകല നിബന്ധനകളേയും സ്വീകരിച്ചുകൊള്ളാം എന്ന നിശ്ചയത്തോടുകൂടി അമീറിൻെറ അടുക്കൽനിന്നും ഒരു പുതിയ സ്ഥാനാപതി കാബൂളിൽനിന്നും പുറപ്പെട്ടിട്ടുണ്ടെന്ന വിവരം വൈസറായി പൂർണ്ണമായി അറിഞ്ഞിരുന്നു. കാൺഫറൻസ് അവസാനിക്കുന്നതിനു മുമ്പുതന്നെ നൂർമഹമ്മദു മരിച്ചു. ഇദ്ദേഹത്തിൻെറ സഹപ്രവർത്തകനായ മീർ അക്ബർ ഈ സന്ധികാര്യം ഒന്നും അറിഞ്ഞിരുന്നില്ല. അന്ത്യമായി യാതൊരു പോംവഴിയില്ലെന്നു വരുന്നപക്ഷം വൈസറായിയുടെ ഇഷ്ടാനുസരണം ഈ അപകടപൂർണ്ണമായ സന്ധിയെ സമ്മതിക്കുന്നതിനുകൂടി നൂർമഹമ്മദിനെ അമീർ അധികാരപ്പെടുത്തിയിരുന്നു. ഈ കാരണംകൊണ്ടു തന്നെയാണു ഉടനെതന്നെ ഒരു പുതിയ സ്ഥാനാപതിയെ അമീർ പേഷവാറിലേക്കയച്ചതു്. കാൺഫറൻസ് അവസാനിക്കുന്നതിനു പുതിയ സ്ഥാനാപതിയുടെ വരവു വരെ എങ്കിലും വൈസറായി ക്ഷമിക്കേണ്ടതായിരുന്നു. മര്യാദാഹീനമായ വിധത്തിൽ വൈസറായി അക്ഷമനാകുകയാണു ചെയ്തതു്.

തന്ത്രകൌശലത്തിൻെറ ഫലമായി വൈസറായി ഇംഗ്ലണ്ടിലേക്കയച്ച ഒരു സന്ദേശത്തിൽ ഷേറമഹമ്മദിനെ ആക്ഷേപിച്ചിരുന്നു. അദ്ദേഹം നമ്മുടെ നിയമങ്ങളെ അനുസരിക്കുന്നില്ലെന്നും ബുദ്ധിഹീനനാണെന്നും അതിൽ വിവരിച്ചു. കാബൂളിൽ നടക്കുന്ന വിവരങ്ങൾ പൂർണ്ണമായി അതാതു കാലത്തു് നമുക്കു അറിവു തരുന്നില്ലെന്നാണു് മറെറാരാക്ഷേപം.

പേഷവാർ കാൺഫറൻസ് അതിവേഗത്തിൽ ലിട്ടൻ അവസാനിപ്പിച്ചതിനേയും ഷേറമഹമ്മദ് ബുദ്ധിശൂന്യനും രാജദ്രോഹിയും എന്നു പറഞ്ഞതിനേയും മററും സൂക്ഷ്മവീക്ഷണം ചെയ്യുമ്പോൾ ഇൻഡ്യാഗവണ്മെൻറിൻെറ യുദ്ധത്തിനുള്ള പുറപ്പാടിനെ അമീർ ദർശിച്ചു. കഥറയിൽ

ഒരു പട്ടാളത്തെ താമസിപ്പിച്ചു; ഒരു ക്രിസ്ത്യൻആഫീസറെ അഫ്ഗാനിസ്ഥാനിൽ താമസിപ്പിക്കണം. അമീർ ഏതു വ്യവസ്ഥയും സമ്മതിക്കാമെന്നു പറഞ്ഞപ്പോൾ കാൺഫറൻസ് അവസാനിപ്പിച്ചു, ഇവയോരോന്നും തന്നോടു കാണിച്ച ഭീഷണിയെ അൎത്ഥവത്താക്കുന്നതിനു തന്നെയെന്ന് അമീർ ഉറച്ചു.

1877 അക്ടോബർ 4-ാംതീയതി സാലിസ്ബറി യുദ്ധപ്രഖ്യാപനത്തോടു തുല്യമായ ഒരു എഴുത്തയച്ചിരുന്നു. അമീറിന്റെ സംശയങ്ങൾ തീൎന്നു.

അമീർ വേർപിരിഞ്ഞ നിലയേയും ഏതാണ്ട് അനാദരാദീത ശത്രുതയേയും തുടൎന്നുകൊണ്ടുതന്നെ ഇരിക്കുന്നപക്ഷം ബ്രിട്ടീഷുഗവണ്മെന്റിന്റെ സകലവിധ വാഗ്ദാനങ്ങളേയും പിൻവലിക്കുന്നതാണ്. നമ്മുടെ ഗവണ്മെന്റിനു ഹാനികരമായി അതിൎത്തിദേശത്തു വല്ല കുഴപ്പവും നേരിടുന്നപക്ഷം അമീർ ഷർ അലിയേയൊ, അദ്ദേഹത്തിന്റെ വംശത്തേയൊ വിഗണിച്ച് വേണ്ടതു നാം പ്രവൎത്തിക്കുന്നതായിരിക്കും.

സാലിസ്ബറി അമീറിൽ ആരോപിച്ച ശത്രുഭാവനയ്ക്കു് യാതൊരു തെളിവും ഇതുവരെ ഉണ്ടായിട്ടില്ല. പക്ഷെ ഒഴുക്കിനു മുകളിൽ ഇരുന്നു ആട്ടിൻകുട്ടിയെ ദേഷ്യപ്പെടുന്ന ചെന്നായിന്റെ കഥയോടു് ഈ പ്രഖ്യാപനത്തിനു സാദൃശ്യമുണ്ട്.

ഏറെത്താമസിയാതെതന്നെ ചില 'കുഴപ്പങ്ങൾ' അഫ്ഗാനിസ്ഥാനിൽ ഉണ്ടായി. കാബൂളിലെ അമീറോടു യുദ്ധപ്രഖ്യാപനം ചെയ്യുന്നതിന് ഇംഗ്ലണ്ടുകാൎക്ക ഇതൊരായുധമായി കലാശിച്ചു. 'ഈ കുഴപ്പം' റഷ്യ അമീറിനൊരു സന്ദേശം അയച്ചു എന്നതത്രെ. അമീറും റഷ്യൻ പ്രാവിൻസിലെ ഗവൎണ്ണരും തമ്മിൽ ഇതിന്നുമുമ്പും പല സന്ദേശങ്ങളും അയക്കാറുണ്ട്. ഇൻഡ്യാഗവണ്മെന്റും, വിദേശആഫീസും, ബ്രിട്ടീഷ് മന്ത്രിസഭയും ഈ പരമാൎത്ഥം നല്ലപോലെ അറിഞ്ഞിട്ടും ഉണ്ട്. റഷ്യൻഗവണ്മെന്റിൽ നിന്നു കിട്ടുന്ന എല്ലാ എഴുത്തുകളും അമീർ ഇൻഡ്യാഗവൺമെന്റിന് അയച്ചുവന്നിരുന്നു. ലാർഡ് ലിട്ടന്റെ കാലം വരെ ഈ എഴുത്തുകൾക്ക് യാതൊരു ദുരൎത്ഥവും വ്യാഖ്യാനിച്ചിരുന്നുമില്ല. എറൽ മേയൊ ഇൻഡ്യാഗവൺമെന്റിന്റെ സൎവാധിപത്യം വഹിച്ചിരുന്ന അന്നുകൂടി ടൎക്കിസ്ഥാനിലെ റഷ്യൻ ഗവൎണ്ണരും, അമീറും തമ്മിലുള്ള എഴുത്തുകുത്തുകൾ ആപൽക്കരമല്ലെന്നു തന്നെയല്ല അവയ്ക്കു പല നല്ല വശങ്ങൾകൂടി ഉണ്ടായിരുന്നു എന്ന് അഫ്ഗാനിസ്ഥാനേയും, സെൻട്രൽ ഏഷ്യയേയും സംബന്ധിക്കുന്ന ചില പാർലമെൻറ് രേഖകൾകൊണ്ടു തെളിയുന്നതാണ്. സെൻട്രൽഏഷ്യയിൽ ഉണ്ടായിരുന്ന എല്ലാ മഹമ്മദൻരാജധാനികളേയും റഷ്യ കൈവ

ശപ്പെടുത്തിയിരിക്കുന്ന വിവരം അമീറിന് അറിയാം. അതിനാൽ അമീർ റഷ്യയെ ഇംഗ്ലണ്ടിനേക്കാൾ അധികമായിട്ടല്ലെങ്കിലും സമപ്രധാനതയോടെ ഭയപ്പെടുന്നുണ്ട്. പത്തൊൻപതാം നൂററാണ്ടിന്റെ സപ്തദശയിൽ റഷ്യൻഗവണ്ണർ അയച്ച എല്ലാ എഴുത്തുകളും വൈസ്രായിക്കയച്ചുകൊടുക്കയും, ഉചിതമായ ഒരു മറുപടി തയാറാക്കി അയച്ചുകൊടുക്കുന്നതിന് അപേക്ഷിക്കയും ചെയ്തിരുന്നു. മേയോപ്രഭുവും അങ്ങിനെ ചെയ്തിരുന്നു. ആ വിധ നടപടികൾ അമീറിനു സംതൃപ്തിക്കും വിശ്വാസത്തിനും കാരണമെന്ന് മേയൊ പ്രസ്താവിച്ചിട്ടും ഉണ്ടായിരുന്നു. അമീറിനോട് ഏതു വിധത്തിലു ഒരു സമരം നടത്തണമെന്നു മോഹിച്ചിരുന്ന ലിട്ടൻപ്രഭുവിനും ഡിസ്രേലിയുടെ മന്ത്രിസഭയ്ക്കും ഈ എഴുത്തുകൾ റഷ്യയുമായി അമീർ ദുരാലോചന നടത്തുന്നതായിട്ടാണു തെളിഞ്ഞത്.

അമീർ ക്ഷണിച്ചിട്ടില്ലെങ്കിലും സമ്മതിച്ചിട്ടുതന്നെയാണ് റഷ്യൻ മിഷ്യൻ അഫ്ഗാനിസ്ഥാനിൽ എത്തിയിരുന്നത്. 1878 ജൂൺ ആരംഭത്തിലൊ, മേ അവസാനത്തിലൊ ഈ മിഷൻ അവിടെ എത്തി. ഈ റഷൻസന്ദേശത്തെക്കുറിച്ചു ചിന്തിക്കുന്നതിനുമുമ്പ് യൂറോപ്പിലെ തല്ക്കാലസ്ഥിതികളെ അല്പം അറിഞ്ഞിരിക്കേണ്ടതാണ്. റഷ്യയും ടർക്കിയുമായുള്ള യുദ്ധത്തിൽ ടർക്കി അത്യന്തം പരാജിതമായി. കാൺസ്റ്റാന്റിനോപ്പിളിലേയ്ക്കുള്ള മാർഗ്ഗം പ്രതിബന്ധമില്ലാത്തതെന്നു കണ്ട് റഷ്യ ടർക്കിയെ ദ്രോഹിപ്പാൻ തന്നെ ഉറച്ചു. ഇംഗ്ലണ്ട് ടർക്കിയെ സഹായിക്കാം എന്ന വാഗ്ദാനം ലഭിച്ചിട്ടില്ലായിരുന്നു എങ്കിൽ ടർക്കി ഇങ്ങിനെ ഒരു യുദ്ധത്തിൽ ഏർപ്പെടുകയില്ലായിരുന്നു എന്ന സംഗതി സുപ്രസിദ്ധമത്രെ. പക്ഷെ ടർക്കിക്ക് ഇങ്ങിനെ ഒരു സഹായം ഉണ്ടായതോ ഇല്ല. ബക്കൺസ്ഫീൽഡ് പ്രഭു കുഴപ്പമുണ്ടാക്കേണ്ടതെങ്ങിനെ എന്നറിഞ്ഞിരുന്നു. ടർക്കിയെ സഹായിക്കുന്നതിന് അദ്ദേഹത്തിനു മനസ്സുണ്ടായിരുന്നില്ല. 1878-ൽ പാർലമെന്റു സെഷൻ കൂടിയപ്പോൾ റഷ്യയും ടർക്കിയുമായുള്ള ഈ സമരം ഭാഗ്യദോഷത്താൽ നീണ്ടാൽ നിലനില്ക്കുന്നപക്ഷം അനാശാസ്യമായ നിലയുടെ ആവിർഭാവം ഉണ്ടാകുവാനും അപ്പോൾ സ്വയരക്ഷയ്ക്കുള്ള ചില മാർഗ്ഗങ്ങളെ അവധാനതയോടെ സ്വീകരിക്കുന്നതിനും നാം നിർബന്ധിതരായേക്കാമെന്നു ഉൽഘാടനപ്രസംഗത്തിൽ പറഞ്ഞിരുന്നു. അവധാനതയോടെ ചെയ്ത കർമ്മങ്ങളിൽ ഒന്ന് ഇൻഡ്യയിൽനിന്നും മാൾട്ടയിലേയ്ക്ക് ഒരു സൈന്യത്തെ ഇറക്കി റഷ്യയുടെ അഭിലാഷത്തെ പ്രതിരോധിക്കയായിരുന്നു. ഇംഗ്ലണ്ടിനെ അധിവസിക്കുന്നവർക്ക് ഇതൊരു അത്ഭുതസംഭവം മാത്രമത്രെ. ഈ ഒററ സംഗതിയാണ് റഷ്യ കാബൂളിലേയ്ക്ക് ഒരു സന്ദേശം ഇപ്പോൾ അയപ്പാൻ കാരണമായത്. ഇൻഡ്യാഗവണ്മെന്റും കാബൂളിലെ അമീറും തമ്മിൽ

ഇയ്യിടെ നടന്ന സംഭവങ്ങൾ റഷ്യയ്ക്കു നല്ലപോലെ അറിയാമായിരുന്നു. അമീറെ ഒരു ബ്രിട്ടീഷുരസിഡണ്ടിൻെറ അവരോധം മൂലം ദണ്ഡിപ്പിക്കുന്നതും, അമീർ അതിനെ തിരസ്കരിക്കുന്നതും ഒടുവിൽ കീഴെട്ടു് ഏജൻറിനെ സ്വീകരിക്കാമെന്നു സമ്മതിക്കുന്നതും, അപ്പോൾ ബ്രിട്ടീഷുഗവമ്മെൻറു് സ്വാർത്ഥകാര്യത്തേയും ഉപേക്ഷിക്കുന്നതും ബ്രിട്ടീഷ് ഏജൻറിനെ പിൻവലിച്ചതും എല്ലാം അക്ഷരംപ്രതി റഷ്യാഗവർണ്ണർ അറിഞ്ഞിരുന്നു. ഈ പരമാർത്ഥം എല്ലാം ധരിച്ചുംകൊണ്ടു് സെൻറ് പീറ്ററേഴ് സ്ബർഗിലെ അനുവാദം കൂടാതെതന്നെ ഗവർണ്ണർ കാബൂളിലേയ്ക്കു് ഒരു സന്ദേശം അയച്ചു.

1873 ജൂലായിമാസം മൂന്നാംതിയ്യതി റഷ്യൻഗവമ്മെൻറു മേലാൽ അഫ്ഗാനിസ്ഥാനുമായി യാതൊരിടപാടും ചെയ്തുപോകരുതെന്നു ഗവർണ്ണർക്കു് സെൻറ് പീറ്ററേഴ് സ് ബർഗിൽനിന്നും ഒരു ഉത്തരവയച്ചിരുന്നു. അതിനാൽ അവിടെ അറിയാതെതന്നെയാണു് ഇപ്പോഴത്തെ സന്ദേശമെന്നതു നിശ്ചയംതന്നെ. റഷ്യൻഗവർണ്ണർ ചെയ്ത പ്രവൃത്തിയെ സാധൂകരിക്കുന്നതിനു ചില ന്യായങ്ങളുമുണ്ടു്. റഷ്യയും ടക്കിയും യുദ്ധത്തിനൊരുങ്ങിയ കാലത്തു ടക്കിസുൽത്താൻ അമീറിൻെറ അടുക്കലേക്കൊരു പ്രതിപുരുഷനെ അയച്ചിരുന്നു. ഈ പ്രതിപുരുഷൻ ഇൻഡ്യയിൽക്കൂടെയാണു അങ്ങോട്ടു പോയതു്. സെൻട്രൽഏഷ്യയിലുള്ള മഹമ്മദീയരുടെ ഇടയിൽ മതപ്രസംഗം ചെയ്തു് അവരെ ഇളക്കുന്നതിനും അഫ്ഗാനിസ്ഥാനിലെ അമീറിൻെറ സഹായത്തോടുകൂടി ബുക്കാറ അമീറെ സ്വാധീനമാക്കി അവിടെ റഷ്യക്കു വിപരീതമായി ഒരു വിപ്ലവമുണ്ടാക്കുന്നതിനുമാണു് ഈ പുറപ്പാടെന്നു റഷ്യ ഊഹിച്ചു. റഷ്യൻഗവമ്മെൻറു് ഈ സംഗതിയെക്കുറിച്ചു സെൻറ് പീറ്ററേഴ് സ്ബർഗിൽ താമസിക്കുന്ന ഇംഗ്ലീഷു അംബാസിഡരോടു വിവരം പറഞ്ഞു. അദ്ദേഹം അതു ഫാറിൻസെക്രട്ടറിയെ അറിവിക്കയും ചെയ്തു. വിദേശസെക്രട്ടറിയായ ഡർബിപ്രഭു ഇതിനെക്കുറിച്ചു് അത്ര ശ്രദ്ധിച്ചില്ല. രണ്ടു രാജ്യങ്ങളും (അഫ്ഗാനിസ്ഥാനും ബുക്കാറയും) തമ്മിൽ ഉള്ള ബന്ധത്തെ ഭംഗം ചെയ്യത്തക്ക യാതൊരു പ്രവൃത്തിയിലും ഏർപ്പെടരുതെന്നു അഫ്ഗാൻ അമീറിനു് എങ്ങും കൊള്ളാത്ത ഒരു മറുപടി അയച്ചു. അതിങ്ങനെയായിരുന്നു:--

"പോർട്ടിലെ അപേക്ഷാനുസരണം ഒരു ടക്കിദൂതനെ ഇൻഡ്യയിൽക്കൂടി അഫ്ഗാനിസ്ഥാനിലേക്കയച്ചിട്ടുണ്ടു്. ഈ സന്ദേശത്തിൻെറ ഉദ്ദേശം ഒരു മതസംരംഭത്തിനാണെന്നു് ഈ ഗവമ്മെൻറു വിശ്വസിക്കുന്നതിനു യാതൊരു കാരണവും കാണുന്നില്ല.

വേറെയും ചില കാരണങ്ങളുണ്ടു്. രണ്ടു ഇംഗ്ലീഷുദ്യോഗസ്ഥന്മാർ

സെൻട്രൽഏഷ്യയിൽ സഞ്ചരിച്ച റഷ്യയ്ക്കു വിരോധമായി ടർക്കോമൻകാരെ പറഞ്ഞിളക്കുന്നുണ്ടായിരുന്നു. ഇവരിൽ ഒരാൾ കാപ്ടൻബടട്ളരും മറേറതു കാപ്ടൻ നേപ്പിയറും ആയിരുന്നു. ഇവരുടെ വിഷയത്തെ കുറിച്ചു 1879 ൽ ടൈംസ് എന്ന പത്രം ബോംബെഗസററിൽനിന്നും ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു:-

ടർക്കോമൻപ്രമാണികൾ അഫ്ഗാനോ റഷ്യക്കോ വിരോധമായി ബ്രിട്ടീഷിനോടു സഹകരിക്കുവാൻ താല്പര്യം പ്രദർശിപ്പിക്കുന്നു എന്നു മദ്ധ്യ ഏഷ്യാസഞ്ചാരം കഴിഞ്ഞു മടങ്ങിഎത്തിയ മേജർബടട്ളർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

ഈ പറഞ്ഞ സംഗതികളെ എല്ലാം അനുഭാവപൂർവ്വം ചിന്തിക്കുന്നതായാൽ ടർക്കിസ്ഥാനിലെ റഷ്യാഗവർണ്ണർ കാബൂളിലേക്ക് ഒരു സന്ദേശമയച്ചതു ന്യായരഹിതമെന്നു വിചാരിപ്പാൻ അവകാശം കാണുന്നില്ല. ഈ സന്ദേശത്തിന്റെ ഉദ്ദേശമെന്തായിരുന്നു എന്നു നോക്കുകതന്നെ, സെൻട്രൽ ഏഷ്യയിലെ പാർലമെൻററിക്കാർഡുകൾ ഇതിനു സമാധാനം തരുന്നുണ്ട്:-

ടർക്കിസ്ഥാനിലെ റഷ്യാഗവർണ്ണർക്കു അഫ്ഗാനിസ്ഥാനോടു യാതൊരു വിരോധവും ഉണ്ടായിരുന്നില്ല. ഷർ ആലിഖാനു ഒരു സന്ദേശമയച്ചു അമീറുമായുള്ള ബന്ധത്തെ ഏതു വിധമെങ്കിലും വ്യവസ്ഥ ചെയ്യണമെന്നേ ഉദ്ദേശമുണ്ടായിരുന്നുള്ളു. ശത്രുഭാവനയോ മിത്രഭാവനയോ എന്നദ്ദേഹം നിർണ്ണയിച്ചിരുന്നില്ല. അതിന്റെ വിധി അമീർ അനുവർത്തിക്കുന്നതിന്റെ ഋജുതയെ ആശ്രയിച്ചു മാത്രം ഇരിക്കുന്നതാണ്.

ടർക്കിസ്ഥാനിലെ ഗവർണ്ണർജനറാലിനു ഇങ്ങിനെ ഒരു ആശ വരുവാൻ കാരണമുണ്ട്. അഫ്ഗാനിസ്ഥാൻവഴി റഷ്യയുടെ സെൻട്രൽഏഷ്യാവിഭാഗത്തെ ഇംഗ്ലീഷുകാർ ആക്രമിക്കാൻ ഒരുങ്ങിയിരിക്കുന്നു എന്നു ഇദ്ദേഹം ധരിച്ചിരുന്നു. റഷ്യയ്ക്കുള്ള ഒരു ഭീഷണിയായി മാൾട്ടായിലേക്കൊരു ഇൻഡ്യാസൈന്യത്തെ അയച്ച പ്രധാനമന്ത്രി സെൻട്രൽഏഷ്യയെ ആക്രമിക്കുന്നതിനു ആലോചിച്ചിരുന്നതായി ഊഹിച്ചിരിക്കുന്നു. 1878 ആഗസ്റ്റ് 28 ാംനു- സിംലാകറസ്പാൺഡൻറ് പയോണിയറിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:-

യുദ്ധമുണ്ടാകുന്നപക്ഷം നാം സ്വരക്ഷയ്ക്കു മാത്രമായി ഇൻഡ്യയുടെ അതിരിൽ താമസിക്കുകയില്ലെന്നുള്ളതു് ഒരു രഹസ്യമായ വസ്തുതയല്ല. അഫ്ഗാനിസ്ഥാൻ വഴി വിഷമംകൂടാതെ കടക്കുന്ന 30000 ഭടന്മാർ സമർക്കൻഡിനെയും ബൂക്കാറയേയും കൈവശപ്പെടുത്തി ചിതറിക്കിടക്കുന്ന റ

ഷ്യൻസൈന്യത്തെ കാസ്പ്യൻകടൽ പുറത്തുകടത്തുന്നതായിരിക്കും. റഷ്യരിൽ നിന്നു മദ്ധ്യഷ്യാക്കാരെ രക്ഷിപ്പാൻ ചെല്ലുന്നതുകൊണ്ടു നമുക്കനുകൂലമായി അവിടെയുള്ളവർ ക്ഷോഭിക്കതന്നെ ചെയ്യും. ഈ പ്രോഗ്രാമിന്റെ പ്രായോഗികക്ഷമതയെ റഷ്യക്കാർ പരിപൂർണ്ണമായി വിശ്വസിച്ചു.

(തുടരും)

# ഭാഷാസാഹിത്യവും വിമർശനവും.

## I

(ആർ. ഈശ്വരപിള്ള ബി. എ.)

ഏതു ഭാഷയിലും സാഹിത്യം വൎദ്ധിച്ചു വരുന്തോറും അതിനു നിയന്ത്രണമില്ലെങ്കിൽ പല വിധത്തിലും വ്യതിചലിക്കുന്നതിനിടയുണ്ടെന്നുള്ളതു് ഒരു തൎക്കമില്ലാത്ത സംഗതിയാണ്. ഭാഷാസാഹിത്യത്തിന്റെ ഇന്നത്തെ വ്യതിചാനം ഏതെല്ലാം വഴിക്കാണെന്നും അതിനെ തടയുന്നതിനുള്ള മാൎഗ്ഗങ്ങൾ എന്തെല്ലാമാണെന്നും എല്ലാ ഭാഷാഭിമാനികളുടേയും സാഹിത്യാഭിജ്ഞന്മാരുടേയും ചിന്തയ്ക്കു വിഷയീഭവിക്കേണ്ട സംഗതികളാണ്. ഇന്നു മലയാളഭാഷയിൽ സാഹിത്യം ഏതു തരവുമാകട്ടെ- വൎദ്ധിച്ചാണു വരുന്നതു്. എന്നാൽ വിമൎശനരൂപത്തിൽ വല്ലതും ഉണ്ടാകുന്നുണ്ടോ എന്നു തീൎച്ച പറവാൻ തരമില്ലാതാണിരിക്കുന്നതു്. ഈ സന്ദൎഭത്തിൽ അതിനെക്കുറിച്ചു പൎയ്യാലോചിക്കുന്നതു് അനവസരോചിതമാകുകയില്ലെന്നു വിശ്വസിക്കുന്നു.

ഒരു അറുപതു കൊല്ലം മുൻപു വരെയ്ക്കും മലയാളഭാഷയിൽ സാഹിത്യഗ്രന്ഥങ്ങൾ വളരെ കുറവായിരുന്നു. എല്ലാംകൂടി കണക്കാക്കിയാൽ ഒരുനൂറോളം ഗ്രന്ഥങ്ങൾ കാണുമായിരിക്കും. ചെറുശ്ശേരി, കുഞ്ചൻപണിക്കർ, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ മുതലായവരുടെ കൃതികളും ഏതാനും ആട്ടക്കഥകളും മററു ചില മണിപ്രവാളഗ്രന്ഥങ്ങളുമായിരുന്നു നമുക്കു സാഹിത്യരൂപത്തിലുണ്ടായിരുന്ന സമ്പത്തു്. ഇവയെ കൊണ്ടു നാം പത്തിരുനൂറു കൊല്ലത്തിലധികംകാലം തൃപ്തിപ്പെട്ടിരുന്നു. ഭാഷാസാഹിത്യം നിശ്ചലമായി ഈ നിലയിൽതന്നെ ഇത്രയും കാലം നിന്നതു വിദ്വാന്മാരുടേയോ രസജ്ഞന്മാരുടേയോ കുറവുകൊണ്ടായിരിക്കാം. വിദ്വാന്മാർ വല്ലവരുമുണ്ടായിരുന്നുവെങ്കിൽ അവരുടെ പ്രയത്നം മുഴുവനും പ്രൗഢമായ സംസ്കൃതത്തോട്ടമായിരുന്നു. മലയാളഭാഷയെ കഷ്ടിച്ചു ആശയവിനിമയത്തിനു

മാത്രമെ ഉപയോഗപ്പെടുത്തിവന്നുള്ളൂ. എന്നാൽ ഒരു ദീർഘമായ നിശാകാലം ഒരു സുപ്രഭാതത്തിലാണവസാനിച്ചത്. അപരിഷ്കൃതസ്ഥിതിയിലിരുന്ന ഭാഷയും, നിശ്ചേഷ്ടയായിക്കിടന്ന സാഹിത്യവും പൂർവ്വസ്ഥിതിയെ വിട്ട് ഇന്ന് അസാധാരണമായ ചൈതന്യത്തോടും പുഷ്ടിയോടും വളർന്നുവരികയാണ്. ആദ്യമായി മൃതപ്രായമായി കിടന്നിരുന്ന മലയാളഭാഷയെ സചേതനയും സവിഭവയുമാക്കി രക്ഷിച്ചത് കേരളകലാചാര്യനായ എഴുത്തച്ഛൻ തന്നെയാണ്. അദ്ദേഹം അതിവിപുലവും സാഹിത്യമൌക്തികാകരവുമായ സംസ്കൃതഭാഷയിൽനിന്നും അസംഖ്യം പദങ്ങളെ ഭാഷയിലേയ്ക്കാവാഹിച്ച് അതിനെ ഒരുവിധം പദാർത്ഥസമ്പന്നയാക്കിത്തീർത്തു എഴുത്തച്ഛൻ അദ്ദേഹത്തിന്റെ കൃതികളിൽ ഉപയോഗപ്പെടുത്തീട്ടുള്ള ആ പദലളിതമായ ഭാഷ ഇന്നും ഏകദേശം മുന്നോറോളം കൊല്ലം കഴിഞ്ഞിട്ടും നവതേജോമയമായിട്ടുതന്നെ ഇരിക്കുന്നു. ഇന്നു നാം വരിച്ചിരിക്കുന്ന തോതു പച്ചു നോക്കിയാൽ തന്നെയും അത് അനതിശയനീയമായിട്ടുതന്നെ ഇരിക്കുന്നു. അക്കാലത്തെ മററുള്ള കൃതികളെ അപേക്ഷിച്ചു ലുപ്തപ്രയോഗങ്ങളായിരിക്കുന്ന പദങ്ങളൊ ശൈലികളൊമറെറാ അതിൽ ഇന്നും കാണുകയില്ല. ഇന്നു ഭാഷയ്ക്കു നാം വരുത്തുവാൻ ഉദ്ദേശിക്കുന്ന പരിഷ്കാരം അദ്ദേഹം നിർദ്ദേശിച്ചിട്ടുള്ള കാഴ്ചയിൽ എത്തുന്നുണ്ടോ എന്നു സംശയമാണ്. ഇതിൽപിന്നീട് ആട്ടക്കഥ എഴുത്തുകാരും അനേകം സംസ്കൃതപദങ്ങളെ അവരുടെ കൃതികളിൽ ഉപയോഗപ്പെടുത്തിവന്നു. എന്നാൽ അപൂർവ്വം ചിലവ ഒഴിച്ചാൽ ഈവക കൃതികളിൽ യഥാർത്ഥഭാഷ വളരെ കുറവായിട്ടാണിരിക്കുന്നത്. അവർ ഒരു ചിററമ്മനയമാണ് ഭാഷയോടനുവർത്തിച്ചിട്ടുള്ളതെന്നു തോന്നുന്നു. സാംസ്കൃതപക്ഷപാതികളായ ഇവർ ഭാഷാപോഷണവിഷയത്തിൽ പ്രത്യക്ഷമായ സഹായം വല്ലതും ചെയ്തിട്ടുണ്ടെന്നു പറവാൻ വഴി കാണുന്നില്ല. എങ്കിലും അവർ ഭാഷാസാഹിത്യത്തെ വർദ്ധിപ്പിക്കുന്നതിൽ പങ്കെടുത്തിട്ടുണ്ടെന്നു വേണമെങ്കിൽ പറയാം. ഇവർക്കു ഭാഷയെപ്പററി വലിയ ഗണന തന്നെ ഉണ്ടായിരുന്നതായി തോന്നുന്നില്ല. എന്നാൽ കുഞ്ചൻനമ്പ്യാരുടെ സ്ഥിതിയിങ്ങനെയല്ല. ഇദ്ദേഹം തന്റെ വിവിധകൃതികൾ മുഖേന ഭാഷയ്ക്കും ഭാഷാസാഹിത്യത്തിനും അസാമാന്യമായ പുഷ്ടിയും രമ്യതയും നൽകീട്ടുണ്ട്. മണിപ്രവാളം, കിളിപ്പാട്ട്, തുള്ളക്കഥ മുതലായ ഭാഷാസാഹിത്യപ്രസ്ഥാനത്തിൽ കൂടി ഇദ്ദേഹം മലയാളഭാഷയ്ക്ക് വിലയേറിയ ഒത്താശകൾ ചെയ്തിട്ടുണ്ടെന്നുള്ളതിനു തർക്കമില്ല. എഴുത്തച്ഛൻ കഴിഞ്ഞാൽ പിന്നെ മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ഉററ ബന്ധു നമ്പ്യാരു തന്നെ ആയിരുന്നു. എഴുത്തച്ഛൻ ഗൗരവവും, നമ്പ്യാര് ലാലിത്യവും ഭാഷയ്ക്കു പ്രദാനം ചെയ്തു. കണ്ണശ്ശപ്പണിക്കരും, ചെറുശ്ശേരിയും ഭാഷാഭിവൃദ്ധിയുടെ അരുണോദയത്തെ മാത്രം സൂചിപ്പിക്കു

ന്നതേയുള്ളു. അവർ ആധുനികമലയാളത്തിന്റെ പരിസരപ്രദേശത്തിന്നടുത്താണു സ്ഥിതിചെയ്യുന്നതു്. എങ്കിലും അവരുടെ ഭാഷ ഇന്നത്തെ രീതിയിൽ നിന്നും ഏറെക്കുറെ വ്യത്യാസപ്പെട്ടാണിരിക്കുന്നതു്. നാം അവയെ വായിക്കുമ്പോൾ ഒരു പുരാതനകാലത്തിലേയ്ക്കു നയിക്കപ്പെടുന്നു എന്നു തോന്നും. ഇവരെ കൂടാതെ വേറെ ചില കവികളും ഉണ്ടെങ്കിലും അവർ ഭാഷയെ പറയത്തക്ക വിധത്തിൽ പോഷിപ്പിച്ചിട്ടില്ലെന്നാണു വിചാരിക്കേണ്ടതു്. എഴുത്തച്ഛന്റെയും നമ്പ്യാരുടേയും മററും കാലത്തിനു ശേഷം വളരെക്കാലം ഭാഷക്കു വല്ലാതെ ഒരു മാന്ദ്യം ഭവിച്ചതായി കാണപ്പെടുന്നു. വിദ്യാലയങ്ങളൊ സർവകലാശാലകളൊ ഇല്ലാതിരുന്ന ഇക്കാലത്തെല്ലാം ഭാഷ മിക്കവാറും ആശാന്മാർ അല്ലെങ്കിൽ എഴുത്തച്ഛന്മാരുടെ കൈകാര്യകർത്തൃത്വത്തിന് അധീനയായിരുന്നു. എന്നാൽ ഇവരെയും ഭാഷാവിരക്തി ഏറെക്കുറെ ബാധിക്കാതിരുന്നില്ല. അവരുടെ പാഠവിഷയങ്ങൾ അധികവും ഭാഷാവിഷയത്തിൽ സംസ്കൃതത്തെ അവലംബിച്ചുതന്നെ ഇരുന്നു. എങ്കിലും അവർ ഭാഷയെ തീരെ വിസ്മരിച്ചിരുന്നില്ല. രാമായണം മുതലായ ഗ്രന്ഥങ്ങൾ പകർത്തുകയും ആവശ്യംപോലെ പാരായണം ചെയ്യുകയും ചിലപ്പോൾ വ്യാഖ്യാനിക്കയും മററും ഇവർ ചെയ്യാറുണ്ട്. പക്ഷെ ഇവയിലെ ഭാഷയിലൊ സാഹിത്യത്തിലൊ അവരുടെ ദൃഷ്ടി പതിയാറു പതിവില്ല. ഇതിനു പുറമെ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം മുതലായ കൃതികളെ എല്ലാ ഗൃഹങ്ങളിലും പ്രതിദിനം സന്ധ്യാസമയത്തു ഭക്തിപുരസ്സരം പാരായണം ചെയ്യുന്ന പതിവുണ്ടായിരുന്നു. അവയിലെ ഭാഷാലാളിത്യവും സാഹിത്യസൗകുമാര്യവും ശ്രോതാക്കളെ അല്പമായെങ്കിലും ആകർഷിക്കാതിരിക്കയില്ലല്ലൊ. ഇങ്ങിനെ എഴുത്തച്ഛന്റെ കൃതിയ്ക്കും തദ്വാരാ അല്പമായെങ്കിലും ഭാഷാസാഹിത്യത്തിനും സുദീർഘമായ മാന്ദ്യത്തിനിടക്ക് അവിച്ഛിന്നമായ പ്രചാരം സിദ്ധിക്കുവാനിടയായി. തുള്ളൽക്കഥകൾക്കും ആട്ടക്കഥകൾക്കും വിനോദങ്ങളെന്ന നിലയിൽ അഭിനയമാർഗ്ഗേണ ജനങ്ങളുടെ ഇടയിൽ പ്രചാരം സിദ്ധിച്ചു. അതുകൊണ്ടു പരോക്ഷമായെങ്കിലും ഭാഷക്കും സാഹിത്യത്തിനും അല്പമായ പ്രോത്സാഹനം ലഭിക്കാനിടയായി. ഇങ്ങിനെ ഒക്കെ ഇരുന്നാലും ഇരുനൂറുകൊല്ലത്തിലധികം കാലം ഭാഷാസാഹിത്യം അവിടവിടെ ചില ശാദ്വലങ്ങളോടുകൂടിയ ഒരു അരണ്യപ്രദേശമായിത്തന്നെ കിടന്നിരുന്നു. വിദ്വാന്മാർ അവിടവിടെ ഉണ്ടായിരുന്നെങ്കിലും അവരുടെ ശ്രദ്ധ മററു വഴിക്കാണു തിരിഞ്ഞിരുന്നതു്. ഇക്കാലത്തു വല്ല സാഹിത്യശകലവും ഉണ്ടായെങ്കിൽ അതു് ലോകദൃഷ്ടിയെ ആകർഷിക്കത്തക്ക സാരമുള്ളവയല്ലായിരുന്നു. കച്ചേരികളിലെ ഭാഷയും തമിഴ് ചേർന്ന ഒരു മിശ്രഭാഷയായിട്ടാണിരുന്നതു്. "ഇവിടത്തെ ചെയ്തിറവിതു് — ശ്രീപണ്ടാരകാര്യം ചെയ്യാർക്കുമാമാകെ" എന്നുള്ള പ്രാരംഭത്തോടുകൂടിയും "ഇച്ചെ

ഷ്ടിയെല്ലാം" എന്ന അവസാനത്തോടുകൂടിയുമാണു് സാധാരണ എഴുത്തുകുത്തുകൾ നടത്തിപ്പോന്നതു്. ചില എഴുത്തുകുത്തുകൾ തമിഴക്ഷരത്തിലുമായിരുന്നു. ഇതെല്ലാംകൊണ്ടു ഭാഷയും സാഹിത്യവും പുരോഗമനം ഇല്ലാതെ സ്തബ്ധങ്ങളായിത്തന്നെ ഇരുന്നതേയുള്ളു. ഭാഷയുടെ ഈ ശനിദശ അവസാനിച്ചതു് വിദ്യാലയങ്ങളുടേയും സർവ്വകലാശാലയുടേയും ആവിർഭാവത്തോടുകൂടിയാണു്. ഈ ഘട്ടത്തിലാണല്ലോ പാഠ്യപുസ്തകങ്ങളുടെ ആവശ്യം നേരിട്ടതും. ഇംഗ്ലീഷുഭാഷ മുഖേനയുള്ള വിദ്യാഭ്യാസമാണു് നമ്മുടെ ഭാഷയുടെ ശോച്യാവസ്ഥയെ സവിശേഷം നമ്മെ ബോദ്ധ്യപ്പെടുത്തിയതും നമുക്കു സാഹിത്യത്തിൽ അഭിരുചി ജനിപ്പിച്ചതും. സംസ്കൃതത്തിനും ഇതോടുകൂടി കൂടുതൽ പ്രചാരം സിദ്ധിച്ചു. വിശിഷ്ടങ്ങളായ ആശയങ്ങളും സംഖ്യാതീതങ്ങളായ പദങ്ങളും അനർഘങ്ങളായ സാഹിത്യഗ്രന്ഥങ്ങളും കൊണ്ടു നിബിഡങ്ങളായ രണ്ടു ഭാഷകളുമായുള്ള സംസർഗ്ഗം-"സംസർഗ്ഗജാ ദോഷഗുണാഭവന്തി" എന്നുള്ള തത്വമനുസരിച്ചു് മലയാളഭാഷയും സത്ഫലഭൂയിഷ്ഠമായി പരിണമിച്ചു. അഭ്യസ്തവിദ്യന്മാരിൽ ഭാഷാഭിമാനവും സാഹിത്യാഭിരുചിയും ക്രമേണ അങ്കുരിച്ചുതുടങ്ങി. ജഡപ്രായമായിക്കിടന്നിരുന്ന ഭാഷയുടേയും സാഹിത്യത്തിന്റേയും വികാസത്തിനു ഇപ്രകാരം ഒരു മാർഗ്ഗം തുറക്കപ്പെട്ടു. ഇങ്ങിനെ ഇംഗ്ലീഷുഭാഷയും സാഹിത്യവും ക്ഷീണാസന്നയായ മലയാളത്തിനു് ഒരു ജീവനൗഷധമായി ഭവിച്ചു. ഇവിടം മുതല്ക്കു ഭാഷയ്ക്കും സാഹിത്യത്തിനും പദാൽപദമുണ്ടായിട്ടുള്ള അഭിവൃദ്ധിയെ സവിസ്തരം വിവരിക്കുന്നതിനു് ഇപ്പോൾ ഈ തൂലിക തുനിയുന്നില്ല. അകൃത്യം ഭാഷാചരിത്രം എഴുതുവാൻ പോകുന്നവർക്കായി വിട്ടിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ ഈ അറുപതു കൊല്ലത്തിനിപ്പുറം ഭാഷയ്ക്കു് അനന്യസാധാരണമായ ഒരു വളർച്ചയും പുഷ്ടിയും സിദ്ധിച്ചിട്ടുണ്ടു്. ഗ്രന്ഥങ്ങളുടെ ആവശ്യം നേരിട്ടപ്പോൾ എഴുത്തുകാരും "ശതശോഽഥസഹസ്രശഃ" രംഗപ്രവേശം ചെയ്തുതുടങ്ങി. ഇവരിൽ യോഗ്യത സമ്പാദിച്ചിട്ടുള്ളവരോ ഇല്ലാത്തവരോ അധികമെന്നുള്ളതു ഗവേഷണവിഷയമാണു്. സദ്യയ്ക്കിലവയ്ക്കുമ്പോൾ ക്ഷണിക്കാത്തവരുംകൂടി കേറി ഇരിക്കുന്നതുപോലെ ഇവിടേയും വല്ലതും ഉണ്ടായിരിക്കാം. കുറച്ചു കവിയശഃപ്രാർത്ഥികളും അധികം ആദായപ്രാർത്ഥികളും ചുരുക്കം സാഹിത്യപ്രണയികളും അതിലും കുറച്ചു വാസനയും വൈദഗ്ദ്ധ്യവുമുള്ളവരും ഇന്നു ഗ്രന്ഥരചനയിൽ പ്രവേശിച്ചിട്ടുള്ളതായി കാണാം. ഇവരിൽ എല്ലാവരുടേയും ശ്രമത്തിന്റേയും ചിലരുടെ വിശ്രമത്തിന്റേയും ഫലമായി ഇന്നു ഭാഷയിൽ സാഹിത്യപരമായി ഉത്ഭവിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ സംഖ്യ ഏറെക്കുറെ അഗണനീയമാണെന്നു തോന്നുന്നു. പാഠ്യപുസ്തകം എഴുതുന്നതിലാണു് അധികംപേർക്കും ഉത്സാഹം. ധനംപോലെ മനുഷ്യചിത്തത്തെ ആകർഷിക്കുന്ന വസ്തു മററു വ

ല്ലതുമുണ്ടോ? എന്നാൽ ഈ കൂട്ടത്തിലും ചില നല്ല ഗ്രന്ഥങ്ങൾ ഇല്ലാതില്ല. ഇവയെ വേർതിരിക്കുന്നതു ഇപ്പോൾ സുസാദ്ധ്യമാണെന്നു തോന്നുന്നില്ല. ഇന്നത്തെ മാസികകളും പത്രങ്ങളും നോക്കിയാൽ പ്രതിദിനം എത്ര പുസ്തകങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് ഒരുവിധം ഗ്രഹിക്കാമായിരിക്കും. ഭാഷയിൽ സാഹിത്യദൌർല്ലഭ്യത്തെക്കുറിച്ചു വിലപിച്ചിരുന്ന നാം ഇന്നു അതിൻെറ അനാശാസ്യവൎദ്ധനയെ പററി പരിതപിക്കേണ്ടി വന്നിരിക്കുന്നു. പതിരും നെന്മണിയും കൂടി കലൎന്നാണ് ഇപ്പോൾ കിടക്കുന്നതു്. ഇന്നു പാഠ്യപുസ്തകം തിരഞ്ഞെടുക്കുന്ന വിഷയത്തിൽ വലിയ പിടിയും മത്സരവും നടക്കുന്നുണ്ടെന്നു നാം കാണുന്നു. അവരവരുടെ കൃതികളെപ്പററി അവരവൎക്കു ചീത്ത അഭിപ്രായം വരുന്നതു സ്വാഭാവികമല്ലല്ലൊ. അന്യൻെറ കൃതിയെപ്പററി നിഷ്പക്ഷമായ ഒരഭിപ്രായം പറവാൻ പലരും സന്നദ്ധരുമല്ല. പക്ഷെ പലൎക്കും വേണ്ട യോഗ്യതയും ഇല്ലായിരിക്കും. സ്നേഹബന്ധമൊ ചാർച്ചയൊ വേഴ്ചയൊ നിമിത്തം പലരും എങ്ങും തൊടാതുള്ള അഭിപ്രായം പുറപ്പെടുവിക്കയും പതിവാണ്. ചിലർ ഉപദ്രവം പോട്ടെ എന്നു വിചാരിച്ചു് ഇത്തരം കൃതികളിൽ ഇതു് ഒന്നാംതരമാണെന്നുതന്നെ തുറന്നുപറയുന്നതും അപൂൎവമല്ല. വിരോധമുണ്ടെങ്കിൽ മറിച്ചുചെയ്യുന്നവരും ഉണ്ടാകും. ഗുണം വല്ലതുമുണ്ടെങ്കിൽ അതു മാത്രം എടുത്തു പ്രശംസിക്കുന്നവരും ഇല്ലാതില്ല.

"ഏകഃകാഗുണഃഖലുനിഹന്തിസമസ്തദോഷാൻ"

എന്നു പ്രമാണവുമുണ്ടല്ലൊ.

"ഏകോഹിദോഷോഗുണസന്നിപാതേ
നിമജ്ജതീന്ദോഃകിരണേഷ്വിവാങ്കഃ"

എന്നു മറിച്ചു പ്രമാണവും ഇല്ലാതില്ല.

ഗ്രന്ഥകൎത്താവിൻെറയൊ പ്രസാധകൻെറയൊ അഭിപ്രായത്തിലാകട്ടെ എല്ലാം ഒന്നാംതരം പുസ്തകങ്ങളുമാണ്. ഈ "ജിഹ്വാബാഹുല്യത്തിൽ" ഒരു പുസ്തകത്തിൻെറ യഥാൎത്ഥഗുണമൊ ദോഷമൊ എങ്ങിനെയാണറിയുന്നതു്? തീരെ സാദ്ധ്യമല്ല.

ഇങ്ങിനെയുള്ള ഘട്ടത്തിലാണ് വിമർശനത്തിൻെറ ആവശ്യം നേരിടുന്നതു്. ഭാഷാസാഹിത്യം ഇന്നു ഈ ഘട്ടത്തിലാണെത്തിയിരിക്കുന്നതു്. പലതരത്തിലും സാഹിത്യഗ്രന്ഥങ്ങൾ ഇന്നു അമിതമായി വൎദ്ധിച്ചുവരുന്നു. ഗ്രന്ഥം എഴുത്തുകാരും മേൽപ്രകാരം തന്നെ. എങ്ങിനെയാണെഴുതേണ്ടതെന്നും എന്താണെഴുതേണ്ടതെന്നും പലൎക്കും നിശ്ചയമില്ല. പദ്യവും ഗദ്യവും ഗദ്യത്തേക്കാളധികം പദ്യവും ഇപ്പോൾ ഭാഷയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. മുദ്രാലയങ്ങൾക്കും പ്രസാധകന്മാൎക്കും ഒട്ടും ക്ഷാമമി

ല്ല. പലൎക്കും വിശേഷിച്ചു ജോലിയും ഇല്ല. ഈ ഘട്ടത്തിൽ ഉപദ്രവമില്ലാത്ത ജോലി ഗ്രന്ഥമെഴുത്തുതന്നെയാണ്. പ്രശംസ കിട്ടിയാലും പ്രതിഫലം കിട്ടിയാലുമായി. ഈ ചിത്തവൃത്തിയുടെ ഫലമായിട്ട് ഇന്നു മലയാളഭാഷയിൽ ഒട്ടേറെ ശുഷ്കസാഹിത്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കയാണ്. ഇതിനു എന്തെങ്കിലും പരിഹാരം വേണ്ടതായിട്ടാണിരിക്കുന്നതു്. ശരിയായ വിമൎശനമാണിവിടെ അത്യാവശ്യം. കൎശനമായ വിമൎശനം ഉണ്ടായാൽ തന്നെ ക്ഷുദ്രകൃതികൾ ആരും എഴുതുകയില്ലെന്നു പറവാൻ തരമില്ല. എങ്കിലും കാലക്രമേണ അവയുടെ സംഖ്യ കുറഞ്ഞുവരുവാൻ എളുപ്പമുണ്ട്. വിമൎശകസ്ഥാനം വഹിക്കുന്നതു് വിലയും നിലയുമുള്ള ഒരാളോ ഒരു സമിതിയോ ആയിരുന്നാൽ എഴുത്തുകാൎക്ക് അല്പം ശങ്കയ്ക്കും വകയുണ്ടാകും. ഇന്നത്തെ സ്ഥിതിയ്ക്കു് ഒരുത്തൻ ദൂഷിക്കാനുണ്ടെങ്കിൽ മറെറാരുത്തൻ സ്തുതിക്കാനും കാണും. അതുകൊണ്ടു് ഗ്രന്ഥകൎത്താക്കന്മാൎക്കു് ഒന്നുകൊണ്ടുണ്ടാകാവുന്ന കുന്റിതം മററതുകൊണ്ടു് പരിഹരിക്കപ്പെടുന്നു. നമുക്കിന്നത്യാവശ്യമായിരിക്കുന്നതു് വിമൎശനതത്വങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥവും, അതനുസരിച്ചു് വിമൎശനം ചെയ്യുന്നതിനുള്ള ഒരു സമിതിയും, അതിലേക്കൊരു മാസികയും ആകുന്നു. ഇങ്ങിനെ ഒരു സ്ഥാനം ഉണ്ടെന്നുള്ള ബോധംതന്നെ ഗ്രന്ഥമെഴുത്തുകാൎക്ക് അല്പം ശങ്കയെ ജനിപ്പിക്കാതിരിക്കയില്ല. ഇന്നു മലയാളഭാഷയുടേയും സാഹിത്യത്തിൻേറയും സ്ഥിതി മിക്കവാറും ആശാനില്ലാത്ത കളരി പോലെയാണെന്നു വേണം പറവാൻ. ഒരു ഭാഷയുടെ വിലമതിക്കുന്നതു് അതിലുള്ള ഉത്തമസാഹിത്യങ്ങളുടെ സംഖ്യയെ ആസ്പദമാക്കിയാണ്. അല്ലാതെ അതിൽ ഉള്ള ക്ഷുദ്രകൃതികളുടെ സംഖ്യയെ അനുസരിച്ചല്ല. സംസ്കൃതത്തിനിന്നു സൎവ്വലോകസാമാന്യമായ ഒരു പൂജ്യത സിദ്ധിച്ചിട്ടുള്ളതു് അതിലെ നിസ്തുല്യങ്ങളായ സാഹിത്യരത്നങ്ങൾ മുഖേനയാണല്ലൊ. മലയാളഭഷയിൽ ഇന്നു പദ്യരൂപത്തിൽ നാടകങ്ങളും, കാവ്യങ്ങളും, ഖണ്ഡകാവ്യങ്ങളും, മഹാകാവ്യങ്ങളും ഇവയിൽ ഉൾപ്പെടാത്ത മററു പദ്യങ്ങളും കുറവല്ല. ഗദ്യരൂപത്തിലാണെങ്കിൽ — ആഖ്യായികകളും, നോവലുകളും, കഥകളും, ഖണ്ഡകഥകളും, പരികഥകളും, വിവൎത്തനങ്ങളും, അനുകരണങ്ങളും, ജീവചരിത്രങ്ങളും, ഉപന്യാസങ്ങളും, ഭാഷാന്തരങ്ങളും ഇവയിൽ ഒന്നിലും ഉൾപ്പെടാത്ത പലവിധകൃതികളും ധാരാളം ഉണ്ടാകുന്നുണ്ട്. എന്നാൽ ഇവയെല്ലാം അവയ്ക്കു വിധിച്ചിട്ടുള്ള ലക്ഷണങ്ങളോടു കൂടിയവയോ, സാമാന്യഗുണമുള്ളവയോ, ആശയപുഷ്ടിയൊ ഭാഷാശുദ്ധിയൊ ഉള്ളവയൊ, അസാധുത, അപ്രയുക്തത്വം, ശൈലിഭംഗം, ഗ്രാമ്യത്വം, നിരൎത്ഥത്വം, ക്ലിഷ്ടത മുതലായവയാൽ വികൃതങ്ങളായവയൊ, വാസനയേയും ബുദ്ധിശക്തിയേയും സൂചിപ്പിക്കുന്നവയൊ ആണോ എന്നറിവാൻ നിവൃത്തിയില്ല. വിമൎശനത്തിൻെറ അഭാവത്തിൽ

ഇവയിൽ എത്ര എണ്ണം ഭാഷയ്ക്കു ഭൂഷണമായും എത്ര എണ്ണം ഭാഷയ്ക്കു ദൂഷണമായും ഇരിക്കുന്നുണ്ടെന്നു തീർച്ചപറവാൻ പാടില്ല. ഭാഷാസാഹിത്യത്തെ മാലിന്യം കൂടാതെ സംരക്ഷിക്കണമെന്നിച്ഛിക്കുന്ന ഭാഷാഭിമാനികൾ ഈ വിഷയത്തിൽ നിഷ്കർഷയോടുകൂടി പ്രവർത്തിച്ചാൽ മാത്രമെ ഫലം ഉണ്ടാകയുള്ളൂ. ആംഗ്ലേയസാഹിത്യത്തിൻെറ ഒരു ദശയിൽ ക്ഷുദ്രകവികൾ അസാമാന്യമായി വർദ്ധിച്ച അവസരത്തിലാണ് പ്രസിദ്ധകവിയായ അലക്സാൻഡർപോപ്പ് "ഡൻസിയാഡ" (മന്ദോപാഖ്യാനം) എന്ന ഉപാലംഭരൂപമായ ഒരു ദീർഘകാവ്യം എഴുതിയത്. അക്കാലത്തെ സാഹിത്യചരിത്രം നോക്കിയാൽ എത്രപേർക്ക് ഇതു അസാമാന്യമായ അസ്വാസ്ഥ്യം നൽകിയെന്നറിയാവുന്നതാണ്. എന്നു തന്നെയുമല്ല, ആംഗ്ലേയ സാഹിത്യത്തിന് ഇതു എത്രമാത്രം ആശ്വാസം നൽകിയെന്നും ഗ്രഹിക്കാവുന്നതാണ്. പക്ഷെ പോപ്പ് ഒരു കടന്നൽക്കൂടിനെ ഇളക്കുകയാണു ചെയ്തതു്. എങ്കിലും സാഹിത്യത്തിനു രക്ഷ ലഭിച്ചു. എന്നാൽ ഭാഷാസാഹിത്യം ഇങ്ങിനെയുള്ള ഒരു വിഷമഘട്ടത്തിലായിട്ടുണ്ടെന്ന് തീർത്തുപറവാൻ തരമില്ല. എന്നാൽ അതിൻെറ അനാശാസ്യഗതിയെ തടയേണ്ടതാവശ്യമാണെന്നാണ് തോന്നുന്നതു്.

## വിഹായസവിഹാരം.

പതിനാറാം അദ്ധ്യായം.

(എം. രാജരാജവർമ്മതമ്പുരാൻ എം. എ., ബി. എൽ.)

വിസ്തൃതങ്ങളായ ദേശങ്ങളെ വ്യാപിക്കുന്ന തുപ്പാൻമഹാവാത്യകൾ കൂടാതെ, അവിടവിടെയുണ്ടാകുന്ന അന്തരിക്ഷചലനം നിമിത്തം പല കാററുകളുമുണ്ടാകുന്നുണ്ട്. അവയുടെ ഗതിയും വേഗവും കാഠിന്യവുമനുസരിച്ച്, ധൂളിവാതം (Dustwind) എന്നും, അശനിവാതമെന്നും (Thunderstorm), ഘൂർണ്ണവാതമെന്നും (Tornado), ചക്രവാതമെന്നും (Whirlwind) മററും പേരുകൾ പറയാറുണ്ട്. അറബിനാട്ടിലുള്ള മഹാസൈകതങ്ങളിൽ അതിഭയങ്കരങ്ങളായ "സൈമൂൺ" (Simoom) എന്ന ധൂളം നിറഞ്ഞ

ചക്രവാതങ്ങൾ, മഴയും കരകങ്ങളും പെയ്യുന്ന യൂറോപ്പിലെ അശനിവാതങ്ങളും, ഭാരതഖണ്ഡത്തിലുണ്ടാകുന്ന തുലാവർഷവാതങ്ങളും ആർജ്ജൻെറൻനാട്ടിലുണ്ടാകുന്ന "പാമ്പറോ" (Pampero) എന്ന വാത്യകളുമെല്ലാം ഈവക ചില്ലറ കാററുകളാകുന്നു. അല്പദേശത്തെ പരാമർശിച്ച് അതികഠിനമായി വീശുന്ന വാത്തൂലത്തിനാണ് ഘൂർണ്ണവാതം (Tornado) എന്നു പറയുന്നത്. മിസ്സിസ്സിപ്പിമഹാനദിയുടെ പാരങ്ങളിൽ ഈ വാത്തൂലം സാധാരണയാണ്. ബ്രഹ്മപുത്രാനദിയുടെ സ്രോതസ്സിലും ഇതു ചിലപ്പോൾ ഉണ്ടാകാറുണ്ട്. ഈ ചുഴലിക്കാററിൻെറ ശക്തി ചില്ലറയല്ല. കെട്ടിടങ്ങളെ മറിക്കുക മാത്രമല്ല, മേഃലാട്ട പറത്തി അതിദൂരത്തിടുക, വണ്ടികൾ കാളകൾ കുതിരകൾ മനുഷ്യർ എന്നുവേണ്ട അതിൻെറ കേന്ദ്രശക്തിയിലുൾപ്പെടുന്നവയെ എല്ലാം തൂത്തുവാരി കൊണ്ടുപോകാനുള്ള ശക്തി ഈ മഹാവാത്യക്കുണ്ട്. ഈ കൊടുങ്കാററിന് പ്രധാനനിദാനം, തറയ്ക്കു കഠിനമായ ഉഷ്ണം തട്ടിയിരിക്കുമ്പോൾ പെട്ടെന്നു മേൽനിന്നു കീഴോട്ട് തണുത്ത വായു പ്രവേശിച്ച്, ഊർദ്ധ്വാധോഭാഗമായ വാക്കിനു തണുക്കുന്നതാകുന്നു. അപ്പോൾ കീഴുള്ള ചുടുകാററ് പെട്ടെന്നു മേലോട്ടു പൊങ്ങി പൊട്ടുകയും മേലാകാശത്തു ചുററുമുള്ള വായു അവിടേയ്ക്കു പായുകയും ചെയ്യുന്നു. ഇങ്ങനെ വരുമ്പോളാണ് വായുവിൻെറ ഗതി ചുഴലുന്നത്. എന്തുപോലെയെന്നാൽ, വെള്ളം പാഞ്ഞൊലിക്കുമ്പോൾ നടുക്ക് ഒരു കുഴിയുണ്ടെങ്കിൽ അവിടെ വെള്ളം ചുഴിയായിക്കറങ്ങുന്നതുപോലെ തൂപ്പാൻമഹാവാത്യയ്ക്കും ഈ കറക്കമുണ്ട്. അതിനും ഘൂർണ്ണവാതത്തിലുണ്ടാകുന്ന ചുഴിക്കും ഭേദമെന്തെന്നാൽ, ഒന്ന് ഭ്രമണം കൊണ്ടുണ്ടാകുന്നതും മറേറത് അതതു ദിക്കിലുള്ള വായുചലനം കൊണ്ടുണ്ടാകുന്നതുമെന്നാകുന്നു.

വായു ഒരിക്കൽ കറങ്ങാൻ തുടങ്ങിയാൽ പമ്പരം പോലെ അതു ചുററി ഒരു കുഴൽപോലെ അടിയിലേയ്ക്കു താഴും. ആ കുഴലിൻെറ കേന്ദ്രത്തിലേയ്ക്കു പോകുന്തോറും വായുവിനു ഘനക്കുറവുണ്ടായി ചിലപ്പോൾ മേഘമാലയുണ്ടാകുന്നു. ക്ഷണത്തിൽ ഈ ചുഴലി മേലോട്ടു മലരിയായി പൊങ്ങി വിസ്തൃതമായും പെയ്യും. അതുകൊണ്ട് ഈ മാതിരി വാത്യകൾ ദീർഘകാലം നിലനില്ക്കയില്ല. കീഴിലുള്ള വായു ഈറനും ചൂടുള്ളതുമായിരുന്നാൽ മാത്രം അധികനേരം നിന്നേക്കാം. ഘൂർണ്ണവാതചക്രത്തിൻെറ കേന്ദ്രത്തിൽ മണിക്കൂറൊന്നിന് അഞ്ഞൂറു മൈലോളം വേഗത്തിൽ കാററു പമ്പരം ചുററും; അതിനുള്ള സമ്മർദ്ദം ഒരു ചതുരശ്രഅടിക്ക് ഇരുന്നൂററിഅമ്പതു റാത്തലുമായിരിക്കും.! മലരിയായി മേലോട്ടു തള്ളിക്കയറുന്ന വേഗം പോലും മണിക്കൂറിന് നൂറു മൈലിൽ കുറയുകയില്ല. കുററമാണോ കെട്ടിടങ്ങളും മററും പറത്തുന്നത്?

ആകാശത്തിലെ വെടിക്കെട്ടിനുള്ള കമ്പക്കാലായിട്ടാണ് ഈ ഘൂർണ്ണവാതച്ചുഴലിയെപ്പററി പലരും പറയാറുള്ളതു്. ആനത്തലവയ്യോളം വലിപ്പമുള്ള ഏറുപടക്കം പൊട്ടിയാലുണ്ടാകുന്ന ശബ്ദവും നാശവും അതുകൊണ്ടുണ്ടാകയും ചെയ്യുന്നു.

കമ്പക്കാലുപോലെ മേൽക്കീഴായി നീണ്ടുനില്ക്കുന്ന വായുസ്തംഭം നേത്തു് ഹിമസ്ഥാനത്തിനു കീഴെ തണുക്കുമ്പോൾ മേഘമായി പ്രത്യക്ഷീഭവിക്കുന്നു. തൈർ കലക്കുമ്പോൾ ചുഴിയിൽ വെണ്ണ തെളിയുംപോലെ വെളിവാകുന്ന ഈ മേഘം ഘനീഭവിക്കുമ്പോൾ ചിലസമയം നീർച്ചുഴിസ്തംഭങ്ങൾ (Water sprouts) ഉത്ഭവിക്കുന്നു. ഘൂർണ്ണവാതങ്ങളിലെല്ലാം കുഴൽപോലെ പൊള്ളയായ ഇരുണ്ട മേഘം കാണാം. സമുദ്രത്തിൽ നിന്നു വെള്ളം ഉറിഞ്ചി എടുക്കുന്ന കുഴലാണിതെന്നു ഗ്രാമീണജനങ്ങൾ പറയാറുണ്ട്. അതു തെററാണ്. നീർച്ചുഴിസ്തംഭങ്ങളിൽ നിന്നുണ്ടാകുന്ന ജലം ശുദ്ധമാണ്; സമുദ്രജലം ഉപ്പുള്ളതാണല്ലൊ. അതുകൊണ്ടറിയാം നീരാവി ഘനീഭവിച്ചുണ്ടാകുന്ന വെള്ളമാണ് നീർച്ചുഴിസ്തംഭങ്ങളിലുള്ളതെന്ന്. ആകാശത്തുനിന്നു കീഴോട്ടു് ഈ സ്തംഭങ്ങൾ പതിക്കുന്ന വാറ് തോന്നുമെങ്കിലും, കാററ് വാസ്തവത്തിലടിക്കുന്നതു മേലോട്ടാകുന്നു. ഉഷ്ണമേഖലയിൽ പകലാണ് നീർച്ചുഴിസ്തംഭങ്ങൾ ഉണ്ടാകുന്നതു്; അതും വെയിൽ കൂടുന്ന ദിക്കുകളിൽ.

ഭൂമിയിൽ ഭൂകമ്പങ്ങൾ പോലെയാണ് ആകാശത്തു ഘൂർണ്ണവാതം. പൊട്ടത്തക്ക ചൂടുള്ള പ്രദേശങ്ങളാണ് അവയ്ക്കു ഏററവും അനുകൂലങ്ങൾ. ഘൂർണ്ണവാതങ്ങളുടെ വ്യാപ്തി ഇരുപതടി മുതൽ രണ്ടു മൈലോളം വരാം; സഞ്ചാരപ്രദേശം ഇരുപതു മൈലിൽ കൂടുകയില്ല. അതെന്തെന്നാൽ, തുപ്പാൻമഹാവാതത്തിന്നു്ററതുപോലെയല്ലാതെ, ലംബരൂപമായി, അതായതു മേൽകീഴായിട്ടാണ് ശീതോഷ്ണമാനഗതി ഘൂർണ്ണവാതത്തിന്; ആ നില വളരെ ദൂരം ഒരേ സമയത്തുണ്ടാകുന്നതല്ല മിസ്സൂറി, മിസ്സിസ്സിപ്പി, ഓഹിയോ എന്നീ സ്ഥലങ്ങളിൽ വടക്കുനിന്ന് ശീതവാതവും എതിരായോ മേൽക്കാററായോ തെക്കുനിന്ന് അത്യുഷ്ണവാതവും തമ്മിൽ പെട്ടെന്നു കൂട്ടിമുട്ടുന്നതിനാൽ ആ പ്രദേശങ്ങൾ ഘൂർണ്ണവാതത്തിന് ഇരുപ്പിടമാകുന്നു. അമേരിക്കയിൽ തെക്കുവടക്കായി കിടക്കുന്ന പർവ്വതപംക്തി നിമിത്തം ചൂടും തണുപ്പും കാററുകൾക്കു കൂടിച്ചേരാൻ വളരെ എളുപ്പമുണ്ട്. മററുള്ള മഹാഖണ്ഡങ്ങളിൽ ഇതില്ല. അതുകൊണ്ടാണ് അമേരിക്കയിൽ ഘൂർണ്ണവാതങ്ങൾ ധാരാളമുണ്ടാകുന്നതു്. മേമാസത്തിലും ഉച്ച തിരിഞ്ഞുമാണ് അവ അടിക്കുന്നതു്. അക്കാലത്താണ് കിഴോട്ടുള്ള കാററിനുള്ള ചൂട് ഏറെ ഉയരുന്നതും മേൽകാററിനു വർഷത്തുവിലുണ്ടായിരുന്ന ശൈത്യം വിട്ടുപോകാതിരിക്കുന്നതും. തീപ്പൊരി വീണാൽ വെടിമരുന്നെങ്ങിനേയൊ

എന്നതുപോലെ ചുട്ട കാററിൻെറ ഉയർച്ച അല്പമുണ്ടായാൽ മതി ഘൂർണ്ണ വാതം പൊട്ടാൻ. അമേരിക്കയിൽ വളരെ ആളപായങ്ങളും വസ്തുനാശങ്ങളും ഈ വാതംനിമിത്തം വർഷാവർഷം ഉണ്ടാകുന്നുണ്ട്.

ഇടിയും മിന്നലും മഴയും കൂടിയ അശനിവാത്യകൾ (Thunderstorms) ഉണ്ടാകുന്നതും, കീഴിലുള്ള നീരാവികൊണ്ട് ഉഷ്ണിച്ച ഈറനായ കാററു മേലോട്ട് ഉയരുന്നതുകൊണ്ടുതന്നെയാണ്. പക്ഷെ ഘൂർണ്ണവാതങ്ങളെപ്പോലെ അല്പദേശവ്യാപ്തിയുള്ളവയല്ല; പരപ്പേറുന്നതിനാൽ ശക്തിയ്ക്കും കുറവുണ്ടാകും. അശനിവാത്യയുടെ മുന്നോടിയായി നേർത്ത പുകമുകിൽപടലം (Cirro-stratus) ഉച്ചതിരിഞ്ഞതിനു മേൽ കാണാം. ക്രമേണ അതു് കനത്തുവരുന്നു. അപ്പോൾ അതിനു മീതെയായി തോരണംപോലെ തൂങ്ങിക്കിടക്കുന്ന ഗോപുരമുകിൽ (Festooned cumulur) പ്രത്യക്ഷീഭവിക്കുന്നു. വരാൻപോകുന്ന കൊടുങ്കാററിൻെറ മുന്നിൽ പത്തും അമ്പതും മൈൽ ദൂരത്തുതന്നെ ഈ പുകമുകിൽ വരുന്നതുകൊണ്ട് അതിൻെറ ആഗമനം ഊഹിക്കപ്പെടുന്നു. അതിനു പിന്നാലെ മിന്നൽപിണരുകളോടുകൂടിയ കാളമേഘങ്ങളുടെ പുറപ്പാടായി. അതിനു കീഴ്പാട്ടിൽ കറുത്തിരുണ്ട മേഘങ്ങൾ ഘനീഭവിച്ച മഴത്തുള്ളികളായി നില്ക്കുന്നുണ്ട്. അങ്ങനെയിരിക്കുമ്പോൾ ഒരു കീറപ്പാറക്കോൾമേഘം (Squall cloud) കറുത്തിരുണ്ടുനില്ക്കുന്ന കാർമേഘമാലയുടെ മുൻഭാഗത്തിനല്പം കീഴിലായി അടിപ്പട്ടിൽ കൂടി തിരമാലപോലെ സഞ്ചരിക്കുന്നു. കാർപട്ടാളം ഒന്നിച്ചിളകുന്നതിനുള്ള പുരോഗാമികളാണ് ഈ ചില്ലറമേഘങ്ങൾ. ഫുട്ബാൾകളിയിൽ മുമ്പിട്ടുനില്ക്കുന്നവർ (Forwards) പന്തെങ്ങാനും തട്ടിക്കഴിയുമ്പോൾ കളിക്കാരെല്ലാം ഒന്നിച്ചിളകിത്തുടങ്ങുംപോലെയാണെന്നു പറയാം. ഈ മേഘമാലകൾ മണിക്കൂറിൽ ഇരുപതുമുതൽ അമ്പതു മൈൽവരെ വേഗത്തിൽ സഞ്ചരിക്കുന്നു. അവ തലയ്ക്കുമീതെ വരുമ്പോൾ കാററിൻെറ ഗതി മാറിവീഴുന്നു. അതുവരെ ഉൾപ്രവേശിച്ചുകൊണ്ടിരുന്ന കാററ് പുറത്തോട്ടു വീശിത്തുടങ്ങുന്നു. അപ്പോൾ മുടലുള്ളപ്പോൾ ഉണ്ടായിരുന്ന ഉരുക്കം പോയി, നല്ല സുഖമായ തണുപ്പു തോന്നും. കോൾ വരുന്നതോടുകൂടി ഭാരമാനക്കുഴൽ ഒരിഞ്ചിൻെറ 20/1 ഭാഗം ഏറുന്നു. അപ്പോൾ മഴ വീഴുന്നു; മിന്നൽ പുളച്ച് കണ്ണു മഞ്ചിക്കുന്നു. തലയ്ക്കുമീതെ ഇടി ഭയങ്കരമായി മുഴങ്ങുന്നു. ഈ കോലാഹലങ്ങളോടും ആഘോഷങ്ങളോടും കൂടി ദേവേന്ദ്രൻെറ (ഇന്ദ്രവാഹനങ്ങളാണ് മേഘങ്ങളെന്നു പ്രസിദ്ധം) എഴുന്നള്ളത്തു പോയിക്കഴിഞ്ഞാൽ, ആകാശം പഴയപടി തെളിയുന്നു. ഉഷ്ണം കുറഞ്ഞിരിക്കുമെന്നൊരു മെച്ചമുണ്ട്. ഒരു തോക്കിൻെറ കാഞ്ചി വലിച്ചു വെടി തീർന്നാലുടൻ പിന്നോക്കം അതു ഇടിക്കുംപോലെയാണ്, അശനിവാത്യയുടെ മുന്നോട്ടുള്ള പാച്ചിൽ തീർന്നാലുടനെ പിന്നോട്ടുള്ള കാററിൻെറ തള്ളലുണ്ടാ

കുന്നതെന്നു ധരിക്കണം. മേൽക്കാററിൻെറ ഗതിയനുസരിച്ച് അശനിവാത്യ സഞ്ചരിക്കുന്നെങ്കിലും, മുൻഭാഗത്തുണ്ടാകുന്ന പുറന്തള്ളൽ അതിന്നെതിരായി ചലിക്കുന്നു അതുകൊണ്ടാണ് കാററിനു വിപരീതമായിട്ടാണ് അശനിവാത്യയുടെ പോക്കെന്നു തോന്നുന്നത്.

അശനിവാത്യകൾ രണ്ടു തരമുണ്ട്. ഒന്ന് ഭൂമദ്ധ്യരേഖാപ്രദേശങ്ങളിൽ ഉയൎന്ന മലകളുടെ മുകളിലുണ്ടാകുന്നവ; മറേറതു് തൂപ്പാൻവാത്യകളോടു ചേൎന്നുണ്ടാകുന്നവ. രണ്ടിനും ആവി നിറഞ്ഞു് ഉഷ്ണിച്ച വായുവിൻെറ മേലോട്ടുള്ള പ്രാപണം (Convection) തന്നെയാണു കാരണം. ആദ്യത്തേതു്, പകൽ അതതു ദിക്കിലുണ്ടാകുന്ന ചൂടുവരുന്നതും, മറേറതു്, പുറദിക്കിൽനിന്നു വരുന്നതുമാണെന്നു വ്യത്യാസമുണ്ട്. ദേശീയങ്ങളായ അശനിവാത്യകളിൽ കാർമേഘം ആയിരം മുതൽ മുപ്പതിനായിരം അടിവരെ ഒററയ്ക്കു പരന്നു കിടക്കും. വാത്യയുടെ ശക്തിനിലച്ചുകഴിഞ്ഞാൽ മേഘം വലിയ അടകല്ലുപോലെ (Anvil) എല്ലാടത്തുമായി പരന്നുകിടക്കുന്നു. തൂപ്പാൻ സംബന്ധിച്ചുണ്ടാകുന്ന അശനിവാത്യകൾക്ക് അവിടവിടെയുള്ള ആതപോഷ്ണമല്ല കാരണം. ഈ മാതിരി വാത്യകൾ വൎഷക്കാലത്തു രാത്രിയിലാണുണ്ടാകാറുള്ളതു്. ഘൂൎണ്ണവാതങ്ങളെപ്പോലെ അവ കിഴക്കോട്ടാണ് പായുന്നതും. ആ വാത്യയുണ്ടായാൽ തെക്കുപടിഞ്ഞാറോ വടക്കുപടിഞ്ഞാറോ തൂപ്പാൻമഹാവാത്യയുടെ കേന്ദ്രമുണ്ടെന്ന് ഊഹിക്കണം.

മിന്നൽപിണരിൽ ഇത്ര ഭയങ്കരമായ വിദ്യുച്ഛക്തിസമ്മേളനമുണ്ടാകുന്നതെങ്ങനെയെന്ന് അറിയാൻ നിങ്ങൾക്കു കൌതുകമുണ്ടാകാതിരിക്കയില്ല. വിദ്യുച്ഛക്തി രണ്ടു തരമാണ്, ധനശക്തിയും (Positive) ഋണശക്തിയും (Negative); ഒന്നിനൊന്നു വിപരീതങ്ങളാണ്; ധനശക്തിയെ ഋണശക്തി നശിപ്പിക്കും; അതായതു് രണ്ടും ചേരുമ്പോൾ സമസ്ഥിതി (Neutralise) വരും. അന്തരിക്ഷത്തിൽ സൎവ്വദാ ഏതാനും ധനവിദ്യുച്ഛക്തിയുണ്ട്; ഭൂമിയിൽ ഋണശക്തിയും. മിന്നലിൽ പ്രത്യക്ഷപ്പെടുന്ന അതിയായ വിദ്യുച്ഛക്തിക്കു കാരണം, ധനശക്തിയുടെ പരിമാണത്തിലുള്ള (Quantity) ആവി നിറഞ്ഞ വായു ഉയൎന്നുണ്ടാകുന്ന ഗോപുരമുകിലുകൾ (Cumulus) ഘനീഭവിച്ച് നീൎത്തുള്ളികളാകുമ്പോൾ ഉണ്ടാകുന്ന കൎമ്മോപപന്നമായ (Potential), എന്നു വച്ചാൽ പ്രവൃത്തിയായി പരിണമിക്കാൻ സന്നദ്ധമായ, വിദ്യുദ്ധംഘാതവുമാകുന്നു. ഈ സംഗതി ഒന്നുകൂടി വിവരിച്ചു പറയാം. ഒരു മഴത്തുള്ളി അനവധി ചെറുതുള്ളികൾ ചേൎന്നതാണെന്ന് ഇതിനു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. ഓരോ ചെറുതുള്ളിയും ചേരുമ്പോൾ അതിൽ അന്തർഭൂതമായിരുന്ന വിദ്യുച്ഛക്തിയും ചേരുന്നു. രണ്ടു കുളങ്ങൾ ഒന്നിച്ചുചേരുന്ന ഗോളത്തിന് രണ്ടിൻെറയും ക്ര

ടിയുള്ള വ്യാസമില്ലെന്നുള്ള സംഗതി പ്രത്യക്ഷത്തിൽ കാണാവുന്നതാണ്. അപ്പോൾ അനവധി ചെറുതുള്ളികളിലുണ്ടായിരുന്ന ശക്തിയെല്ലാം കൂടി ഒരു മഴത്തുള്ളിയിൽ ചേരുമ്പോൾ വ്യാപിക്കാനുള്ള സ്ഥലം ചുരുങ്ങുന്നു. സ്ഥലം കുറയുന്തോറും ശക്തിയുടെ ഊക്കം വർദ്ധിക്കുന്നു; എന്നുവച്ചാൽ വിദ്യുച്ഛക്തിയുടെ സാന്ദ്രത (Density) കൂടുന്നു. ഒരു മഴത്തുള്ളിയിൽ മുന്നൂറു ദശപരാർദ്ധം (Three hundred trillions) ചെറുതുള്ളികൾ ചേരുന്നുണ്ട്. ഒരു ദശപരാർദ്ധമെന്നു പറയുന്നത് പത്തൊൻപതു സ്ഥാനമുള്ള സംഖ്യയാണ് അക്കത്തിൽ 1000,000,000,000,000,000= പതിനായിരം കോടി കോടിയാകുന്നു. ഇത്രയും പൊടിത്തുള്ളികൾക്കുള്ള വ്യാസം ഒരിഞ്ചിന്റെ എണ്ണൂറു ലക്ഷത്തിൽ ഒരു ഭാഗം മാത്രമേ വരുന്നുള്ളൂ. അപ്പോൾ ഒരു മഴത്തുള്ളിയിലുള്ള വിദ്യുച്ഛക്തിയുടെ പ്രവർത്തനശക്തി ഒരു പൊടിത്തുള്ളികളുള്ളതിൽ അമ്പതുലക്ഷം കോടി (50 Bllións)മടങ്ങു കൂടുമല്ലൊ. ഇങ്ങിനെ എത്ര മഴത്തുള്ളികളുണ്ട്! ഇതെല്ലാം കണക്കുകൂട്ടാൻ അസാദ്ധ്യമാണ്. വിദ്യുച്ഛക്തി എത്രമാത്രം കൂടിവരുന്നുണ്ടെന്ന് ഇതുകൊണ്ടൊരു ഗണനയുണ്ടായാൽ മതി.

അശനിവാത്യകളുണ്ടാകുമ്പോൾ പെയ്യുന്ന മഹാവാത്യയിൽ കുററമാണോ ഇത്ര വലിയ ശക്തിയേറിയ മിന്നൽ ഉണ്ടാകുന്നത്? തദ്ധിലോഘാതം കൊണ്ട് ലോകത്തിലുണ്ടാകുന്ന നാശം ചില്ലറയല്ല. അമേരിക്കയിൽ മാത്രം ഏപ്രിൽ മുതൽ സപ്തംബറിനകം ആണ്ടുതോറും ഇരുന്നൂററിഅമ്പതിൽ കുറയാതെ ആളുകൾ ഇടിവെട്ടി മരിക്കാറുണ്ടത്രെ! ഇടി വീഴാതിരിക്കുന്നതിനു മിന്നൽകമ്പി (Lightning conductor) വയ്ക്കാറുണ്ടല്ലൊ. ധനശക്തിയുടേയും ഋണശക്തിയുടേയും സാമരസ്യം(Equalisation)ഇല്ലാതെ വരുമ്പോഴാണ് ഇടത്തീ വീഴുന്നത്. രണ്ടും സമമാകുമ്പോൾ ആപത്തൊന്നുമില്ല. ഭൂമിയിൽ വെള്ളത്തിൽ സ്ഥാപിക്കുന്ന മിന്നൽ കമ്പിവഴി ഭൂമിയിലുള്ള ഋണശക്തിയെ മേലോട്ട് ഉയർത്തി അന്തരിക്ഷത്തിലുള്ള ധനശക്തിയോടു സമീകരിക്കയാണു ചെയ്യുന്നത്. സാധാരണ ആളുകൾ ധരിച്ചിരിക്കുമ്പോലെ ആകാശത്തുള്ള മിന്നലിനെ കമ്പിവഴി ഭൂമിയിൽ കൊണ്ടു താഴ്ത്തുകയല്ല മിന്നൽകമ്പി ചെയ്യുന്നത്. മേഘങ്ങളിലാണ് വിദ്യുച്ഛക്തി ഇരിക്കുന്നതെന്നും അവതമ്മിൽ കൂട്ടിമുട്ടുന്നതുകൊണ്ടാണ് മിന്നലും ഇടിയും ഉണ്ടാകുന്നതെന്നുമുള്ള പാമരജനബോധം അകററാനാണ് ഇത്രയും പറഞ്ഞത്. മഴക്കാർ ഇല്ലാത്ത സമയങ്ങളിലും ഭൂമിയും അന്തരിക്ഷവും തമ്മിൽ വിദ്യുച്ഛക്തിക്ക് സ്ഥിതിഭേദമുണ്ടാവാം. അപ്പോൾ ഇടിമുഴക്കവും കേൾക്കാം.

മിന്നൽ പലതരമുണ്ട്. ചിലപ്പോൾ അത് ഒരു മേഘത്തിൽ നി

ന്നു മറ്റൊന്നിലേയ്ക്കു് പല വാക്കായി പുളഞ്ഞു പായുന്നതു കാണാം. ഈ വക മിന്നൽ തുലോം അകലെയുണ്ടാകുന്നവയാകയാൽ ഭൂമിയെ സ്പർശിക്കുന്നില്ല. ഉഷ്ണമേഖലയിലാണു് ഈ മാതിരി മിന്നൽ സാധാരണയുണ്ടാകുന്നതു്. കൊണ്ടുപിടിച്ച മിന്നലും അശനിവാതവും ആകാശത്തിലുണ്ടാകുന്നതു് ഭൂമിയിൽ നിന്നു നമുക്കു് കണ്ടു രസിക്കാം. അങ്ങനെയല്ല ഉഷ്ണാൻമഹാവാത്യയോടു കൂടിയുണ്ടാകുന്ന മിന്നൽ. അതു് ഭൂമിയിൽ തട്ടുന്നു. വർഷകാലത്തുള്ളതും അതേപോലെതന്നെ. കണ്ണു മഞ്ചിക്കുന്നവയും അമ്പുകൾ പോലെ പാഞ്ഞു വരുന്നവയുമാണു് ഈ വക കൊള്ളിയാൻ. പെട്ടെന്നു് കാതു പൊട്ടിക്കുമാറു് ഇടിയുമുണ്ടാകും. മേഘങ്ങൾ തട്ടിയല്ല, വെടിമരുന്നു് കതിനയ്ക്കുള്ളിൽ നിറച്ചു തീകൊളുത്തിയാലുണ്ടാകുന്ന വെടിപോലെയാണു ഇടി പൊട്ടുന്നതു്. വാതകമായ (Gas) സാധനം അല്പദേശവ്യാപ്തമായിരിക്കവേ, പെട്ടെന്നു തീപിടിച്ചു് ചൂടായി പ്രസരിക്കുമ്പോൾ (Expand) ഉണ്ടാകുന്നതാണു് ശബ്ദം. ഇടിവെട്ടി മരങ്ങളും കെട്ടിടങ്ങളും നശിക്കുന്നതിനു കാരണം, വിദ്യുച്ഛക്തിയുടെ ആഘാതത്തെ താങ്ങാനുള്ള (Conduct) ശക്തിക്കുറവാകുന്നു. നിർവ്വാഹ്യത (Conductivity), എന്നുവച്ചാൽ ശക്തിപ്രസരണം വഹിച്ചുകൊണ്ടു പോകുന്നതിനുള്ള പാടവമെന്നർത്ഥം; ധാരാളമുള്ളതുകൊണ്ടാണു് ഇടി തറയിൽ വീണാൽ ഒന്നും പററാത്തതു്. മനുഷ്യൻ ഇടിവീണു ചാകുന്നതു് ചൂടിന്റെ ആധിക്യവും സിരാക്രമത്തിനു (Nervous system) പററുന്ന ഹേമവും (Shock) കൊണ്ടാകുന്നു.

ഒരു വിശേഷമാതിരി വിദ്യുത്തുണ്ടു്. മേഘങ്ങളിൽ നിന്നു് ഇറങ്ങി വരുന്ന ഗോളം പോലിരിക്കും. അതു് ആകാശത്തിൽകിടന്നു കൂത്താടുന്നതു കാണാൻ ബഹു രസമാണു്. പൊട്ടിയാൽ മാത്രം അപായമുണ്ടാകും. ഈ മാതിരി വിദ്യുത്തിനെയാണു് യക്ഷിപാച്ചിലെന്നു് ആളുകൾ കണ്ടു ഭയപ്പെടാറുള്ളതു്. ലേഡൻ ജാർ (Leyden jar) എന്ന മിന്നൽകുപ്പികളിൽ പ്രയോഗശാലകളിൽ ഈ മാതിരി വിദ്യുത്തുണ്ടാക്കി കാണിക്കാം. കപ്പലുകളുടെ പാമരങ്ങളുടെ മുകളിൽ ഇതുപോലെ ഗോളരൂപമായ വെളിച്ചം കാണാറുണ്ടു്. അതിനു് "എല്മോത്തീയ്യ്" (St. Elmo's fire) എന്നാണു് വെള്ളക്കാർ പറയാറുള്ളതു്. കൊടുങ്കാററും മഴയുമുള്ള കാലത്താണു് ഈ പന്താ ജ്വലിക്കുന്നതു്. വിദ്യുച്ഛക്തി നിറഞ്ഞ അന്തരിക്ഷത്തിൽ പാമരമുരസുമ്പോൾ ഉണ്ടാകുന്ന വെളിച്ചമാണിതു്. 14,000 അടി ഉയരമുള്ള പൈക്കക്കൊടുമുടിയിൽ (Pike's Peak) സാധാരണ വാതിൽ പിടിക്കുമ്പോൾ പോലും വിദ്യുച്ഛക്തിയേററ ഞെട്ടൽ ഉണ്ടാകുമത്രെ! മുടിയിൽ കൈവീശിയാൽ മിന്നലുമുണ്ടാകും! കാനഡാരാജ്യത്തു് വായു വരണ്ടു തണുത്തിരിക്കുമ്പോൾ ഇങ്ങനെ കാണാറുണ്ടുപോൽ.!

ഇൻഡ്യയിൽ ഇടിയും മിന്നലും ഭയങ്കരമായുണ്ടാകുന്നതു് ബങ്കാളത്തു വടക്കുപടിഞ്ഞാറൻകോള (North wester) കൊള്ളുമ്പോഴാണ്. അപ്പോൾ ഒരു മണിക്കൂറിനു മേൽ അനവരതം കൊള്ളിയാൻ മിന്നുകയും, കമ്പക്കെട്ടു കണക്കു് ഇടി വെട്ടുകയും ചെയ്യുന്നു. ആവി തിങ്ങി ഈറനായ വായുവിന്റെ മേലോട്ടുള്ള പ്രാപണം (Convection) നിമിത്തമുണ്ടാകുന്ന അതിയായ ഘനീഭാവം (Condensation) കൊണ്ടാണിങ്ങനെ സംഭവിക്കുന്നതു്. ഇതിലും ഭയങ്കരമാണ് അമേരിക്കൻ ഐക്യനാട്ടിൽ കാളറാഡോ (Colorado) എന്ന ദേശത്തുള്ള ഇടിയും മിന്നലും. അവിടെ വായു സാധാരണ വരണ്ടതാണ്. കമ്പിത്തപാലിന്റെ കമ്പി എല്ലാം മിന്നൽതട്ടി എരിഞ്ഞു [Fuse] പോകുന്നു; ഇരുമ്പുലയ്ക്കു വീഴുമ്പോലെയാണ് ഇടി വീഴുന്നതു്.

ധ്രുവമഹാർണ്ണവപ്രദേശത്തു് [Artic ocean] ഇടിയും മിന്നലുമില്ലെന്നു് ഒരു കാലത്തു വിശ്വസിച്ചിരുന്നു. അങ്ങനെയല്ല. അവിടെ ഉഷ്ണങ്ങളായ മഹാർണ്ണവരയങ്ങൾ [Ocean currents] നിമിത്തം വായുവിൽ ചൂടും ആവിയുമുണ്ടാകുന്നു. അപ്പോൾ ഇടിയും മിന്നലുമുണ്ടാകാനുള്ള പ്രവണത വായുവിനു സിദ്ധിക്കുന്നു. സ്പിററ്സ്ബർജൻ [Spitzburgen] എന്ന ദിക്കിൽ ഇടിയും മിന്നലുമുണ്ടെന്നു് സാംയാത്രികന്മാർ കണ്ടറിഞ്ഞിട്ടുണ്ട്.

# പുസ്തകാഭിപ്രായം.

## അദ്ധ്യാപനാങ്കുരം.

ഗ്രന്ഥകർത്താ:- എൻ. ശിവശങ്കരപ്പിള്ള ബി. എ, എൽ. ടി.

ഹെഡ്മാസ്റ്റർ ട്രെയിനിംഗ്സ്കൂൾ, കൊട്ടാരക്കര.

വില അറിഞ്ഞുകൂടാ.

അദ്ധ്യാപനശാസ്ത്രസംബന്ധമായ ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ വളരെ ദുർല്ലഭമായിട്ടേ കാണുന്നുള്ളു. ഉള്ളവ മിയ്ക്കതും ഇംഗ്ലീഷുഭാഷയിൽ നിന്നുമുള്ള വികൃതങ്ങളായ തർജ്ജിമകളാകകൊണ്ടു് ആശാസ്യമായ ഫലം സിദ്ധിക്കുന്നുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ചിലപ്പോൾ വ –

നക്കാക്ക് കായ്യം മനസ്സിലാക്കുവാൻ ഇംഗ്ലീഷുഗ്രന്ഥങ്ങളെത്തന്നെ ശരണീകരിക്കേണ്ടതായും വരുന്നു. ഇങ്ങിനെ സംഭവിക്കുന്നതു് അവ എഴുതുന്നവരുടെ മലയാളഭാഷാനഭിജ്ഞത കൊണ്ടാണ്. എന്നാൽ ഈ ശാസ്ത്രത്തെ സംബന്ധിച്ച് ഉത്തമങ്ങളായ അനവധി ഗ്രന്ഥങ്ങൾ ഭാഷയിൽ ഉണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കയാണ്.

"അദ്ധ്യാപനാങ്കുരം" അദ്ധ്യാപനതത്വങ്ങളെ ലളിതഭാഷയിൽ വിവരിക്കുന്ന ഒരു ലഘുശാസ്ത്രഗ്രന്ഥമാകുന്നു. അദ്ധ്യാപകഹൃദയം, ശിശുവിൻെറ വളർച്ച, വിനയം, ശിക്ഷയും സമ്മാനവും, ശ്രദ്ധയും രസവും, സ്കൂൾ വ്യവസ്ഥകൾ, അദ്ധ്യാപനതന്ത്രങ്ങൾ, അദ്ധ്യാപനവിജയം, അദ്ധ്യാപകസ്ഥൈയ്യം, സ്വാതന്ത്ര്യം, രണ്ടു ബോധനാരീതികൾ, പാഠക്കുറിപ്പ് എന്നീ വിഷയങ്ങളെപ്പററി സംക്ഷിപ്തമായും നവീനരീതിയിലും ഇതിൽ വിവരിച്ചിട്ടുണ്ട്. അദ്ധ്യാപകവൃത്തിയിൽ അദ്യമായി പ്രവേശിക്കുന്ന ചെറുപ്പക്കാക്ക് ഈ ഗ്രന്ഥം പ്രയോജനകരമായിത്തീരുമെന്നാണു തോന്നുന്നതു്. പ്രതിപാദ്യവിഷയങ്ങളല്ല, പ്രതിപാദനാരീതിയാണ് ഞങ്ങളെ കൂടുതൽ സന്തോഷിപ്പിക്കുന്നതു്.

——:)o(:——

## സാഹിത്യവിനോദം. (ഒന്നാംഭാഗം)

ഗ്രന്ഥകത്താ:- വെള്ളായ്ക്കൂൽ ഗോവിന്ദമേനോൻ.
വിക്ടോറിയ ഗറത്സ് ഹൈസ്കൂൾ, തൃശ്ശിവപേരൂർ.

വില 6 ണ.

കവിതാപാരായണക്കാക്ക് പരിചിതനായിട്ടുള്ള ശ്രീമാൻ വെള്ളായ്ക്കൂൽ ഗോവിന്ദമേനവൻെറ സംസ്കൃതവൃത്തത്തിലും ദ്രാവിഡവൃത്തത്തിലുമുള്ള 17 ലഘുകൃതികളാണ് സാഹിത്യവിനോദം ഒന്നാംഭാഗത്തിൽ അടങ്ങിയിരിക്കുന്നതു്. ഇന്നത്തെ യുവകവികളുടെ കവിതകളിൽ കാണുന്ന "അസ്പഷ്ടത" മി: മേനവൻെറ കവിതയിൽ അധികമായിക്കാണുന്നില്ല. അദ്ദേഹത്തിന് കവിതാരചനയിൽ വാസനയുണ്ടെന്ന് ഈ ചെറുപുസ്തകം തെളിയിക്കുന്നുണ്ട്.

"മഞ്ജരി"യുടെ ആദ്യത്തെ വരികളിൽ മുമ്മൂന്നക്ഷരങ്ങളുടെ അവസാനത്തിൽ യതിനില്ക്കണമെന്നാണ് സാധാരണ നിയമം. എന്നാൽ ഇന്നത്തെ കവികൾ ഈ നിയമത്തെ അത്ര ഗൌനിക്കാറില്ല. മി: മേനവനും ഈ നിയമലംഘനത്തിൽനിന്നും സ്വതന്ത്രനല്ല. തന്നിമിത്തം ചില ഭാഗങ്ങൾ ശ്രവണസുഖമില്ലാത്തവയായി തോന്നുന്നുണ്ട്.

# ഉദ്ധാരണം.

## മാസികകളും പത്രങ്ങളും മുഖേനയുള്ള അമേരിക്കയിലെ വിദ്യാഭ്യാസം.

മി: കെ. എൻ. കൈനി എം. എ. ആനന്ദ്സ് പ്രസ്തുതവിഷയത്തെപറ്റി എഡ്യൂക്കേഷനൽ റവ്യൂവിൽ ഇപ്രകാരമെഴുതിയിരിക്കുന്നു:-

പൊതുജനാഭിപ്രായരൂപവൽക്കരണത്തിലും, പൊതുജനങ്ങൾക്കു താല്പര്യമുള്ള അറിവു നൽകുന്ന വിഷയത്തിലും പാഠശാലകളെ ഒഴിച്ചാൽ, പത്രങ്ങൾക്കും മാസികകൾക്കുമാണ് അമേരിക്കയിൽ പ്രഥമസ്ഥാനമുള്ളതു്. അദ്യകാലം മുതല്ക്കുതന്നെ ഇത്തരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ വായിക്കുവാനുള്ള അഭിരുചി കുട്ടികളിൽ ഉണ്ടാക്കുന്നു. ഒന്നാംക്ലാസ്സു മുതല്ക്കുള്ള കുട്ടികൾക്ക് യോജിച്ചിട്ടുള്ളതും അവക്കു താല്പര്യമുള്ളതുമായ വിഷയങ്ങളെപ്പററി ലളിതമായ ഭാഷയിൽ പ്രതിപാദിക്കുന്ന വളരെ പത്രങ്ങൾ അമേരിക്കയിലുണ്ടു്. ഓരോവിഷയത്തിന്റെയും അവസാനത്തിൽ "ഉണ്ടു്," "ഇല്ല" "അറിയാം," "അറിഞ്ഞുകൂട" മുതലായ ഉത്തരങ്ങൾ ലഭിക്കത്തക്കവണ്ണം ലഘുവായ ചോദ്യങ്ങൾ ചേത്തിരിക്കും. ഇതിൽനിന്നും കുട്ടികൾക്കു തന്നെ ആ വിഷയം എത്രത്തോളം ഗ്രഹിച്ചിട്ടുണ്ടെന്നു പരിശോധിച്ചുനോക്കാവുന്നതാണ്. നിഷ്പ്രയാസമായി വായിക്കുന്നതിലുള്ള സാമത്ഥ്യത്തേയും ഇപ്രകാരം എളുപ്പത്തിൽ പരിശോധിച്ചുനോക്കാം.

അദ്ധ്യേതാക്കൾ പ്രായമാകുന്നതോടുകൂടി സാധാരണ മാസികകളിലും പത്രങ്ങളിലും അഭിരുചി പ്രദശിപ്പിക്കുന്നതിനു പഠിപ്പിക്കുന്നുണ്ടു്. ഓരോ ക്ലാസിലുമുള്ള നോട്ടീസ് ബോർഡിൽ, കുട്ടികളുടെ മാനസികാഭിവൃദ്ധിക്കായി, പ്രതിദിനപ്പത്രങ്ങളിൽനിന്നും മാസികകളിൽ നിന്നും വെട്ടിയെടുത്ത ഭാഗങ്ങൾ ഒട്ടിച്ചുവയ്ക്കുന്നു. ഇപ്രകാരം ജ്ഞാനം സമ്പാദിക്കുന്നതിനുള്ള ശീലം അവരിലുണ്ടാക്കുകയും സ്വാശ്രയശക്തിയെ വളത്തുകയും ചെയ്യുന്നു. അവർ പ്രായമായാൽ ഈ ശീലം തുടൻകൊണ്ടുപോകുന്നതല്ലാതെ ഉപേക്ഷിക്കയില്ല. അമേരിക്കയിൽ അക്ഷരജ്ഞാനമുള്ളവരുടെ സംഖ്യ വിസ്തൃതമായിരിക്കുന്നതുകൊണ്ടു് പത്രവായനക്കാരുടെ അഭിവൃദ്ധി അത്ഭുതാവഹം തന്നെയാണ്. ഓരോ ചെറിയ നഗരത്തിനുപോലും സ്വന്തം പത്രങ്ങളുമുണ്ടു്. പ്രാഥമികപാഠശാലകളിലും ഹൈസ്ക്കൂളുകളിലും മാസികകളും ഉണ്ടു്. സവ്വകലാശാലാവിദ്യാത്ഥികൾക്ക് പ്രതിദിന

ച്ചത്തും നടത്തുന്നതിനും അവയിൽ വർത്തമാനങ്ങളും സർവകലാശാലയുടെ ജോലിയെ സംബന്ധിച്ച വിമർശനങ്ങളും പ്രസിദ്ധീകരിക്കുന്നതിനും വേണ്ട സൗകര്യം നൽകിവരുന്നു.

പന്ത്രണ്ടു കോടി ജനങ്ങൾ അധിവസിക്കുന്ന ആ രാജ്യത്ത് 22000 പ്രസിദ്ധീകരണങ്ങളുണ്ട്. അതിൽ 2000 പ്രതിദിനപത്രങ്ങളാണ്. ചിലവാകുന്ന പ്രതികൾ 4½ കോടിയുമാണ്. ഞായറാഴ്ച മാത്രം 2½ കോടി പ്രചരിക്കുന്നുണ്ട്. നല്ല പ്രതിദിനപത്രങ്ങളുടെ അഞ്ചു മുതൽ എട്ടുവരെ ലക്ഷം പ്രതികൾ ദിവസവും പ്രചരിക്കുന്നു. രാജ്യഭരണം, മതം, സമുദായ കാര്യങ്ങൾ, ധനതത്വശാസ്ത്രം, കച്ചവടം, വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം, വിവാഹം, വിനോദം മുതലായവയാണ് പ്രതിപാദനാവിഷയങ്ങൾ. പത്രപ്രവർത്തകന്മാർ നല്ല എഴുത്തുകാർക്ക് പ്രതിഫലം നൽകി ലേഖനങ്ങൾ വാങ്ങാറുണ്ട്. ഐക്യരാജ്യങ്ങളിൽ 20000 പേരാണ് ലേഖനമെഴുതുകൊണ്ടു മാത്രം ജീവിതവൃത്തി കഴിച്ചുകൂട്ടുന്നത്.

ഇന്നത്തെ പത്രങ്ങൾ പണ്ടത്തേതിനേക്കാൾ ഉത്തമങ്ങളാണ്. പത്രപ്രവർത്തകന്മാർ വിശാലഹൃദയരും വിജ്ഞാനികളുമാകുന്നു അവർക്ക് സമുദായത്തിൽ ഉന്നതസ്ഥാനമുണ്ടെന്നു മാത്രമല്ല, പൊതുജനാഭിപ്രായത്തെ അവർ രൂപവൽക്കരിക്കയും ചെയ്യുന്നു. പത്രപ്രവർത്തനത്തിൻെറ പ്രാധാന്യം കൊണ്ട്, അതു പഠിപ്പിക്കുന്നതിനായി പ്രത്യേകപാഠശാലകൾ ആരംഭിച്ചിരിക്കുന്നു. വിദ്യാഭ്യാസപ്രവർത്തകന് ഏതു തരത്തിലുള്ള പ്രസിദ്ധീകരണവും പ്രാധാന്യമർഹിക്കുന്നതാണെങ്കിലും വിദ്യാഭ്യാസവിഷയത്തെ സംബന്ധിച്ചു മാത്രം നടത്തിവരുന്നവ അതിപ്രധാനങ്ങളായിട്ടുള്ളവയാണല്ലോ. വിദ്യാഭ്യാസസംബന്ധമായ അനേകായിരം ഉൽകൃഷ്ടമാസികകൾ അമേരിക്കയിലുണ്ട്.

കുടുംബോപകരണങ്ങൾ, ഭക്ഷണപദാർത്ഥങ്ങൾ, വ്യവസായസാധനങ്ങൾ മുതലായവയുടെ പരസ്യങ്ങൾമൂലം പൊതുജനങ്ങൾ പലസംഗതികളും അറിയുന്നു. നല്ലപത്രങ്ങളും മാസികകളും പരസ്യപദാർത്ഥം പരിശോധിച്ചുനോക്കാതെ പരസ്യങ്ങൾ സ്വീകരിക്കയില്ല. അതുകൊണ്ട് കൂടുതൽ പൊതുജനങ്ങൾക്കു വിശ്വസിക്കാം. തന്നിമിത്തം നല്ലനല്ല സാധനങ്ങൾ ഉണ്ടാക്കുന്നതിനുള്ള അഭിരുചി കൂടിക്കൂടി വരുന്നു. സാധുജനങ്ങൾക്കുപോലും നല്ല ഭക്ഷണവും നല്ല സാധനങ്ങളും ലഭിക്കുന്നുണ്ട്. പരസ്യവൃത്തി അന്തസ്സും ആദായവുമുള്ള ഒരു ജോലിയായിട്ടാണ് അമേരിക്കർ വിചാരിക്കുന്നത്. നല്ല പരസ്യം അതിൻെറ നിലയിൽ ഒരുതരം വിദ്യാഭ്യാസം തന്നെയാകുന്നു.